**KOTTAYAM PUBLIC LIBRARY**

Call No M 294 Acc. No 38083

Author [illegible] സരസ്വതി

Title സംഗീത [illegible]

1054


**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

**Calling Urgent Attention**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

**Secretary**

ഓം

# സനൽസുജാതീയം

മഹാഭാരതം-ഉദ്യോഗപർവ്വം 42 മുതൽ 46 കൂടിയ
അദ്ധ്യായങ്ങളിലെ വേദാന്തപ്രകരണം

KOTTAYAM PUBLIC LIBRARY
38083
KOTTAYAM.

ജ്ഞാനാനന്ദാശ്രമപ്രസിദ്ധീകരണം

വ്യാഖ്യാതാവ്

സ്വാമി ജ്ഞാനാനന്ദസരസ്വതി.

ഒന്നാം പതിപ്പ് കോപ്പി 500

1964 ഡിസമ്പർ.

വില 1ക.

തൃശ്ശിവപേരൂർ

ഗീതാ പ്രസ്സിൽ അച്ചടിച്ചതു്.

# മുഖവുര

അനേകമനേകം തത്വരത്നങ്ങളുടെ രത്നാകരമാണു് മഹാഭാരതം. ഭഗവൽഗീത, അനുഗീത, സനൽസുജാതീയം, വിദുരവാക്യം എന്നിവ അവയിൽവെച്ചു പ്രസിദ്ധങ്ങളും അമൂല്യങ്ങളുമായ രത്നങ്ങളുമാണു്. ഉദ്യോഗപവ്വത്തിൽ നാല്പത്തിരണ്ടുമുതൽ നാല്പത്താറുകൂടിയ അഞ്ചദ്ധ്യായങ്ങളിലായിട്ടാണു് 'സനൽസുജാതീയ'മെന്ന പ്രൌഢമായ വേദാന്തപ്രകരണം നിബന്ധിക്കപ്പെട്ടിരിക്കുന്നതു്. സനൽസുജാതമഹഷി ഒരു ദിവസം നിശീഥിനിയുടെ ഏകാന്തതയിൽവെച്ചു ധൃതരാഷ്ട്രമഹാരാജാവിന്നുപദേശിച്ചുകൊടുക്കുന്നതാണു് പ്രകൃതം.

പാണ്ഡവസന്നിധിയിൽനിന്നു തൻെറ ദൌത്യം കഴിഞ്ഞു മടങ്ങിവന്ന സഞ്ജയനോടു് വത്തമാനങ്ങഠം വിസ്തരിച്ചു പറയാനാവശ്യപ്പെട്ട ധൃതരാഷ്ട്രമഹാരാജാവു്. യാത്രകൊണ്ടു തനിക്കു ക്ഷീണവും തളച്ച്യുമുണ്ടെന്നും അതിനാൽ പിറേറന്നു രാജസഭയിൽവെച്ചു വത്തമാനങ്ങഠം വിസ്തരിച്ചു പറയാമെന്നും, തൽക്കാലം വിശ്രമിക്കാനനുവാദം തരണമെന്നുമപേക്ഷിക്കയാണപ്പോഠം സഞ്ജയൻ ചെയ്തതു്. മഹാരാജാവിൻെറ അനുവാദം കിട്ടിയതോടെ സഞ്ജയൻ കിടന്നുറങ്ങാൻ പോയി. സഞ്ജയനെ പറഞ്ഞയച്ചുവെങ്കിലും മഹാരാജാവിൻെറ മനസ്സിന്നു തീരെ ശാന്തി കിട്ടിയില്ല. ഹൃദ്യമായിരിക്കുന്ന വത്തമാ

നമായിരിക്കില്ല സഞ്ജയൻെറ മുഖത്തിൽനിന്നു കേൾക്കാൻപോവുന്നതെന്നദ്ദേഹത്തിനറിയാം. എന്നാൽ അതെത്രമാത്രം കഠിനവും ആപൽക്കരവുമായിരിക്കുമെന്നേ സംശയിക്കുന്നുള്ളൂ. ദുർവ്വൃത്തന്മാരും അധർമ്മികളുമായ പുത്രന്മാരുടെ ദുർന്നയംകൊണ്ടും ദുഷ്കർമ്മങ്ങളെക്കൊണ്ടും വളൎന്നു വികസിച്ചു പൊട്ടാറായിക്കഴിഞ്ഞ ആപദഗ്നിപർവ്വതത്തിൻെറ താഴ്വരയിലാണു് താനും കുടുംബവുമിരിക്കുന്നതെന്നദ്ദേഹത്തിനു തോന്നി. അതു കാരണത്താൽ മനസ്സു പ്രക്ഷുബ്ധവും പരിഭ്രാന്തവുമായി. എന്തു ചെയ്തിട്ടും അദ്ദേഹത്തിന്നു സമാധാനം കിട്ടിയില്ല. അപ്പോൾ വിദുരനെ വിളിച്ചു തൻെറ പ്രക്ഷുബ്ധമായ മനസ്സിന്നു സമാധാനം കിട്ടത്തക്ക നിലയിൽ ധർമ്മവാക്യങ്ങളെ ഉപദേശിക്കാനാവശ്യപ്പെട്ടു.

വിദുരൻ ധർമ്മത്തിൻെറ പല വശങ്ങളേയും വേണ്ടത്ര വിശകലനംചെയ്തു രാജാവിനെ ബോധിപ്പിച്ചു. ആത്മതത്വത്തെക്കുറിച്ചും സാമാന്യമായി പലതും വിദുരനുപദേശിച്ചു. പക്ഷെ അതുകൊണ്ടൊന്നും രാജാവിന്നു വേണ്ടത്ര സമാധാനം കിട്ടിയില്ല. അർദ്ധരാത്രി കഴിഞ്ഞിട്ടും അദ്ദേഹത്തിനുറങ്ങാൻ കഴിഞ്ഞില്ല. അപ്പോൾ വിദുരൻതന്നെയാണു് സനൽസുജാതമഹർഷിയെ സ്മരിച്ചതു്. അദ്ദേഹം പെട്ടെന്നവിടെ പ്രത്യക്ഷപ്പെട്ടു. വിജനമായ ആ ഏകാന്തതയിൽവെച്ചാണു് സനൽസുജാതമഹർഷി ധൃതരാഷ്ട്രരാജാവിനെ ഉപദേശിക്കുന്നതു്.

മൃത്യുവാണു് മനുഷ്യനേററവും ഭയങ്കരമായ ആപത്തു്. ജനനംമുതൽ മരണത്തെ ഭയപ്പെടാൻ തുട

ങ്ങുന്നു. വാസ്തവത്തിൽ മരണം ഉള്ളതോ, ഇല്ലാത്തതോ? ഉള്ളതാണെങ്കിൽ അതിനെ നീക്കി രക്ഷപ്പെടാൻ പററുമോ? പററുമെങ്കിൽ എന്തുകൊണ്ടു്; കമ്മംകൊണ്ടോ അഥവാ ജ്ഞാനംകൊണ്ടോ? ഇല്ലാത്തതാണു് മരണമെങ്കിൽപ്പിന്നെ എല്ലാവരും അതിനെ ഭയപ്പെടുന്നതെന്തിനു്? എന്നിങ്ങനെയുള്ള പ്രൌഢങ്ങളായ ചോദ്യങ്ങളാണു് ധൃതരാഷ്ട്രനാദ്യംതന്നെ ചോദിക്കുന്നതു്. അതിനെത്തുടൎന്നു വേദാന്തശാസ്ത്രത്തിലെ മമ്മപ്രധാനങ്ങളായ അനവധി കാര്യങ്ങഠം ഈ പ്രകരണത്തിൽ വളരെ ഭംഗിയായും നിസ്സംശയരൂപേണയും പ്രതിപാദിക്കുന്നുണ്ടു്. തികഞ്ഞ ജിജ്ഞാസുവായ ഒരു സാധകനു് എത്ര വലിയ കാൎയ്യമാണീ പ്രകരണമെന്നു പറയാൻ വയ്യാ. നിസ്സംശയമായ ആത്മജ്ഞാനത്തിന്നു വെമ്പുന്നവൎക്കൊരു 'നിധി' തന്നെയാണു് സനൽസുജാതീയമെന്ന ഈ പ്രകരണം.

ശ്രീശങ്കരാചാര്യർ തുടങ്ങിയ ആചാൎയ്യവരിഷ്ഠന്മാർ പോലും സനൽസുജാതീയത്തിൽ . കൈ വെച്ചിട്ടുണ്ടു്. ആചാൎയ്യസ്വാമികളുടെ സനൽസുജാതീയഭാഷ്യം പ്രസിദ്ധമാണു്. മലയാളത്തിലും ഈ പ്രകരണത്തെ പലരും വ്യാഖ്യാനിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ആചാൎയ്യന്മാരുടെ ഭാഷ്യങ്ങളോടോ, പണ്ഡിതന്മാരുടെ മലയാളവ്യാഖ്യാനങ്ങളോടോ ഒരുപ്രകാരത്തിലും കിടപിടിക്കാവുന്ന ഒന്നല്ല ഞങ്ങളുടെ ഈ പുതിയ പ്രസിദ്ധീകരണം. ശ്ലോകം വായിക്കുമ്പോഠം തോന്നുന്ന ഒരു ചുരുങ്ങിയ താല്പൎയ്യംമാത്രമേ ഞങ്ങളിതിൽ ചേൎത്തിട്ടുള്ളു. അതും വേണ്ടത്ര ഭംഗിയായിട്ടുണ്ടോ എന്നു വായനക്കാരാ

ണ്ട് തീർപ്പെടുത്തേണ്ടതു്. എന്നാൽ പ്രകരണത്തിൻെറ മാഹാത്മ്യംകൊണ്ടും, ഉപദേഷ്ടാവായ സനൽസുജാതമഹർഷിയുടെ ദിവ്യത്വംകൊണ്ടും ഈ നിലയിലുള്ള ഞങ്ങളുടെ എളിയ പരിശ്രമംകൂടി സാധകന്മാൎക്കുപയോഗപ്പെടുന്നുവെങ്കിൽ ഞങ്ങൾ ചരിതാൎത്ഥരായി.

ജ്ഞാനാനന്ദാശ്രമം,
16-11-1964.

വ്യാഖ്യാതാവ്.

# സനൽസുജാതീയം

## അദ്ധ്യായം 42

വൈശമ്പായന ഉവാച:—

തതോ രാജാ ധൃതരാഷ്ട്രോ മനീഷീ
സംപൂജ്യ വാക്യം വിദുരേരിതം തൽ
സനൽസുജാതം രഹിതേ മഹാത്മാ
പപ്രച്ഛ ബുദ്ധിം പരമാം ബുഭൂഷൻ. 1

സാരം:—അനന്തരം—വിദുരൻെറ ധമ്മവാക്യപ്രഭാഷണങ്ങളെ മുഴുവൻ കേട്ടശേഷം—ശാസ്ത്രജ്ഞാനസമ്പന്നനും ബുദ്ധിമാനും മഹാത്മാവുമായ ധൃതരാഷ്ട്രമഹാരാജാവു വിദുരൻെറ പ്രഭാഷണങ്ങളെ വളരെയധികം മാനിക്കുകയും പ്രശംസിക്കുകയും ചെയ്തു. മററൊന്നുകൊണ്ടും പണ്ടൊരിക്കലും കിട്ടീട്ടില്ലാത്ത വിജ്ഞാനസമ്പത്തു വിദുരോപദേശത്തിൽനിന്നു കിട്ടിയതായി അദ്ദേഹത്തിന്നു ബോധ്യംവന്നു. എങ്കിലും തൻെറ പ്രജ്ഞയെ ഒന്നുകൂടി പ്രകാശിപ്പിക്കാൻവേണ്ടി വിജനസ്ഥലത്തുവെച്ചു സനൽസുജാതമഹർഷിയോടിപ്രകാരം ചോദിച്ചു.

ധൃതരാഷ്ട്ര ഉവാച—

സനൽസുജാത യദിദം ശൃണോമി
ന മൃത്യുരസ്തീതി തവ പ്രവാദം
ദേവാസുരാ ഹ്യാചരൻ ബ്രഹ്മചര്യം
അമൃത്യവേ തൽ കതരന്നു സത്യം? 2

സാരം:—ധൃതരാഷ്ട്രരാജാവു ചോദിക്കയാണു്. അല്ലയോ സനൽസുജാതമഹർഷേ, മൃത്യുവെന്ന ഒന്നില്ലെന്നു അങ്ങു പ്രഖ്യാപിച്ചതായി വിദുരാദികളുടെ മുഖത്തിൽ നിന്നു് എനിക്കു കേൾക്കാൻ സാധിച്ചു. ജനനമരണാകാരമായ സംസാരത്തിൽ എത്രയോ ജീവന്മാർ തപിക്കുന്നതായി നാം പ്രത്യക്ഷത്തിൽ കാണുന്നു. ദേവചക്രവർത്തിയായ ഇന്ദ്രൻപോലും മൃത്യുവിൽനിന്നു രക്ഷപ്പെടാൻ വേണ്ടി ബ്രഹ്മസന്നിധിയിൽവെച്ചു് ഒരു നൂറുവർഷം കാലം ബ്രഹ്മചര്യത്തെ ആചരിച്ചുവെന്നു ശ്രുതിയിൽ പറയുന്നു. വാസ്തവത്തിൽ ഇല്ലാത്ത ഒന്നിൻെറ നിവൃത്തിക്കുവേണ്ടി ബുദ്ധിമാന്മാർപോലും പ്രയത്നിച്ചുവെന്നു പറയുന്നതു് എങ്ങനെ വിശ്വസിക്കും? വാസ്തവത്തിൽ മൃത്യു ഇല്ലാത്ത ഒന്നാണെങ്കിൽ പിന്നെ എങ്ങനെ എല്ലാവരും അനുഭവിക്കുകയും ഭയപ്പെടുകയും ചെയ്യുന്നു? അല്ല, മൃത്യു ഓരോരുത്തരും അനുഭവിക്കേണ്ടതാണെങ്കിൽ പിന്നെ അങ്ങെങ്ങനെ ഇല്ലാത്തതാണെന്നു പറഞ്ഞു? എന്താണിതിൻെറ പരമാൎത്ഥാവസ്ഥ?

സനൽസുജാത ഉവാച—

ആപൃച്ഛ്യഃ കൎമ്മണാ യച്ച
മൃത്യുൎന്നാസ്തീതി ചാപരം
ശൃണു മേ ബ്രുവതോ രാജൻ,
യഥൈതന്മാ വിശങ്കിഥാഃ 3

സാരം:-ധൃതരാഷ്ട്രമഹാരാജാവിന്റെ ചോദ്യത്തിന്നു സനൽസുജാതമഹർഷി മറുപടി പറയാൻ തുടങ്ങി: രാജാവേ, നൂറുകൊല്ലക്കാലം ബ്രഹ്മചര്യദീക്ഷയെച്ചെയ്തു് ഇന്ദ്രൻ മൃത്യുവിൽനിന്നു രക്ഷപ്പെട്ടുവെന്നു് അങ്ങുതന്നെ പറഞ്ഞുവല്ലോ. കൂടാതെ മൃത്യുവിൽനിന്നു രക്ഷപ്പെടാനുള്ള പ്രയത്നം ലോകത്തിൽ എല്ലായിടത്തും കണ്ടുവരുന്നുമുണ്ടു്. ചില സാധനങ്ങളെക്കൊണ്ടു മൃത്യുവിനെ നീക്കാൻ കഴിയുമെന്നാണല്ലോ അതു കാണിക്കുന്നതു്. സത്യമാണു് മൃത്യുവെങ്കിൽ ഒന്നുകൊണ്ടും നീക്കാൻ കഴിയാത്തതായിരിക്കയില്ലേ? അതിനാൽ സത്യമല്ല മൃത്യുവെന്നു് അമൃതത്വപ്രയത്നങ്ങൾതന്നെ വെളിവാക്കുന്നു. മൃത്യുവെന്നൊന്നില്ലാത്തതാണെന്നാണു് ഞാനും പറഞ്ഞതു്. ഈ രണ്ടഭിപ്രായങ്ങളും തമ്മിൽ വളരെ വ്യത്യാസമൊന്നുമില്ല. രണ്ടും ഒന്നുതന്നെയാണു്.

ഉഭേ സത്യേ ക്ഷത്രിയൈതസ്യ വിദ്ധി
മോഹാന്മൃത്യുഃ സമ്മതോയം കവീനാം
പ്രമാദം വൈ മൃത്യുമഹം ബ്രവീമി
തഥാഽപ്രമാദമമൃതത്വം ബ്രവീമി. 4

സാരം:—ഹേ ക്ഷത്രിയ, രണ്ടു പക്ഷങ്ങളും ശരിതന്നെയാണു്.—ക്ഷത്രിയശബ്ദംകൊണ്ടു ദൃഢജ്ഞാനാഭാവം വ്യഞ്ജിപ്പിച്ചിരിക്കുന്നു—അവസ്ഥാവിശേഷമാണു് രണ്ടിന്നും ഹേതു. അജ്ഞാനാവസ്ഥയിൽ ബന്ധമോക്ഷങ്ങൾ സത്യങ്ങളാണു്. എന്നാൽ ജ്ഞാനികളുടെ ദൃഷ്ടിയിൽ കർമ്മനാശവും മോക്ഷവുമൊക്കെ രജ്ജുപന്നഗംപോലെ മൂന്നു കാലത്തും സംഭവിക്കാത്തവയുമാണു്. മോഹമാണു്

മൃത്യുവിന്നു ഹേതുവെന്നു വിദ്വാന്മാർ പറയുന്നു. അപ്പോൾ നിർമ്മോഹന്മാർക്കു മൃത്യുവില്ലെന്നു സ്പഷ്ടമല്ലേ? പ്രമാദമാണു് മൃത്യുവെന്നാണു് ഞാൻ പറയുന്നതു്. പ്രമാദമെന്നാൽ ആത്മതത്വത്തെ അറിയായ്ക. താൻ ആരെന്നറിയായ്കയെന്നർത്ഥം. മൂലാജ്ഞാനത്തിൽ മുഴുകിക്കിടപ്പെന്നു താല്പര്യം. അതുപോലെ അപ്രമാദം—ആത്മതത്വത്തെ അറിയൽ—അമൃതത്വവുമാണെന്നാണു് ഞാൻ പറയുന്നതു്. ശ്രുതിസ്മൃതികൾക്കു് എന്റെ അഭിപ്രായം സമ്മതവുമാണു്.

പ്രമാദാദ്വൈ അസുരാഃ പരാഭവ-
ന്നപ്രമാദാൽ ബ്രഹ്മഭൂതാ ഭവന്തി
നൈവ മൃത്യുർവ്യാഘ്ര ഇവാത്തി ജന്തൂൻ
ന ഹ്യസ്യ രൂപമുപലഭ്യതേ ഹി. 5

സാരം:—സ്വരൂപവിസ്മൃതിയാകുന്ന പ്രമാദംകൊണ്ടു ജീവന്മാർ അസുരന്മാരായിത്തീരുന്നു. ഇന്ദ്രിയങ്ങളും വിഷയങ്ങളും തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന അനുഭവത്തിൽ രമിക്കുന്നവരെന്നാണു് അസുരന്മാരെന്ന ശബ്ദത്തിനർത്ഥം. വിഷയേന്ദ്രിയസംഘട്ടനമുണ്ടാവുമ്പോൾ രാഗാദിവികാരങ്ങളുണ്ടാവാതിരിക്കാൻ വയ്യ. അതിനാൽ രാഗം, ഭയം, വ്യസനം, ക്രോധം തുടങ്ങിയ വികാരങ്ങളുള്ളവരും വിഷയങ്ങളിൽ രമിക്കുന്നവരുമെന്നർത്ഥം. അവരെയാണു് അസുരന്മാരെന്നു പറയുന്നതു്. ബ്രഹ്മവിസ്മൃതിയാണു് അസുരത്വം സംഭവിക്കാൻ കാരണം. അവരെ മൃത്യു ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അവർക്കും പ്രമാദം നീങ്ങി അസുരത്വം നഷ്ടപ്പെടുമ്പോൾ സ്വരൂപ

സ്മൃതിയുണ്ടാകും. തങ്ങൾ മുമ്പു ബ്രഹ്മമായിരുന്നുവെന്നും അവിദ്യാവേശംകൊണ്ടു വിസ്മൃതി വന്നതാണെന്നും ബോദ്ധ്യംവന്നു വീണ്ടും ബ്രഹ്മമായിത്തീരുന്നു. അപ്പോൾ മൃത്യുവെ അതിവർത്തിച്ച് അമൃതസ്വരൂപന്മാരാവുകയും ചെയ്യുന്നു. മരണം അല്ലെങ്കിൽ അജ്ഞാനം ജീവികളെ ആക്രമിക്കാറുണ്ടെങ്കിലും അതു് അനുഭവമാത്രമാണു്. വ്യാഘ്രത്തെപ്പോലെയോ മറേറാ കാണത്തക്ക സ്വരൂപമല്ല. അതിനാൽ കാണത്തക്കതല്ല, അനുഭവിക്കത്തക്കതാണു്.

യമം ത്വേകേ മൃത്യുമതോഽന്യമാഹു-
രാത്മാവസന്നമമൃതം ബ്രഹ്മചര്യം
പിതൃലോകേ രാജ്യമനുശാസ്തി ദേവാ
ശിവഃ ശിവാനാമശിവോഽശിവാനാം. 6

സാരം:—അജ്ഞാനമാണു് വാസ്തവത്തിൽ മൃത്യുവിൻെറ രൂപം. ജ്ഞാനി മൃത്യുവെ പ്രാപിക്കുന്നില്ല. എന്നാൽ ചിലർ മൂഢതകൊണ്ടു് അജ്ഞാനമല്ല, യമനാണു് മൃത്യുവെന്നു പറയുന്നു. മാത്രമല്ല, മൃത്യു തന്നിൽത്തന്നെ ലീനമായിരിക്കുന്നു. ജനിക്കുമ്പോൾതന്നെ മരണം തന്നിൽ അടങ്ങിയിരിക്കുന്നുവെന്നൊക്കെപ്പറയുന്നു. വാസ്തവത്തിൽ ജനനവും മരണവും രണ്ടും അജ്ഞാനസ്വരൂപങ്ങളല്ലാതെ മറെറാന്നുമല്ല. രജ്ജുസർപ്പഭ്രമംപോലെ ഭ്രാന്തികൊണ്ടാണു് മൃത്യു തന്നിൽ അടങ്ങിയിരിക്കുന്നുവെന്നൊക്കെപ്പറയുന്നതു്. സർവ്വകല്പനാജാലങ്ങളെയും നിരസിച്ചുകൊണ്ടുള്ള ഏകാന്തബ്രഹ്മാനുസന്ധാനമാകുന്ന ബ്രഹ്മചര്യം അമൃതം അല്ലെങ്കിൽ മോക്ഷഹേതുവാണു്. അ

ത്തുകൊണ്ടുതന്നെ മൃത്യു അജ്ഞാനഭ്രാന്തിമാത്രമാണെന്നു വ്യക്തമാണല്ലോ. യോഗികൾക്കു മരണഭയമില്ലെന്നു ള്ളതും അതിന്നു തെളിവാണു്. യമൻതന്നെ അജ്ഞാന കല്പനയാണെങ്കിൽ പിന്നെ പിതൃലോകത്തു് അദ്ദേഹം രാജ്യം ഭരിക്കുന്നുവെന്നും സുകൃതികൾക്കു നല്ല ഫലത്തെ യും പാപികൾക്കു ചീത്ത അനുഭവത്തെയും കൊടുക്കുന്നു വെന്നുമൊക്കെ ധരിക്കുന്നതു് മൂഢതയല്ലാതെ മററെ ന്താണു്?

അസ്യാദേശാന്നിസ്സരതേ നരാണാം
ക്രോധഃ പ്രമാദോ ലോഭരൂപശ്ച മൃത്യുഃ
അഹം ഗതേ നൈവ ചരൻ വിമാർഗ്ഗാ-
ന്ന ചാത്മനോ യോഗമുപൈതി കശ്ചിൽ. 7

സാരം:—മുൻപറഞ്ഞ മരണാധിദേവതയായ യ മൻെറ കല്പനപ്രകാരമാണു് ക്രോധം, പ്രമാദം, ലോഭം തു ടങ്ങിയ മൃത്യുകാരണങ്ങളുണ്ടാവുന്നതെന്നും അവയൊക്കെ ദൂതന്മാരെന്നും പറഞ്ഞുവരുന്നു. അജ്ഞാനംമാത്രമാണു് മൃത്യുവിന്നും മൃത്യുഹേതുക്കളായ ക്രോധാദികൾക്കും കാര ണമെന്നതു തക്കമററ സംഗതിയാണു്. അജ്ഞാനാഭി മാനിദേവതയെ യമനായും ക്രോധാദിവികാരാഭിമാനിദേ വതകളെ യമൻെറ ദൂതന്മാരായും സങ്കല്പിക്കുന്നതിൽ തെ ററില്ല. അതു മൃത്യുവിൻെറയും മൃത്യുകാരണങ്ങളുടെയും അധിദേവതാസ്വരൂപമാണെന്നു പറയാം. എന്നാൽ ജ്ഞാനംകൊണ്ടു് ഇവയെല്ലാം നശിക്കും. അഹങ്കാര ത്തോടുകൂടിത്തന്നെയാണു് എല്ലാ ജീവന്മാരും പ്രായേണ മരിച്ചുപോവുന്നതു്. ആ കാരണത്താൽ ആത്മമാർഗ്ഗത്തി

ലെത്താൻ വയ്യ. അതുകൊണ്ടു് എത്ര പ്രാവശ്യം മരിച്ചാലും പിന്നെയും ജനിക്കേണ്ടിവരുന്നു. അങ്ങനെ അജ്ഞാനം നശിക്കുന്നതുവരെ വീണ്ടും വീണ്ടും ജനിച്ചും മരിച്ചും തന്നെ കഴിയുന്നു ഓരോ ജീവനും. അജ്ഞാനനാശത്തിൽ അഹങ്കാരമോ ചിദാഭാസനോ ഉണ്ടാവുന്നില്ല. ജീവത്വംപോലും നഷ്ടപ്പെട്ടുള്ള നിലയിൽ സ്വയം ആത്മാവായി കൈവല്യത്തെ പ്രാപിക്കുന്നു. എന്നാൽ സുഷുപ്തിയിൽ അഹങ്കാരവും ചിദാഭാസനും ലയിക്കുന്നില്ലേ? ആ സ്ഥിതിക്കു സുഷുപ്തിയിൽ ഓരോരുത്തനും മുക്തരാവേണ്ടതല്ലേ എന്നാണെങ്കിൽ സുഷുപ്തിയിലും ചിദാഭാസനോ അഹങ്കാരമോ രണ്ടും ലയിക്കുന്നില്ല. വികാസമില്ലാത്തതിനാൽ സൂക്ഷ്മമായി അപ്പോഴും നിലനില്ക്കുന്നു. അതിനാൽ അജ്ഞാനത്തിന്നു കുറവോ ആത്മബോധത്തിന്നു വികാസമോ ഉണ്ടാവുന്നില്ല. അതുകൊണ്ടാണു് സുഷുപ്തിയിൽ ആരും മുക്തനാവാത്തതു്.

തേ മോഹിതാസ്തദ്വശേ വത്തമാനാഃ
ഇതഃ പ്രേതാസ്തത്ര പുനഃ പതന്തി
തതസ്താൻ ദേവാ അനുവിപ്ലവന്തേ
അതോ മൃത്യുർമ്മരണാഖ്യാമുപൈതി. 8

സാരം:—അജ്ഞാനസ്വരൂപങ്ങളായ ക്രോധാദികളാൽ അല്ലെങ്കിൽ യമദൂതന്മാരാൽ മോഹിപ്പിക്കപ്പെട്ട ജീവന്മാർ അവക്കു് അധീനന്മാരായിത്തീരുന്നതിനാൽ ഈ ലോകത്തിൽനിന്നു പോവേണ്ടിവരുന്നു. അതിൻെറ ഫലമായി അജ്ഞാനലോകത്തു് അല്ലെങ്കിൽ യമലോകത്തുള്ള നരകാദിയാതനകളെ അനുഭവിക്കേണ്ടിയും വരു

ന്നു. അപ്പോഴും ഇന്ദ്രിയാദികരണങ്ങൾ ജീവനിൽ കൂടി ച്ചേൎന്നിരിക്കുന്നു. കരണങ്ങളില്ലെങ്കിൽ അനുഭവങ്ങളോ, അനുഭവങ്ങളുടെ പ്രതീതിയോ ഉണ്ടാവാൻ വയ്യല്ലോ. അതിനാൽ അപ്പോഴും എല്ലാ കരണങ്ങളും ജീവനെ അവലംബിച്ചുകൊണ്ടുതന്നെയിരിക്കുന്നു. എന്നാൽ ജ്ഞാനമുണ്ടാവുമ്പോൾ പറയപ്പെട്ട എല്ലാ അനുഭവങ്ങളും അസത്യങ്ങളായിത്തീരുന്നു. അതിനാൽ അജ്ഞാനംതന്നെ മൃത്യു. യമനെന്നുള്ളതു ഗൌണംമാത്രമാണ്.

കൎമ്മോദയേ കൎമ്മഫലാനുരാഗാ-
സ്തത്രാനു തേ യാന്തി ന തരന്തി മൃത്യും
സദൎത്ഥയോഗാനവഗമാൽ സമന്താൽ
പ്രവൎത്തതേ ഭോഗയോഗേന ദേഹീ. 9

സാരം:- ഭയദുഃഖസ്വരൂപമായ മരണത്തെ ഒരു പ്രാവശ്യം അനുഭവിച്ച ജീവൻ അനിഷ്ടമായ ആ അനുഭവത്തിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കേണ്ടതല്ലേ? അങ്ങനെ പ്രയത്നിക്കുന്നുവെങ്കിൽ ഒരാൾ അനേകമരണങ്ങളെ ങ്ങനെ അനുഭവിക്കുമെന്ന സംശയത്തിന്നു മറുപടി പറയുന്നു. എപ്പോഴും ഭോഗങ്ങളെയാണ് അജ്ഞാനമായ ജീവൻ അന്വേഷിക്കുന്നതു്. മരണം ഭയപ്രദവും ദുഃഖസ്വരൂപവുമാണ്. എന്നിരുന്നാലും ഭോഗങ്ങളിലുള്ള ആത്യന്തികതൃഷ്ണകൊണ്ടു മരണത്തെ അനുഭവിച്ചുകഴിഞ്ഞാൽ അതിനെ മറന്നു പിന്നെയും ഭോഗങ്ങളെ അന്വേഷിക്കലാണ് പതിവ്. ആ കാരണത്താൽ കൎമ്മം ചെയ്യാൻ സൌകൎയ്യമുള്ള ജീവിതത്തിൽ ഫലേച്ഛയോടും അഭിമാനത്തോടും കൂടി കൎമ്മം ചെയ്യലല്ലാതെ മരണത്തെ

LIC LIBR

ജയിക്കാനുള്ള മാർഗ്ഗത്തെപ്പററി ചിന്തിക്കാറേയില്ല. അതിനാൽ എല്ലാ ജീവിതത്തിലും ബ്രഹ്മപ്രാപ്തിക്കുതകുന്ന യോഗത്തെ അഭ്യസിക്കാതെ ഭോഗപ്രാപ്തിക്കുള്ള കർമ്മങ്ങളെത്തന്നെ ചെയ്യുന്നു.

തദ്വൈ മഹാമോഹനമിന്ദ്രിയാണാം
മിത്ഥ്യാർത്ഥയോഗസ്യ ഗതിർഹി നിത്യാ
മിത്ഥ്യാർത്ഥയോഗാഭിഹതാന്തരാത്മാ
സ്മരന്നുപാസ്തേ വിഷയാൻ സമന്താൽ. 10

സാരം:—വിഷയങ്ങൾ വാസ്തവത്തിൽ അസത്യങ്ങളാണു്. മൂന്നു കാലത്തും ഉണ്ടായിട്ടില്ലാത്തവയാണു്. എന്നിരുന്നാലും അവയുടെ പ്രവാഹം എപ്പോഴും ഉള്ളതായി സത്യമായിട്ടിരിക്കയാണു്. ഇന്ദ്രിയങ്ങളുടെ ഏററവും വമ്പിച്ച മഹാമോഹമാണു് അതിനു ഹേതു. മനസ്സിൻെറ നിത്യാനുസന്ധാനംകൊണ്ടു് ഇല്ലാത്ത എല്ലാ വിഷയങ്ങളും ഉള്ളതായിട്ടിരിക്കയാണു്. മനസ്സിൻെറ വിഷയസ്മരണം നിന്നാൽ മാത്രമേ സ്വരൂപസ്മൃതിക്കുള്ള അവസരം കിട്ടു.

അഭിദ്ധ്യാ വൈ പ്രഥമം ഹന്തി ലോകാൻ
കാമക്രോധാവനുഗൃഹ്യാശു പശ്ചാൽ
ഏതേ ബാലാൻ മൃത്യവേ പ്രാപയന്തി
ധീരാസ്തു ധൈര്യേണ തരന്തി മൃത്യും. 11

സാരം:—വിഷയസ്മരണം, അതു ഹേതുവായിട്ടുണ്ടാവുന്ന ആഗ്രഹങ്ങൾ, ആഗ്രഹത്തിനു തടസ്ഥം നേരിടുമ്പോൾ ഉദിക്കുന്ന ക്രോധം തുടങ്ങിയ അഭിധ്യാദികൾ

വിഷയനിവൃത്തിയും ചിത്തവിഷയവും നേടീട്ടില്ലാത്ത പ്രാകൃതന്മാരായ ബാലിശന്മാരെ മരണത്തിലേയ്ക്കെത്തിക്കുന്നു. എന്നാൽ വസ്തുബോധംകൊണ്ടും നിരന്തരാനുസന്ധാനംകൊണ്ടും ചിത്തവിജയവും വിഷയനിവൃത്തിയും സാധിച്ച ധീരന്മാരാകട്ടെ ധൈര്യത്തോടുകൂടുംവണ്ണം മരണത്തെ ജയിക്കുകയും ചെയ്യുന്നു.

സോഭിദ്ധ്യായന്നുൽപ്പതിതാന്നിഹന്യാ-
ദനാദരേണാപ്രതിബുദ്ധ്യമാനഃ
നൈനം മൃത്യുർമ്മൃത്യുരിവാത്തി ഭൂത്വാ
ഏവം വിദ്വാൻ യോ വിനിഹന്തി കാമാൻ. 12

സാരം:—മൃത്യുവെ ജയിച്ച് അമൃതസ്വരൂപനായിത്തീരണമെന്നാഗ്രഹിക്കുന്ന ഒരാൾ എപ്പോഴും ആത്മസ്വരൂപത്തെ അനുസന്ധാനംചെയ്തുകൊണ്ടിരിക്കണം. ആത്മചിന്തയ്ക്ക് ഒരു നിമിഷമെങ്കിലും മുറിവുണ്ടാവരുത്. ആത്മചിന്തയ്ക്കു മുറിവു വന്നാൽ വിഷയസ്മരണം തലപൊക്കുമെന്നാർത്ഥമാണ്. വിഷയസ്മരണം മൃത്യുസ്വരൂപമാണ്. അതിനാൽ ഒരിക്കലും അതിനെ ആദരിക്കരുത്. എന്നാലും വാസനാവിശേഷത്താലോ പ്രാരബ്ധാനുസാരേണയോ വല്ല വിഷയങ്ങളും മനസ്സിൽ ഉദിക്കുകയോ അല്ലെങ്കിൽ അനുഭവിക്കത്തക്കനിലയിൽ തന്നിലേയ്ക്കു വന്നുചേരുകയോ ചെയ്യുന്നപക്ഷം അവയെ അല്പം പോലും ആദരിക്കാതെ അലക്ഷ്യഭാവത്തിൽ തള്ളിക്കളയുകതന്നെ വേണം. അങ്ങനെ ചെയ്യാത്ത സാധകൻ മൃത്യുവെ ജയിക്കാൻ പ്രാപ്തനാവില്ലെന്നുതന്നെ പറയണം. അകത്തോ പുറത്തോ മനസ്സിലോ ശരീരത്തിലോ

വിഷയസ്പർശമില്ലാതെ അപ്പഴപ്പോഠം വന്നുചേരുന്നതിനെയെല്ലാം തള്ളിക്കളയുന്നുവെങ്കിൽ അദ്ദേഹം വിദ്വാനാണു്. വിദ്യാസമ്പന്നനായ അദ്ദേഹത്തെ അജ്ഞാനം യമനായിത്തീൎന്നു വിഴുങ്ങുന്നില്ല. മൃത്യുവെ ജയിച്ചു് അമൃതസ്വരൂപനായിത്തീരുന്നുവെന്നൎത്ഥം.

കാമാനുസാരീ പുരുഷഃ
കാമാനനു വിനശ്യതി
കാമാൻ വ്യുദസ്യ ധുനുതേ
യൽ കിഞ്ചിൽ പുരുഷോ രജഃ. 13

സാരം:—ആഗ്രഹങ്ങളെയും വിഷയങ്ങളെയും ആശ്രയിച്ചു ജീവിക്കുന്ന പുരുഷൻ ആഗ്രഹങ്ങളും വിഷയങ്ങളുമെന്നപോലെ അവയോടുകൂടി നശിക്കുന്നു. എന്നാൽ ആഗ്രഹങ്ങളെയും ദുഃഖകാരണമായ രജോഗുണത്തെയും നശിപ്പിക്കുന്നവൻ സ്വയം നാശത്തിൽനിന്നു രക്ഷപ്പെടുകയും ചെയ്യുന്നു.

തമോഽപ്രകാശോ ഭൂതാനാം
നരകോഽയം പ്രദൃശ്യതേ
മുഹ്യന്ത ഇവ ധാവന്തി
ഗച്ഛന്തഃ ശ്വഭ്രവൽ സുഖം. 14

സാരം:—വിഷയാഗ്രഹം കേവലം തമസ്സാണു്. അന്ധകാരമാണതിൻെറ സ്വരൂപം. അറിയേണ്ടതായ ആത്മസ്വരൂപത്തെ അറിയാൻ കഴിയാത്ത നിലയിൽ മറക്കുകതന്നെ ചെയ്യും. അതിനാൽ വിഷയാഗ്രഹം വൎദ്ധിച്ച ഒരാഠക്കു് എത്രകാലം കഴിഞ്ഞാലും അജ്ഞാനനിവൃത്തിയോ കൈവല്യപ്രാപ്തിയോ ഉണ്ടാവാൻ പോവുന്നില്ല.

മദ്യപാനംകൊണ്ടു ലഹരിപിടിച്ചവൻ ഓട്ടംപോലെ വിഷയിയായ മനുഷ്യൻ തനിക്കനുയോജ്യങ്ങളായ വിഷയപദാൎത്ഥങ്ങളിലേയ്ക്കോടിക്കൊണ്ടിരിക്കും.

അമൂഢവൃത്തേഃ പുരുഷസ്യേഹ കുൎയ്യാൽ
കിം വൈ മൃത്യുസ്ത്യാണ്ണ ഇവാസ്യ വ്യാഘ്രഃ
അമന്യമാനഃ ക്ഷത്രിയ കിഞ്ചിദന്യ-
ന്നാധീയീത നിണ്ണദന്നിവാസ്യ ചായുഃ 15

സാരം:—വിഷയാഗ്രഹങ്ങളെക്കൊണ്ടും വിഷയസ്മരണകളെക്കൊണ്ടും ചിത്തം ദൂഷിക്കാത്തവനും ആത്മസ്വരൂപത്തെ അനുസന്ധാനം ചെയ്യുന്നവനുമായ പുരുഷനെ മൃത്യുവിനൊന്നും ചെയ്യാൻ സാധ്യമല്ല. പുല്ലുകൊണ്ടു കെട്ടിയുണ്ടാക്കിയ നരി എപ്രകാരം ഭയാശങ്കകൾക്കാസ്പദമല്ലയോ, അതുപോലെ വിഷയനിവൃത്തനായ പുരുഷനു മൃത്യുവിനെ ഭയപ്പെടേണ്ടതില്ല. വിഷയാഗ്രഹങ്ങളുടെ ആയുസ്സ് അല്ലെങ്കിൽ മൂലകാരണമായ മൂലാജ്ഞാനത്തെ നശിപ്പിച്ചശേഷം ഹേ രാജാവേ, മററൊന്നും സ്മരിക്കാതിരിക്കണം. വിഷയവിസ്മരണത്തോളം സുഖവും വിഷയസ്മരണത്തോളം ദുഃഖവും മററൊന്നുമില്ല. അതിനാൽ ചിത്തത്തിൽ വിഷയസ്പൎശമുണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുകതന്നെ വേണം. എങ്കിലേ മൃത്യുഭയത്തിൽനിന്നൊഴിവാവൂ.

സ ക്രോധലോഭൗ മോഹവാനന്തരാത്മാ
സ വൈ മൃത്യുസ്ത്വച്ഛരീരേ യ ഏഷഃ
ഏവം മൃത്യും ജായമാനം വിദിത്വാ
ജ്ഞാനേ തിഷ്ഠന്ന ബിഭേതീഹ മൃത്യോഃ

വിനശ്യതേ വിഷയേ തസ്യ മൃത്യു-
മ്മൃത്യോർഹ്യഥാ വിഷയം പ്രാപ്യ മർത്ത്യഃ. 16

സാരം: — ഞാനെന്ന അഭിമാനത്തിന്നാസ്പദമായ ജീവൻ ചിദചിൽഗ്രന്ഥിസ്വരൂപനാണ്. താനല്ലാത്ത ശരീരാദികളെ താനെന്നു തെററിദ്ധരിക്കുകയും ആ തെററിദ്ധാരണയെ സത്യമെന്നു വിശ്വസിക്കുകയും ചെയ്യുന്നതിനാൽ മോഹവാനുമാണ്. അജ്ഞാനിയാണെന്നത്ഥം. പ്രസ്തുത ജീവനാണ് ഈ ശരീരത്തിലെ മൃത്യു. ജീവൻെറ തെററായ മിത്ഥ്യാസംസ്കാരമാണ് മൃത്യുവായനുഭവിക്കപ്പെടുന്നതെന്നത്ഥം. തനിക്കില്ലാത്ത ബന്ധത്തെയും ദുഃഖത്തെയും സങ്കല്പംകൊണ്ടുണ്ടാക്കിത്തീത്തനുഭവിക്കുന്നുവെന്നു താത്പര്യം. ഇതാണ് മൃത്യുവിൻെറ സ്വരൂപമെന്നു മനസ്സിലാക്കി ആത്മസ്വരൂപത്തെ ഒരിക്കലും വിസ്മരിക്കാതെ ജ്ഞാനത്തിൽത്തന്നെ ദൃഢതയോടെ വത്തിക്കുന്ന ഒരാൾ മൃത്യുവിനെ ഭയപ്പെടുന്നില്ല. വിഷയവിസ്മൃതി മൃത്യുനാശവും വിഷയസ്മരണം മൃത്യുവിൻെറ ഉദയവുമാണ്.

ധൃതരാഷ്ട്ര ഉവാച—

യാനേവാഹുരിജ്യയാ സാധുലോകാൻ
ദ്വിജാതീനാം പുണ്യതമാൻ സനാതനാൻ
തേഷാം പരാത്ഥം കഥയന്തീഹ വേദാഃ
ഏതദ്വിദ്വാന്നോപൈതി കഥം നു കമ്മ. 17

സാരം:— ഇത്രയും കേട്ടപ്പോൾ ധൃതരാഷ്ട്രരാജാവു ചോദിക്കയാണ്. ബ്രാഹ്മണാദി വണ്ണങ്ങൾക്കു ശ്രദ്ധയോ

ട്ടുകൂടിയ ഉപാസനംകൊണ്ടു് അല്ലെങ്കിൽ അശ്വമേധാദി കർമ്മങ്ങളെക്കൊണ്ടു പുണ്യഭൂയിഷ്ഠങ്ങളായ ലോകങ്ങളെ പ്രാപിക്കാൻ കഴിയുമെന്നും അങ്ങനെ പ്രാപിക്കപ്പെടുന്ന ലോകങ്ങൾ ശാശ്വതങ്ങളാണെന്നും പറയുന്നുണ്ടല്ലോ. ഇന്ദ്രലോകം സത്യലോകം തുടങ്ങിയ പ്രസ്തുത ലോകങ്ങൾ കർമ്മങ്ങളെക്കൊണ്ടു പ്രാപിക്കത്തക്കവയാണെന്നും അവ സംസാരനിവൃത്തിക്കും ക്രമമുക്തിയാകുന്ന കൈവല്യപ്രാപ്തിക്കും കാരണമാണെന്നു വേദവും പറയുന്നുണ്ടു്. കർമ്മലഭ്യങ്ങളായ ലോകാന്തരങ്ങളിലൂടെ ഒരാൾക്കു സുഗമമായി ക്രമമുക്തിയെ പ്രാപിക്കാമെങ്കിൽ ദുർഗ്ഗമമായ ജ്ഞാനത്തെക്കാൾ സുഗമമായ കർമ്മമല്ലേ ശ്രേഷ്ഠമായിരിക്കുന്നതു? ഈ സംഗതിയെ അറിയുന്ന വിവേകിയായ ഒരാൾ എങ്ങനെ കർമ്മത്തെ ഉപേക്ഷിച്ചു ജ്ഞാനത്തെ വരിക്കും? സദ്യോമുക്തി ഒരുപക്ഷേ ജ്ഞാനംകൊണ്ടുമാത്രമേ സാധിക്കുള്ളുവായിരിക്കാം. പോട്ടെ, ക്രമമുക്തിയെങ്കിലും സാധിക്കുമെങ്കിൽ കർമ്മവും മുക്തികാരണമാണെന്നാണല്ലോ വരുന്നതു്. കൂടാതെ ജ്ഞാനത്തോളം ദുർഗ്ഗമതയില്ല കർമ്മത്തിന്നെന്നു വരുമ്പോൾ വിവേകിയായ ഒരാൾ കർമ്മത്തെ എങ്ങനെ ഉപേക്ഷിക്കും?

സനൽസുജാത ഉവാച—

ഏവം ഹ്യവിദ്വാനുപയാതി തത്ര
തത്രാർത്ഥജാതം ച വദന്തി വേദാഃ
അനീഹ ആയാതി പരം പരാത്മാ
പ്രയാതി മാർഗ്ഗേണ നിഹത്യ മാർഗ്ഗാൻ. 18

സാരം:—ധൃതരാഷ്ട്രൻെറ ചോദ്യത്തിന്നു സനൽസുജാതമഹർഷി മറുപടി പറകയാണു്. മൂഢന്മാരാണു് കർമ്മമാർഗ്ഗത്തിലൂടെ മോക്ഷം പ്രാപിക്കാമെന്നു വിചാരിച്ചു് അതിനു പുറപ്പെടുന്നതു്. വിവേകികൾ അങ്ങനെ ചെയ്യാറില്ല. എന്തുകൊണ്ടെന്നാൽ കർമ്മങ്ങളുടെ ഫലമായിട്ടു ഭോഗത്തെയും മോക്ഷത്തെയും രണ്ടും വിധിക്കുന്നുണ്ടു് ശ്രുതി. ഇഹപരങ്ങളായ ലോകങ്ങളിലെ ഭോഗാനുഭവങ്ങളും സംസാരനിവൃത്തിസ്വരൂപമായ മോക്ഷവും അന്യോന്യവിരുദ്ധങ്ങളാകയാൽ അവ രണ്ടും ഒരേ സമയത്തു് ഒരാൾക്കുണ്ടാവാൻ വയ്യെന്നുള്ളതു് സ്പഷ്ടമാണു്. കൂടാതെ ബന്ധത്തിന്നു ഹേതു കർമ്മങ്ങളും കർമ്മഫലങ്ങളുമാണെന്നിരിക്കെ അവയോടുള്ള സംബന്ധം ബന്ധത്തെ വർദ്ധിപ്പിക്കാനേ കാരണമാവു എന്നാണു് വിചാരിക്കേണ്ടതു്. എങ്കിലും ഭോഗങ്ങളിൽ താൽപര്യമില്ലാത്തവൎക്കു കർമ്മം മുക്തിക്കു തടസ്സമല്ല; മോക്ഷത്തെ സാധിപ്പിക്കുകകൂടി ചെയ്യുമെന്നാണു് സിദ്ധാന്തം. പക്ഷേ ഭോഗങ്ങളിൽ ആഗ്രഹമില്ലാത്തവൻ സാഹസമേറിയ കർമ്മങ്ങളെ ചെയ്തു വിഷമിക്കുന്നതെന്തിനാണു്? അതിനേക്കാൾ എത്രയോ ശ്രേഷ്ഠമല്ലേ ജ്ഞാനം? കൂടാതെ, കർമ്മംകൊണ്ടുതന്നെ കർമ്മമാർഗ്ഗങ്ങളെയൊക്കെത്തടഞ്ഞു മോക്ഷമാർഗ്ഗത്തിലെത്തുകയെന്നതും സാഹസമേറിയ കാര്യംതന്നെ. അതിനാൽ വിവേകികൾ മോക്ഷത്തിന്നു ജ്ഞാനത്തെയല്ലാതെ കർമ്മത്തെ ആശ്രയിക്കാറില്ല.

ധൃതരാഷ്ട്ര ഉവാച—

കോഽസൗ നിയുംക്തേ തമജം പുരാണം
സ ചേദിദം സർവ്വമനുക്രമേണ

കിം വാസ്യ കാൎയ്യമഥവാ സുഖം ച
തന്മേ വിദ്വൻ! ബ്രൂഹി സൎവ്വം യഥാവൽ. 19

സാരം:—കൎമ്മം ഭോഗപ്രധാനമാണെന്നും ബന്ധത്തിന്നു കാരണം അജ്ഞാനമാകയാൽ ജ്ഞാനമാണു് മോക്ഷപ്രധാനമായിട്ടിരിക്കുന്നതെന്നുമുള്ള മഹൎഷിയുടെ അഭിപ്രായത്തെ കേട്ടു തൃപ്തനായ ധൃതരാഷ്ട്രമഹാരാജാവു മറ്റൊരു ചോദ്യം ചോദിക്കയാണു്. ജീവനും പരമാത്മാവും രണ്ടല്ലെന്നു പ്രസിദ്ധമാണു്. ആ സ്ഥിതിക്കു സൎവ്വതന്ത്രസ്വതന്ത്രനും സൎവ്വശക്തനും സച്ചിദാനന്ദമയനുമായ പരമാത്മാവു് ആരുടെ നിയന്ത്രണംകൊണ്ടാണു് അല്പനും അജ്ഞനുമായ ജീവനും സംസാരിയുമായിത്തീൎന്നു ദുഃഖിക്കേണ്ടിവരുന്നതു്? പരമാത്മാവിനെപ്പോലും നിയന്ത്രിക്കുന്ന മററൊന്നുണ്ടെങ്കിൽ അതിനെയും നിയമിക്കുന്ന പിന്നൊന്നും അതിനെയും ഭരിക്കുന്ന വേറെയൊന്നും ഉണ്ടാവണമല്ലോ. അങ്ങനെയാണെങ്കിൽ അതിനെവിടെയാണവസാനം? അല്ല, പരമാത്മാവു 'സ്വയമേവ സൃഷ്ടിച്ചു സ്വയമേവ അതിൽ പ്രവേശിച്ചു' എന്ന ശ്രുതിവാക്യത്തെ അനുസരിച്ചു് ആരുടെയും പ്രേരണയ്ക്കല്ല, സ്വയമേവ ജീവത്വത്തെയും സംസാരത്തെയും വരിച്ചതാണെങ്കിൽ എന്തിനു്? ഒരുദ്ദേശവുമില്ലാതെ ആരും ഒന്നും ചെയ്യുന്നതായി കാണുന്നില്ല. ആ സ്ഥിതിക്കു പരമാത്മാവിന്നും എന്തെങ്കിലും ഉദ്ദേശമുണ്ടോ? നിൎവ്വികാരനും നിരീഹനുമായ പരബ്രഹ്മമൂൎത്തിക്കു പ്രത്യേകിച്ചു് ഒരുദ്ദേശമുണ്ടാവാൻ കാരണമില്ല. അങ്ങനെ ഉദ്ദേശമൊന്നുമില്ല, ലീലമാത്രമാണു്, എന്നാണെങ്കിൽ ലീലയ്ക്കും

സുഖമെന്ന ഒരുദ്ദേശമുണ്ടാവില്ലേ? അങ്ങനെയാണു് ലോകത്തിൽ കണ്ടുവരുന്നതു്. സുഖത്തിന്നും ഉന്മേഷത്തിന്നുംവേണ്ടിയാണു് ലീലചെയ്യാറു്. സുഖദുഃഖാദിരഹിതനും സത്താമാത്രനുമായ ബ്രഹ്മസ്വരൂപിക്കു സുഖേച്ഛയുണ്ടാവാനും അർഹതയില്ല. സർവ്വജ്ഞനായ ഹേ മഹർഷേ, അങ്ങീ സംശയത്തിൻെറ മറുപടിയെ ഉള്ളതുപോലെ പറഞ്ഞുതന്നാൽക്കൊള്ളാം. അങ്ങയെപ്പോലുള്ളവർക്കേ അതു സാധിക്കു.

സനൽസുജാത ഉവാച—

ദോഷോ മഹാനത്ര വിഭേദയോഗേ
ഹ്യനാദിയോഗേന ഭവന്തി നിത്യാഃ
തഥാഽസ്യ നാധിക്യമപൈതി കിഞ്ചി-
ദനാദിയോഗേന ഭവന്തി പുംസഃ. 20

സാരം:—മഹർഷി മറുപടി പറകയാണു്— ജീവനും പരമാത്മാവും താത്വികമായിപ്പറയുമ്പോറം ഒന്നുതന്നെ. ഭേദമുണ്ടെന്നു പറഞ്ഞുകൂടാ. ഭേദവ്യവഹാരം അനേകദോഷങ്ങറംക്കു കാരണമായിത്തീരും. അതിനാൽ പാരമാർത്ഥികദൃഷ്ടിക്കു ജീവനും ബ്രഹ്മവും ഒന്നുതന്നെ. എന്നാൽ അനാദിയായ അജ്ഞാനസംബന്ധംകൊണ്ടു് അജ്ഞാനജാതങ്ങളായ സ്ഥൂലസൂക്ഷ്മോപാധികളിൽ കുടുങ്ങി ഘടാകാശംപോലെയോ ജലചന്ദ്രനെപ്പോലെയോ ആയിരിക്കയാണു് ജീവൻ. വാസ്തവത്തിൽ മഹാകാശത്തിന്നും ഘടാകാശത്തിന്നും തമ്മിൽ യാതൊരു വ്യത്യാസവും സംഭവിച്ചിട്ടില്ല. അങ്ങനെ രണ്ടു വസ്തുക്കറം തന്നെയില്ല. മഹാകാശം മാത്രമേ ഉള്ളു. ഘടാകാശമെന്ന

ഒരു വസ്തുതന്നെ സംഭവിച്ചിട്ടില്ല. എങ്കിലും ഘടോപാധിയുടെ സംബന്ധംകൊണ്ടു് ആകാശത്തിന്നു ഭേദമുണ്ടായിയെന്നും ഘടധമ്മങ്ങളൊക്കെ ഘടാകാശത്തിന്നുള്ളതാണെന്നും അജ്ഞാനദൃഷ്ടിയിൽ തോന്നാനിടയായി. അതുപോലെ അപരിച്ഛിന്നബ്രഹ്മത്തിൽനിന്നു വേറെയായി ഒരു ജീവനുണ്ടായിട്ടില്ല. എങ്കിലും സ്ഥൂലസൂക്ഷ്മോപാധികളുടെ സംബന്ധംകൊണ്ടു ബ്രഹ്മത്തിൽനിന്നു വേറെയായി ജീവനുണ്ടായെന്നും ഉപാധിധമ്മങ്ങളൊക്കെ ജീവന്റെ ധമ്മങ്ങളാണെന്നും അജ്ഞാനദൃഷ്ടിയിൽ തോന്നപ്പെടാൻ ഇടയായി. ആ അജ്ഞാനസംബന്ധമാകട്ടെ നിത്യമെന്നപോലെ തുടച്ചയായി നിലനിന്നുകൊണ്ടിരിക്കുന്നു. അതിനാൽ ജീവന്മാരും നിത്യന്മാരോ എന്നു തോന്നാനിടയായി. ഉപാധികൾ നശിച്ചാൽ ജീവത്വം ഇല്ലെന്നും ഉണ്ടായിട്ടില്ലെന്നും ബോധ്യമാവും. അതാണു് പരമാത്ഥം. ഉപാധിസംബന്ധമുള്ളേടത്തോളം കാലം അതിൽനിന്നു വ്യത്യസ്തമോ ശ്രേഷ്ഠമോ ആയ ഭാവം ജീവനുണ്ടാവുന്നില്ലെന്നതും ജീവനിൽ അബ്രഹ്മബുദ്ധിയും അല്പബുദ്ധിയും ജനിക്കാനിടയാക്കി. വാസ്തവത്തിൽ അജ്ഞാനസംബന്ധംകൊണ്ടാണു് ജീവന്മാരുണ്ടായതു്. നിലനില്ക്കുന്നതും അജ്ഞാനംകൊണ്ടുതന്നെ ബ്രഹ്മബോധംകൊണ്ടു് ഉപാധികളും അജ്ഞാനവും നശിക്കുമ്പോൾ ജീവത്വം നഷ്ടപ്പെട്ടു ബ്രഹ്മഭാവംമാത്രം പ്രകാശിക്കും.

യ ഏതദ്വാ ഭഗവാൻ സ നിത്യോ
വികാരയോഗേന കരോതി വിശ്വം

തഥാ ച തച്ഛക്തിരിതി സ്മ മന്യതേ
തഥാ*f*ർത്ഥയോഗേ ച ഭവന്തി വേദാഃ. 21

സാരം:—ജീവൻമാത്രമല്ല, ഹേ! രാജാവേ, ദൃഷ്ടമായിരിക്കുന്ന ഈ ജഗത്തും ബ്രഹ്മത്തിൽനിന്നു വേറെയല്ല. സകലൈശ്വൎയ്യസമ്പൂൎണ്ണനും സൎവ്വശക്തനും നിത്യനുമായ പരമാത്മാവുതന്നെയാണു് ജഗത്തായും പരിണമിച്ചിരിക്കുന്നതു്. പരമാത്മാവുതന്നെ സ്വയം വികാരംകൊണ്ടു ജഗത്തായിത്തീൎന്നിരിക്കുകയാണു്. വികാരമെന്നു പറഞ്ഞാൽ മാററം അല്ലെങ്കിൽ പരിണാമമെന്നൎത്ഥമാണല്ലോ. എന്നാൽ സ്വൎണ്ണം കടകകുണ്ഡലാകാരേണയും മണ്ണു ഘടശരാവാദിപാത്രാകാരേണയും പരിണമിച്ചതു പോലെയൊട്ടല്ലതാനും. സ്വപ്നത്തിൽ ഗജദൎശനംചെയ്യുന്നു എന്നു വെയ്ക്കുക. അതു് ഒരു തരം വികാരമാണു്. ഇന്ദ്രജാലവിദ്യകൊണ്ടു് ഇല്ലാത്ത പലതിനെയും കാണുന്നു. അതും വികാരംതന്നെ. എന്നാൽ പ്രസ്തുത വികാരങ്ങളിൽ സ്വൎണ്ണത്തിനും മണ്ണിനും സംഭവിച്ചതുപോലുള്ള അവസ്ഥാന്തരം സംഭവിക്കുന്നില്ല. ഭ്രാന്തി മാത്രമാണു് പ്രസ്തുതവികാരം. ആ നിലയിലാണു് ബ്രഹ്മം ജഗത്തായിത്തീൎന്നിരിക്കുന്നതു്. ബ്രഹ്മത്തിൽ ഭ്രാന്തിജന്യമായ പ്രതീതിമാത്രമാണു് ജഗത്തെന്നു താൽപൎയ്യം. കേവലം വിഭ്രാന്തിമാത്രമല്ല ജഗത്തു്; ബ്രഹ്മശക്തിയായ മായയുടെ അല്ലെങ്കിൽ പ്രകൃതിയുടെ സൃഷ്ടിയാണെന്നാണു് പിന്നെ ചിലരുടെ അഭിപ്രായം. അതും ശരിയല്ല. എന്തുകൊണ്ടെന്നാൽ ശക്തിയും ശക്തനും രണ്ടല്ല; ഒന്നുതന്നെ. അതിനാൽ ബ്രഹ്മശക്തിയെന്നു പറഞ്ഞാൽ ബ്രഹ്മമെന്നു

തന്നായേ അൎത്ഥമുള്ളു. നിരീഹവും നിഷ്ക്രിയവുമായ ബ്രഹ്മത്തിൽ സൃഷ്ടികൎമ്മമുണ്ടാവാനും വയ്യാ. ആ സ്ഥിതിക്കു് ആദ്യം പറഞ്ഞ അഭിപ്രായംതന്നെയാണു് ശരിയായിട്ടിരിക്കുന്നതു്. ഇതേ അൎത്ഥത്തെത്തന്നെയാണു് വേദങ്ങളും വെളിവാക്കുന്നതു്.

ധൃതരാഷ്ട്ര ഉവാച—

യേഽസ്മിൻ ധൎമ്മാന്നാചരന്തി കേചിൽ
തഥാ ധൎമ്മാൻ കേചിദിഹാചരന്തി
ധൎമ്മഃ പാപേന പ്രതിഹന്യതേ സ്വി-
ദുതാഹോ ധൎമ്മഃ പ്രതിഹന്തി പാപം. 22

സാരം:—ജീവനും ബ്രഹ്മവും രണ്ടല്ലെന്നും ജീവനെന്നു് ഒന്നുണ്ടായിട്ടില്ലെന്നും വെറും വ്യവഹാരം മാത്രമാണെന്നും ജഗത്തു് മിത്ഥ്യയാണെന്നും സിദ്ധമായി. ആ സ്ഥിതിക്കു മരണം വെറും ഭ്രമംമാത്രമാണെന്നും പരമാൎത്ഥമാവാൻ വയ്യെന്നും സമൎത്ഥിക്കപ്പെട്ടുകഴിഞ്ഞു. മരണം ഇല്ലാത്തതാണെന്ന സമൎത്ഥനമാണല്ലോ ആദ്യം തന്നെ ചോദ്യംകൊണ്ടാവശ്യപ്പെട്ടിട്ടുള്ളതു്. അതു സാധിച്ചുകഴിഞ്ഞു. എന്നാലും നിഷ്കാമരൂപമായ കൎമ്മാനുഷ്ഠാനംകൊണ്ടു ക്രമമുക്തി സാധിക്കുമെന്നും അതിനാൽ കൎമ്മവും മുക്തികാരണം തന്നെയാണെന്നുമുള്ള സിദ്ധാന്തം നിലവിലുണ്ടു്. കൎമ്മം നിഷ്കാമമായിത്തീരാൻ വിഷമമാണെന്നും ജ്ഞാനത്തിന്നു തടസ്സമാണെന്നും പറഞ്ഞതല്ലാതെ കൎമ്മംകൊണ്ടു മുക്തിയില്ലെന്നു ഖണ്ഡിച്ചിട്ടില്ല. ആ സ്ഥിതിക്കു് അതിനെപ്പററി കൂടുതൽ അറിയാൻവേണ്ടി ധൃതരാഷ്ട്രരാജാവു ചോദിക്കയാണു്. മൃത്യുവിജയ

സ്വരൂപമായ മോക്ഷത്തിന്നുവേണ്ടി ചിലർ അഗ്നിഹോത്രാദിവൈദികധർമ്മങ്ങളെ ഉപേക്ഷിച്ച സന്ന്യാസത്തെ വരിക്കുന്നു. ജ്ഞാനംകൊണ്ടേ മുക്തി സിദ്ധമാവൂ എന്നാണവരുടെ പക്ഷം. എന്നാൽ അതേ സമയത്തു വേറെ ചിലർ കർമ്മവും മുക്തികാരണമാണെന്നു കരുതി ഉപാസനാപൂർവ്വം അഗ്നിഹോത്രാദിധർമ്മങ്ങളെ ആചരിച്ച ക്രമമുക്തിയുണ്ടാവുമെന്നു വിചാരിക്കുന്നു. വാസ്തവത്തിൽ വൈദികകർമ്മങ്ങൾ ജീവൻെറ പാപങ്ങളെ നശിപ്പിക്കുമോ? അഥവാ പാപത്തിൻെറ അശുദ്ധികൊണ്ടു വൈദികകർമ്മങ്ങളുടെ ശുദ്ധിപോലും നഷ്ടപ്പെടലോ ഫലം?

സനൽസുജാത ഉവാച—

ഉഭയമേവ തത്രോപയുജ്യതേ
ഫലം ധർമ്മസ്യൈവേതരസ്യ. 23

സാരം:—ഉപാസനത്തോടുകൂടിയ കർമ്മാനുഷ്ഠാനവും സന്ന്യാസവും രണ്ടും മോക്ഷകാരണങ്ങൾതന്നെ. എന്നാൽ സ്വധർമ്മാനുഷ്ഠാനത്തിൻെറ ഫലം സകാമമാണെങ്കിൽ സ്വർഗ്ഗാനുഭൂതിയും നിഷ്കാമമാണെങ്കിൽ ചിത്തശുദ്ധിയും മാത്രമാണു്. അധർമ്മത്തിൻെറയും സ്വധർമ്മപരിത്യാഗത്തിൻെറയും ഫലം നരകവുമാണു്.

തസ്മിൻ സ്ഥിതൗ വാഽപ്യുഭയം ഹി നിത്യം
ജ്ഞാനേന വിദ്വാൻ പ്രതിഹന്തി സിദ്ധം
തഥാന്യഥാ പുണ്യമുപൈതി ദേഹീ
തഥാഗതം പാപമുപൈതി സിദ്ധം. 24

സാരം:—ഉപാസനത്തോടുകൂടിയ കർമ്മാനുഷ്ഠാനവും സന്ന്യാസദീക്ഷയിലൂടെ സാധിക്കുന്ന ബ്രഹ്മവിദ്യാനുഷ്ഠാനംകൊണ്ടുണ്ടാവുന്ന ജ്ഞാനവും രണ്ടും ഒരുപോലെ സ്വരൂപസ്ഥിതിയായ മോക്ഷത്തിന്നു ഹേതുവാണെന്നു പറഞ്ഞെങ്കിലും രണ്ടുംതമ്മിൽ വളരെ വ്യത്യാസമുണ്ടു്. ജ്ഞാനത്തിന്നു കർമ്മത്തേക്കാറം ശ്രേഷ്ഠത കൂടും. എന്തുകൊണ്ടെന്നാൽ അനൃതജഡദുഃഖസ്വരൂപമായ സംസാരത്തെ വിട്ടു നിത്യനിവൃത്തവും സച്ചിദാനന്ദാകാരവുമായ ബ്രഹ്മമായിത്തീരുന്നു എന്നതാണു് ജ്ഞാനത്തിൻെറ ഫലം. എന്നാൽ ഉപാസനാപൂർവ്വകമായ കർമ്മത്തിൻെറ ഫലമാകട്ടെ, പുണ്യംമാത്രമാണു്. പുണ്യംകൊണ്ടു് ഊർദ്ധ്വലോകങ്ങളേയും തത്തദ്ദേവന്മാരേയും പ്രാപിക്കാം. ദേവന്മാരുടെ ആഗ്രഹംകൊണ്ടു് ആദിത്യമണ്ഡലംവരെ പോയി അവിടെവെച്ചു സിദ്ധമാവുന്ന ജ്ഞാനംകൊണ്ടു് ആദിത്യമണ്ഡലത്തേയും ഭേദിച്ചു മുക്തനാവാം. എന്നാൽ അതിലിടയ്ക്കു് എന്തെങ്കിലും കാരണവശാൽ ജയവിജയന്മാരെപ്പോലെ അധോയോനിയിൽ പതിക്കാനും വിരോധമില്ല. ഇതാണു് കർമ്മഫലത്തിൻെറ സ്വഭാവമെന്ന കാരണത്താൽ ജ്ഞാനം കർമ്മമാർഗ്ഗത്തേക്കാറം ശ്രേഷ്ഠമാണെന്നതു് നിസ്സംശയവുമാണു്.

ഗതോഭയം കർമ്മണാ യുജ്യതേ സ്ഥിരം
ശുഭസ്യ പാപസ്യ സ ചാപി കർമ്മണാ
ധർമ്മേണ പാപം പ്രണുദതീഹ വിദ്വാൻ
ധർമ്മോ ബലീയാനിതി തസ്യ സിദ്ധിഃ 25

സാരം:—എന്തെങ്കിലും സംഗതിവശാൽ കൎമ്മനിഷ്ഠൻ അധഃപതിക്കാൻ ഇടയായിത്തീരുന്നുവെന്നിരിക്കട്ടെ; എന്നാൽ എന്തായിരിക്കും അയാളുടെ ഗതിയെന്നാണെങ്കിൽപ്പറയാം. പുണ്യപാപാത്മകങ്ങളായ കൎമ്മങ്ങളുടെ ഫലങ്ങളായ സ്വൎഗ്ഗനരകങ്ങളെ അനുഭവിച്ചുതീൎന്ന ശേഷം തന്റെ വാസനയ്ക്കനുരൂപമായ യോനിയിൽ അനുരൂപമായ സാഹചൎയ്യത്തിൽ വീണ്ടും ജനിക്കാനിടയായിത്തീരുന്നു. കൎമ്മത്തിന്റെ ഫലമായ ആ ജീവിതത്തിലും കൎമ്മം ചെയ്യാനുള്ള വാസനയല്ലാതെ കൎമ്മത്തെ ഉപേക്ഷിക്കാനോ സംസാരത്തിൽനിന്നു നിവൎത്തിക്കാനോ ഉള്ള വാസനയുണ്ടാവില്ല. അതിനാൽ പിന്നെയും കൎമ്മം ചെയ്യുന്നു. എന്നാൽ അപ്പോഴെങ്കിലും പുണ്യത്തിന്റെ ഫലമായോ അഥവാ സൽസംഗത്തിന്റെ ഫലമായോ വിവേകമുണ്ടാവുന്നുവെന്നിരിക്കട്ടെ; എന്നാൽ ധൎമ്മത്തെ മാനിക്കുകയും ധൎമ്മം നിറവേറലാണു് കൎമ്മംകൊണ്ടുള്ള ആവശ്യമെന്നും ധരിക്കുന്നു. പശ്വാദിഭൗതികസമ്പത്തിനെയോ സ്വൎഗ്ഗാദിസുഖങ്ങളെയോ ആഗ്രഹിക്കാതെ ധൎമ്മത്തെ സൎവ്വോപരി മാനിക്കുന്നുവെന്ന കാരണത്താൽ ധൎമ്മവൃദ്ധികൊണ്ടു ജീവന്റെ പാപം നശിക്കുന്നു. പാപം നശിച്ചു ശുദ്ധിയുണ്ടാവുമ്പോൾ ജ്ഞാനത്തിന്നൎഹതയും ജ്ഞാനംകൊണ്ടു മോക്ഷവും സാധിക്കുന്നു. അല്ല, അപ്പോഴും വിവേകവൈരാഗ്യങ്ങളില്ലാതെ തുച്ഛങ്ങളായ സംസാരാനുഭവങ്ങൾക്കുവേണ്ടിത്തന്നെ കൎമ്മം ചെയ്യുന്നുവെങ്കിൽ പിന്നെയും പുണ്യപാപാത്മകങ്ങളായ അനുഭവങ്ങളും ജനനമരണങ്ങളും ആവൎത്തിക്കുകയും ചെയ്യുന്നു.

ധൃതരാഷ്ട്ര ഉവാച—

യാനിഹാഹുഃ സ്വസ്യ ധർമ്മസ്യ ലോകാൻ
ദ്വിജാതീനാം പുണ്യകൃതാം സനാതനാൻ
തേഷാം ക്രമാൽ കഥയ തതോപി ചാന്യാ-
ന്നൈതദ്വിദ്വാൻ വേത്തുമിച്ഛാമി കർമ്മ. 26

സാരം:— ധൃതരാഷ്ട്രൻ വീണ്ടും ചോദിക്കയാണു്. ചാതുർമ്മാസ്യയാജിക്കു നാശമില്ലാത്ത സുകൃതമുണ്ടു് എന്നും മററും ശ്രുതിയുണ്ടല്ലോ. എന്നാൽ ഞാൻ ചോദിക്കട്ടെ, വേദോക്തങ്ങളായ പുണ്യകർമ്മങ്ങളെ ചെയ്യുന്ന ബ്രാഹ്മണാദിവർണ്ണങ്ങൾക്കു് അവരവരുടെ ധർമ്മാനുഷ്ഠാനത്തിന്റെ ഫലമായി നാശമില്ലാത്ത ഏതേതു ലോകങ്ങളാണു് കിട്ടുന്നതു്? അവയെ ക്രമപ്രകാരംതന്നെ എനിക്കറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. സർവ്വജ്ഞനായ അങ്ങെയ്ക്കെല്ലാമറിയാമല്ലോ. അതുകൊണ്ടു് അതിനെക്കൂടിപ്പറയൂ. അതിൽനിന്നും ശ്രേഷ്ഠമായ മോക്ഷാനുഭൂതിയെത്തരുന്ന കർമ്മങ്ങളെപ്പററിയും എനിക്കറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. നിഷിദ്ധങ്ങളായ കാമ്യകർമ്മങ്ങളെയോ അവയുടെ ഫലങ്ങളെയോ എനിക്കു കേൾക്കണമെന്നില്ല. അതിനാൽ എനിക്കാവശ്യമുള്ള—ഞാൻ ചോദിച്ച—കർമ്മങ്ങളെയും അവയുടെ ഫലങ്ങളായ ലോകങ്ങളെയുംകൂടി പറഞ്ഞുതരൂ.

സനൽസുജാത ഉവാച—

യേഷാം വ്രതേഥ വിസ്പർദ്ധാ
ബലേ ബലവതാമിവ

തേ ബ്രാഹ്മണാഃ ഇതഃ പ്രേത്യ
ബ്രഹ്മലോകപ്രകാശകാഃ. 27

സാരം:—ബലവാന്മാരായ മല്ലന്മാൎക്കു ദ്വന്ദ്വയുദ്ധത്തിൽ വാശിയും തന്റെ എതിരാളിയേക്കാൾ ശക്തി തനിക്കുണ്ടെന്ന അഭിമാനവും സ്പൎദ്ധയോടുകൂടിയ എതിൎപ്പും ഒക്കെയുണ്ടാവാറുണ്ടു്. അതുപോലെ യമനിയമാദിവ്രതാനുഷ്ഠാനങ്ങളിൽ മററുള്ളവരേക്കാൾ നിഷ്ഠയും ശക്തിയും തനിക്കുണ്ടെന്ന അഭിമാനവും മററുള്ളവരോടു സ്പൎദ്ധയും ഇല്ലാത്ത ബ്രഹ്മവ്രതനിഷ്ഠന്മാരായ ബ്രാഹ്മണർ ഈ ശരീരത്തെ വിട്ടുകഴിഞ്ഞാൽ, ഹേ രാജാവേ, ബ്രഹ്മലോകത്താണെത്തുന്നതു്. അവിടെ കഴിഞ്ഞുകൂടി അന്ത്യത്തിൽ ബ്രഹ്മദേവനോടുകൂടി മുക്തനാവുകയോ അഥവാ അതിനുമുമ്പുതന്നെ മുക്തനാവുകയോ ചെയ്യുന്നു. എന്നിങ്ങനെ സനൽസുജാതമഹൎഷി ധൎമ്മനിഷ്ഠയുടെ ഫലമായി ലഭിക്കുന്ന ഫലങ്ങളെ ക്രമപ്രകാരം പറയാൻ തുടങ്ങി.

യേഷാം ധൎമ്മേ ച വിസ്പൎദ്ധാ
തേഷാം തൽ ജ്ഞാനസാധനം
തേ ബ്രാഹ്മണാ ഇതോ മുക്താഃ
സ്വൎഗ്ഗം യാന്തി ത്രിവിഷ്ടപം. 28

സാരം:—സ്പൎദ്ധാസൂയാദിദോഷങ്ങൾകൊണ്ടു കലുഷങ്ങളാകാതെ യാഗാദിധൎമ്മങ്ങളെ ശ്രദ്ധയോടുകൂടി ചെയ്യുന്ന ബ്രാഹ്മണൎക്കു പ്രസ്തുത ധൎമ്മാനുഷ്ഠാനത്തിന്റെ ഫലമായി ജ്ഞാനസാധനമാകുന്ന ബ്രഹ്മജിജ്ഞാസയുണ്ടാവുന്നു. മാത്രമല്ല, ശരീരപാതാനന്തരം ദേവസ്ഥാനമായ

സ്വൎഗ്ഗത്തിൽ പോയി അവിടെയുള്ള ദിവ്യങ്ങളായ ഭോഗാനുഭവങ്ങളെക്കൊണ്ടു സുഖിക്കാനും ഇടയായിത്തീരുന്നു.

തസ്യ സമ്യക്ക സദാചാര-
മാഹുൎവ്വേദവിദോ ജനാഃ
നൈനം മന്യേത ഭൂയിഷ്ഠം
ബാഹ്യമാഭ്യന്തരം ജനം. 29

സാരം:—അങ്ങനെ ഇഹപരങ്ങളായ ലോകത്തിലെ ഭോഗങ്ങളെ കാംക്ഷിക്കാതെ ബ്രഹ്മജിജ്ഞാസയോടും ശ്രദ്ധയോടും കൂടും‌വണ്ണം ചെയ്യപ്പെടുന്ന യാഗാദിധൎമ്മാനുഷ്ഠാനം ശരിയായ ആചരണമാണെന്നാണ് വേദജ്ഞന്മാരായ പണ്ഡിതന്മാർ പറയുന്നതു്. എന്തുകൊണ്ടെന്നാൽ ബ്രഹ്മജിജ്ഞാസ ജീവനു മുക്തിഹേതുവാണ്. അതിനാൽ ജിജ്ഞാസയെ വളൎത്തുകയെങ്കിലും ചെയ്യുന്നുവെങ്കിൽ അതു സമ്യഗാചരണമാണെന്നു പറയണം. എങ്കിലും അങ്ങനെ ചെയ്യുന്നവരെ സമുദായത്തിൽ വേണ്ടത്ര മാനിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. വേണ്ടത്ര വേദജ്ഞാനമോ തീവ്രവൈരാഗ്യമോ ഇല്ലാത്തതുകൊണ്ടായിരിക്കാം അങ്ങനെ ചെയ്യുന്നതു്. എങ്കിലും ധൎമ്മം അനുഷ്ഠിക്കുന്നവനെന്ന നിലയിൽ സാമാന്യമായ മാന്യതയുണ്ടുതാനും.

യത്ര മന്യേത ഭൂയിഷ്ഠം
പ്രാവൃഷീവ തൃണോലപം
അന്നം പാനം ബ്രാഹ്മണസ്യ
തജ്ജീവേന്നാനുസംജ്വരേൽ. 30

സാരം:— ഇങ്ങനെ യോഗികളുടെയും ജിജ്ഞാസുക്കളുടെയും നിഷ്കാമവൎണ്ണാശ്രമികളുടെയും ഉത്തമമദ്ധ്യമാധ

മനസ്പത്രുപേണയുള്ള ധർമ്മാനുഷ്ഠാനത്തിൻെറ സമ്പ്രദായത്തെയും അവയുടെ ഫലങ്ങളെയും പറഞ്ഞശേഷം അഹിംസാപ്രധാനങ്ങളായ യോഗിധർമ്മങ്ങളെ പറയാൻ തുടങ്ങുകയാണു്. സന്യാസിയും പരിവ്രാജകനുമായ ബ്രാഹ്മണൻെറ പ്രാണസന്ധാരണത്തിനുള്ള വൃത്തി ഭിക്ഷയാണു്. എന്നാൽ അതും അന്നപാനീയങ്ങൾക്കു ദുർഭിക്ഷതയില്ലാത്ത സമ്പന്നന്മാരും ദാതാക്കളുമായ ഗൃഹസ്ഥന്മാരിൽനിന്നേ വാങ്ങാവൂ. വർഷക്കാലത്തു കണക്കില്ലാതെ പൊട്ടിമുളച്ചുണ്ടാവുന്ന പുൽക്കൂട്ടങ്ങളുടെ മധ്യത്തിലുള്ള നീണ്ട പുല്ലു മററു തൃണങ്ങളുടെ ആഹാരത്തെക്കൂടി വലിച്ചെടുത്തു് അവയെ നശിപ്പിക്കുംപോലെ ദരിദ്രരായ ഗൃഹസ്ഥന്മാരുടെ ഗൃഹത്തിൽ പോയി ഭിക്ഷ വാങ്ങി അവരെ ക്ലേശിപ്പിക്കരുതു്. അങ്ങനെ ചെയ്യുന്നതു് ഒരു പ്രകാരത്തിൽ ഹിംസതന്നെയാണു്.

യത്രാകഥയമാനസ്യ
പ്രയച്ഛത്യശിവം ഭയം
അതിരിക്തമിവാകുർവ്വൻ
സ ശ്രേയാന്നേതരോ ജനഃ. 31

സാരം:—തന്നെപ്പററിയോ തൻെറ മാഹാത്മ്യത്തെപ്പററിയോ അറിയപ്പെട്ടിട്ടില്ലാത്ത പ്രദേശത്തു തനിക്കു കൂടുതൽ മാന്യത കിട്ടാനർഹതയില്ലല്ലോ. അങ്ങനെയുള്ള സ്ഥലത്തു താമസിച്ചു തന്നെക്കുറിച്ചു് ഒന്നും പ്രകാശിപ്പിക്കാതെ അടങ്ങിയിരുന്നു സാധനാനുഷ്ഠാനങ്ങളെ ചെയ്തു തൻെറ അനുഭൂതിയെയും ജ്ഞാനത്തെയും വർദ്ധിപ്പിക്കുന്നവൻ മററുള്ളവരേക്കാൾ ശ്രേഷ്ഠനാണു്. എന്തുകൊ

ണ്ടെന്നാൽ ആ അജ്ഞാതസ്ഥലത്തു താമസിക്കുമ്പോഴെ ങ്കിലും അദ്ദേഹം തൻെറ വൎദ്ധിച്ച അഭിമാനത്തെ വിട്ടി രിക്കുന്നു എന്നതുകൊണ്ടുതന്നെ.

യോ വാ കഥയമാനസ്യ
നാത്മാനം നാനുസംജ്വരേൽ
ബ്രഹ്മസ്വം നോപഭുഞ്ജീത
തദന്നം സമ്മതം സതാം. 32

സാരം:— തന്നെയും മററുള്ളവരെയും താരതമ്യ പ്പെടുത്തി വല്ലവരും സംസാരിക്കുമ്പോൾ അതിനെ കേട്ടു തന്നേക്കാൾ പ്രൌഢിയുണ്ടു് വേറെ ചിലൎക്കെന്നറിഞ്ഞു് അവരോടു് അസൂയാദോഷമുണ്ടാവരുതു്. ഭിക്ഷ വാങ്ങി ഭക്ഷിക്കുന്നതും ആരോടെങ്കിലുമാവരുതു്. ബ്രഹ്മചാരി കൾക്കോ സന്യാസിമാൎക്കോ ഭിക്ഷ കൊടുത്തല്ലാതെ ആ ഹാരം കഴിക്കില്ലെന്ന നിഷ്ഠയുള്ള ഗൃഹസ്ഥൻെറ കയ്യിൽ നിന്നാണു് അന്നം വാങ്ങി ഭക്ഷിക്കേണ്ടതു്. എന്തുകൊ ണ്ടെന്നാൽ അതിൽ ദോഷമില്ല. അതുകൊണ്ടു സജ്ജന ങ്ങൾ അങ്ങനെയുള്ള ഭിക്ഷാന്നത്തെയാണു് ശ്രേഷ്ഠമായി കരുതിവരുന്നതു്.

യഥാ സ്വം വാന്തമശ്നാതി
ശ്വാ വൈ നിത്യമഭൂയതേ
ഏവം തേ വാന്തമശ്നന്തി
സ്വവീൎയ്യസ്യോപസേവനാൽ. 33

സാരം:— തൻെറ പാണ്ഡിത്യത്തെയും അറിവിനെ യും പ്രദൎശിപ്പിച്ചു് അതുകൊണ്ടുപജീവനം കഴിക്കുന്ന സ ന്യാസിമാർ ഒരു പ്രകാരത്തിൽ വമിച്ചതിനെ തിന്നുന്ന

ശ്വാവിനെപ്പോലെയാണെന്നു പറയണം. നിന്ദ്യവും നീചവുമായ ഉപജീവനമാൎഗ്ഗമാണു് അതെന്നു താല്പൎയ്യം.

നിത്യമജ്ഞാതചൎയ്യാ മേ
ഇതി മന്യേത ബ്രാഹ്മണഃ
ജ്ഞാതീനാം തു വസൻ മദ്ധ്യേ
തം വിദുൎബ്രാഹ്മണം ബുധാഃ. 34

സാരം:—ജ്ഞാതിജനങ്ങളുടെ മദ്ധ്യത്തിൽ താമസിച്ചുകൊണ്ടിരിക്കെത്തന്നെ എൻെറ ചൎയ്യയെ ആരും അറിയരുതെന്നുദ്ദേശിക്കുകയും അതുപ്രകാരം ആരും അറിയാനിടവരാത്ത യോഗസിദ്ധികളും ജ്ഞാനവൈഭവങ്ങളും നിറഞ്ഞു തികഞ്ഞ തേജസ്വിയായിട്ടിരിക്കുന്നുവെങ്കിൽ അങ്ങനെയുള്ള ആളെയാണു് അഭിജ്ഞന്മാർ ഉത്തമബ്രാഹ്മണനെന്നു പറഞ്ഞുവരുന്നതു്.

കോ ഹ്യനന്തരമാത്മാനം
ബ്രാഹ്മണോ ഹന്തുമൎഹതി
നിൎല്ലിംഗമചലം ശുദ്ധം
സൎവ്വദ്വൈതവിവൎജ്ജിതം. 35

സാരം:— മുൻപറയപ്പെട്ട തോതിലുള്ള യോഗാദ്യനുഷ്ഠാനങ്ങൾ കൂടാതെ ജനനമാത്രബ്രാഹ്മണത്വംകൊണ്ടു് ആരാണു് ആത്മാവിനെ പ്രാപിക്കുന്നതു്? ഊഹാപോഹങ്ങളെക്കൊണ്ടു് അറിയാൻ കഴിയാത്തതും ചഞ്ചലങ്ങളായ കരണങ്ങൾക്കു ഗ്രഹിക്കാൻ കഴിയാത്ത നിലയിൽ നിശ്ചലവും ഗുണമയിയായ പ്രജ്ഞയ്ക്കറിയാൻ കഴിയാത്ത നിലയിൽ നിൎഗ്ഗുണവും അതുകാരണത്താൽ കൎമ്മസംബന്ധമില്ലാത്തതും പരമപരിശുദ്ധവും സൎവ്വോപാധിവിനി

മ്മുക്തവും അതിനാൽ കേവലാദ്വൈതവുമായ ആത്മ
തത്വത്തെ അറിയുകയെന്നതുതന്നെ എത്രയോ വിഷമ
മേറിയ കാര്യമാണെന്നിരിക്കെ, യോഗാനുഷ്ഠാനവും ത
ത്വവിചാരവും തീവ്രവൈരാഗ്യവും മററുമില്ലാത്ത ഒ
രാൾക്കെങ്ങനെ പ്രാപിക്കാൻ കഴിയും?

തസ്മാദധി ക്ഷത്രിയസ്യാപി
ബ്രഹ്മാ വസതി പശ്യതി. 36

സാരം:—മുൻപറയപ്പെട്ട യോഗാഭ്യാസവും തത്വ
വിചാരവും തീവ്രവൈരാഗ്യവുമൊക്കെയുണ്ടെങ്കിൽ ബ്രാ
ഹ്മണേതരന്മാർക്കും ബ്രഹ്മപ്രാപ്തിക്കു തടസ്ഥമില്ലതാനും.
അവയൊന്നുമില്ലെങ്കിൽ ബ്രാഹ്മണനും ബ്രഹ്മപ്രാപ്തി
യില്ല. അഭ്യാസവും ജ്ഞാനവൈരാഗ്യങ്ങളുമാണു് ആ
ത്മപ്രാപ്തിക്കുള്ള ഉപാധികളെന്നു താൽപര്യം.

യോഽന്യഥാ സന്തമാത്മാന-
മന്യഥാ പ്രതിപദ്യതേ
കിം തേന ന കൃതം പാപം
ചൗര്യേണാത്മാപഹാരിണാ. 37

സാരം:—മുൻപറഞ്ഞ തോതിൽ ആത്മപ്രാപ്തിക്കു
പററാത്ത തോതിൽ ശരീരാഭിമാനത്തോടും ശരീരാത്മഭാ
വത്തോടും ജീവിക്കുന്നുവെങ്കിൽ പിന്നെ പറയേണ്ടതില്ല;
എന്തു പാപമാണു് അയാൾ ചെയ്യാത്തതു്! തന്നിൽ
താനായി വിളങ്ങിക്കൊണ്ടിരിക്കുന്ന ആത്മാവിനെ അറി
യുന്നില്ലെങ്കിൽ പിന്നെ എന്തിനെയാണറിയുന്നതു്!
താനാകുന്ന ആത്മാവിനെ വഞ്ചിക്കാമെങ്കിൽ പിന്നെ
ആരെയാണു് വഞ്ചിച്ചുകൂടാത്തതു്!

അശ്രാന്തഃ സ്വാദനാദാതാ
സമ്മതോ നിരുപദ്രവഃ
ശിഷ്ടോ ന ശിഷ്ടവൽ സ സ്യാൽ
ബ്രാഹ്മണോ ബ്രഹ്മവിൽ കവിഃ. 38

സാരം:— ആത്മതത്ത്വത്തിൽ പ്രതിപത്തിയുണ്ടാവാനുള്ള ഉപായത്തെപ്പറയുന്നു. കർമ്മങ്ങളെ ചുരുക്കി ലോകവ്യവഹാരങ്ങളിൽനിന്നു നിവൃത്തനായിരിക്കുക. കർമ്മങ്ങളും ലോകവ്യവഹാരവും ചുരുങ്ങുമ്പോൾ ആവശ്യങ്ങൾക്കു മററുള്ളവരെ ആശ്രയിക്കേണമെന്നു വരും. അതു കൂടാതെ കഴിക്കുകയും വേണം. കർമ്മങ്ങളോടൊപ്പം ആവശ്യങ്ങളും ചുരുങ്ങണം. ആവശ്യങ്ങൾ ചുരുങ്ങിയാൽ ആരോടും അധികമായി ഒന്നും വാങ്ങേണ്ടിയും വരില്ല. ലോകത്തിൽ വ്യവഹരിക്കാതെയും ആരോടും ഒന്നും വാങ്ങാതെയും അടങ്ങിയൊതുങ്ങി തത്ത്വവിചാരവും ധർമ്മാനുഷ്ഠാനവും മാത്രമായി കഴിയുമ്പോൾ ജനങ്ങൾക്കു സമ്മതനായിത്തീരും. നിരുപദ്രവിയും ശിഷ്ടനുമാണെന്നു തന്നെപ്പററി ജനങ്ങൾ പറയാൻ തുടങ്ങും. എന്നാൽ താൻ സ്വയമേവ ശിഷ്ടനെന്നു ഭാവിക്കാതിരിക്കുകയും വേണം. അങ്ങനെ ജീവിക്കുന്ന ബ്രാഹ്മണൻ കാലംകൊണ്ടു ബ്രഹ്മജ്ഞനും ക്രാന്തദർശിയുമായിത്തീരുകയും ചെയ്യും.

അനാഢ്യാ മാനുഷേ വിത്തേ
ആഢ്യാ ദൈവേ തഥാ ക്രതൗ
തേ ദുർദ്ധർഷാ ദുഷ്പ്രകമ്പ്യാഃ
താൻ വിദ്യാൽ ബ്രഹ്മണസ്തനും. 39

സാരം:—ചക്ഷുൎഗ്രാഹ്യങ്ങളായ ധനദാരഗൃഹാദിമനുഷ്യസമ്പത്തിൽ ദരിദ്രന്മാരും എന്നാൽ ധൎമ്മാനുഷ്ഠാനത്തിലും ഈശ്വരോപാസനയിലും സമ്പന്നന്മാരുമായ ബ്രാഹ്മണരെ ആൎക്കും പ്രലോഭിപ്പിക്കാനോ അവരുടെ ധൎമ്മനിഷ്ഠയിൽനിന്നു ചലിപ്പിക്കാനോ സാധിക്കില്ല. സൎവ്വസംഗപരിത്യാഗംചെയ്തു വിഷയസംബന്ധമോ ലോകവ്യവഹാരമോ ഇല്ലാതെ എപ്പോഴും ധൎമ്മാനുഷ്ഠാനവും ഈശ്വരോപാസനവും മാത്രമായിക്കഴിയുന്നവർ സൎവ്വാദരണീയന്മാരാണെന്നു താൽപൎയ്യം. അവർ കേവലം ബ്രഹ്മസ്വരൂപികളാണെന്നുപോലും പറയണം.

സൎവ്വാൽ സ്വിഷ്ടകൃതോ ദേവാൻ
വിദ്യാദ്യ ഇഹ കശ്ചന
ന സമാനോ ബ്രാഹ്മണസ്യ
തസ്മിൻ പ്രയതതേ സ്വയം. 40

സാരം:— എല്ലാവിധയാഗങ്ങളെക്കൊണ്ടും ഇഷ്ടകൎത്താക്കളായ എല്ലാ ദേവന്മാരേയും യജിക്കുന്നുണ്ടു് ഒരാളെന്നിരിക്കട്ടെ; എന്നാൽപ്പോലും ബ്രഹ്മജ്ഞനായ ഒരാളോടു സമനല്ലെന്നുതന്നെ പറയണം. എന്തുകൊണ്ടെന്നാൽ ദേവതാപ്രസാദരൂപേണ വന്നുചേരുന്ന യാഗങ്ങളെല്ലാംതന്നെയും ക്ഷണികങ്ങളും നശ്വരവുമാണു്. എന്നാൽ ബ്രഹ്മജ്ഞാനത്തിന്റെ ഫലമായ മോക്ഷമാകട്ടെ, സ്വാഭാവികസ്ഥിതിയാകയാൽ ഒരിക്കലും നാശമില്ലാത്തതുമാണു്. അതിനാൽ ജ്ഞാനംതന്നെ സൎവ്വോൽകൃഷ്ടമായിരിക്കുന്നതു്.

യമപ്രയതമാനം തു
മാനയന്തി സ മാനിതഃ
ന മാന്യമാനോ മന്യേത
ന മാന്യമഭിസംജ്വരേൽ. 41

സാരം:—യജ്ഞാദിസർവ്വകർമ്മങ്ങളിൽനിന്നും നിത്യനിവൃത്തനായി കേവലം ബ്രഹ്മനിഷ്ഠയിൽത്തന്നെ മുഴുകിക്കഴിയുന്ന ജ്ഞാനിയെ എല്ലാവരും മാനിക്കുന്നു. എന്നാൽ താൻ ബഹുമാന്യനാണെന്ന ഭാവമോ അഭിമാനമോ അദ്ദേഹത്തിനൊട്ടില്ലതാനും. അങ്ങനെയുള്ളവർ ശ്രേഷ്ഠന്മാരാണു്. അതിനാൽ അവരെ മാനിക്കാതിരിക്കയുമരുതു്.

ലോകഃ സ്വഭാവവൃത്തിർഹി
നിമേഷോന്മേഷവൽ സദാ
വിദ്വാംസോ മാനയന്തീഹ
ഇതി മന്യേത മാനിതഃ. 42

സാരം:—ലോകം സ്വഭാവവൃത്തിയാണു്. നിമേഷോന്മേഷങ്ങൾപോലെ സ്വാഭാവികങ്ങളായ ചില വൃത്തികളുണ്ടു് ലോകത്തിനു്. അതനുസരിച്ചാണു് എന്നെ മററുള്ളവർ മാനിക്കുന്നതു്, അല്ലാതെ എന്നിൽ മാനിക്കത്തക്ക ഗുണങ്ങളൊന്നുമുണ്ടായിട്ടല്ല എന്നാണു് മാനിക്കപ്പെട്ടുന്നവൻ ബോധിക്കേണ്ടതും.

അധർമ്മനിപുണാ മൂഢാ
ലോകേ മായാവിശാരദാഃ
ന മാന്യം മാനയിഷ്യന്തി
മാന്യാനാമവമാനിനഃ. 43

സാരം:—അധമ്മത്തെ പ്രവത്തിക്കാനും ധമ്മത്തെ നിരസിക്കാനും സമത്ഥന്മാരും കപടകാൎയ്യങ്ങളിൽ വിശാരദന്മാരുമായ ചില മൂഢന്മാരുണ്ടു് ലോകത്തിൽ. മാന്യന്മാരെ മാനിക്കാതിരിക്കുകയെന്നതവൎക്കൊരു രസമാണു്. മാത്രമല്ല, മാനനീയന്മാരെ അവമാനിക്കാൻ സാധിച്ചാൽ അതൊരു നേട്ടമായിക്കൂടി അവർ കരുതും. അങ്ങനെയുള്ള പ്രാകൃതന്മാരെ പശുക്കളെയെന്നപോലെ ഉപേക്ഷിക്കേണ്ടതാണു്.

ന വൈ മാനം ച മൗനം ച
സഹിതൗ വസതഃ സദാ
അയം ഹി ലോകോ മാനസ്യ
അസൗ മൗനസ്യ തദ്വിദുഃ. 44

സാരം:—മാനവും മൗനവും ഒരേ സമയത്തു് ഒരാളിലുണ്ടാവാൻ വയ്യാ. എന്തുകൊണ്ടെന്നാൽ രണ്ടും അന്യോന്യവിരുദ്ധങ്ങളാണു്. മാനികളുടെ അനുഭവം ഈ ലോകത്തേതും മൗനികളുടെ അല്ലെങ്കിൽ യോഗികളുടെ അനുഭവം ലോകാതീതവുമാണു്. അതിനാൽ അഭിമാനിയിൽ മുനിവൃത്തിയോ മുനിവൃത്തിയിൽ അഭിമാനമോ ഉണ്ടാവാൻ വയ്യാ.

ശ്രീഃ സുഖസ്യേഹ സംവാസഃ
സാ ചാപി പരിപന്ഥിനീ
ബ്രാഹ്മീ സുദുർല്ലഭാ ശ്രീൎഹി
പ്രജ്ഞാഹീനേ ന ക്ഷത്രിയ. 45

സാരം:—ധനഗൃഹകുടുംബാദിസ്വരൂപമായ സമ്പത്തു സുഖത്തിൻെറയും മാനത്തിൻെറയും ഇരിപ്പിടമാ

ണെന്നു പറയാം. ഐഹികങ്ങളായ എല്ലാ സുഖാനു ഭവങ്ങളും അതിലൂടെ ഒരാറക്കനുഭവിക്കാൻ കഴിയുന്നു. എന്നാൽ അപ്രകാരമുള്ള ഐശ്വയ്യവും ആമുഷ്മികസുഖത്തിന്നു വിഘാതമാണു്. വൈദികജ്ഞാനമാകുന്ന സമ്പത്തു് എല്ലാററിലുംവെച്ചു ശ്രേഷ്ഠമാണു്. പക്ഷേ ബുദ്ധിമാന്മാക്കല്ലാതെ മന്ദബുദ്ധികറക്കതുണ്ടാവാൻ വയ്യാ.

ദ്വാരാണി തസ്യേഹ വദന്തി സന്തോ
ബഹുപ്രകാരാണി ദുരാധരാണി
സത്യാജ്ജവേ ഹ്രീദ്ദമശൗചവിദ്യാ
യഥാ ന മോഹപ്രതിബോധനാനി. 46

സാരം:—സത്യം, ആജ്ജവം, ലോകാപവാദത്തിൽ ലജ്ജ, ഇന്ദ്രിയങ്ങളുടെയും മനസ്സിൻെറയും അടക്കം, ബാഹ്യാഭ്യന്തരശുദ്ധി, ശരിയായ വേദജ്ഞാനം എന്നിങ്ങനെ ആറാണു് ബ്രഹ്മജ്ഞാനസുഖത്തിൻെറ മാഗ്ഗങ്ങറ. അവയെ സുരക്ഷിതങ്ങളാക്കി സൂക്ഷിക്കുകയെന്നതു വിഷമംപിടിച്ച കായ്യമാണു്. എങ്കിലും സൂക്ഷിക്കാൻ കഴിഞ്ഞാൽ മോഹത്തെ അകററുന്നവയാണു്.

# അദ്ധ്യായം 43

ധൃതരാഷ്ട്ര ഉവാച—

കസ്യൈഷ മൗനഃ കതരന്നു മൗനം
പ്രബ്രൂഹി വിദ്വന്നിഹ മൗനഭാവം
മൗനേന വിദ്വാനുത യാതി മൗനം
കഥം മുനേ മൗനമിഹാചരന്തി. 1

സാരം:—പൂർവ്വാദ്ധ്യായത്തിൽ മുനിവൃത്തിയും വേദജ്ഞാനസത്യാദി ആറു സംസ്കാരങ്ങളും മോഹസ്വരൂപമായ മൃത്യുവെ അകററുന്നവയാണെന്നു പറഞ്ഞു. അവയെത്തന്നെ വിവരിക്കാൻ തുടങ്ങുകയാണീ അദ്ധ്യായാരംഭത്തിൽ. അദ്ധ്യായാരംഭത്തിൽത്തന്നെ ധൃതരാഷ്ട്രമഹാരാജാവു ചോദിക്കയാണു്. അഞ്ചു ചോദ്യങ്ങളാണു് രാജാവു് ഈ ശ്ലോകത്തിലൂടെ ഉന്നയിക്കുന്നതു്. എന്താവശ്യത്തിനുവേണ്ടിയുള്ളതാണു് മുനിവൃത്തി എന്നാണൊന്നാമത്തെ ചോദ്യം. മൗനമെന്ന ശബ്ദത്തിൽനിന്നാണു് മുനിവൃത്തിയെന്നർത്ഥം കിട്ടിയതു്. ആ ശബ്ദത്തിന്നു മുനിവൃത്തിയെന്നും മിണ്ടാതിരിക്കലെന്നും നിദിധ്യാസമെന്നുമൊക്കെ അർത്ഥമുണ്ടു്. അതിൽ ഏതർത്ഥത്തിലാണു് ഇവിടെ മൗനശബ്ദം പ്രയോഗിച്ചിരിക്കുന്നതു് എന്നു രണ്ടാമത്തെ ചോദ്യം. മൗനത്തിൻെറ സ്വഭാവം അല്ലെങ്കിൽ ആചരണസമ്പ്രദായമെങ്ങനെ എന്നതു മൂന്നാമത്തെ ചോദ്യം. ജ്ഞാനിയായ ഒരാൾ മൗനാചരണം

കൊണ്ടു നിർവ്വികല്പഭാവത്തെ പ്രാപിക്കുമോ എന്നു നാലാമത്തെ ചോദ്യം. ഏതു രൂപത്തിലാണു് മൗനത്തെ ആചരിക്കേണ്ടതു് എന്നതു് അഞ്ചാമത്തെയും ചോദ്യം.

സനൽസുജാത ഉവാച—

യതോ ന വേദാ മനസാ സഹൈന-
മനുപ്രവിശന്തി തതോഥ മൗനം
യത്രോത്ഥിതോ വേദശബ്ദസ്തഥായം
സ തന്മയത്വേന വിഭാതി രാജൻ. 2

സാരം—അഞ്ചു ചോദ്യങ്ങളാണല്ലോ ധൃതരാഷ്ട്രൻ പൂർവ്വശ്ലോകത്തിൽ ചോദിച്ചതു്. പ്രസ്തുത അഞ്ചു ചോദ്യങ്ങൾക്കും സനൽസുജാതമഹർഷി ഈ ഒററ ശ്ലോകംകൊണ്ടു തന്ത്രസ്വരൂപേണ മറുപടി പറകയാണു്: 'വാക്കും മനസ്സും ആത്മാവിലെത്തുന്നില്ല' എന്നു ശ്രുതിയുണ്ടല്ലോ. അതിനാൽ ആത്മാവിനെ പ്രാപിക്കാൻവേണ്ടിയുള്ള മൗനം അല്ലെങ്കിൽ മുനിവൃത്തി വാഗാദി ഇന്ദ്രിയങ്ങളെയും മനസ്സിനെയും അതിക്രമിച്ചതാണു്. മുനിവൃത്തിയിൽ ഇന്ദ്രിയങ്ങൾക്കും മനസ്സിന്നും വ്യാപ്തിയില്ല. അവ വികസിക്കലോ പ്രവത്തിക്കലോ അല്ല, അടങ്ങലാണു് ആവശ്യമെന്നത്ഥം. അപ്പോൾ ധൃതരാഷ്ട്രൻെറ ഒന്നാമത്തെ ചോദ്യത്തിന്നു വാങ്മനോതീതമായ ആത്മപ്രാപ്തിയാണു് മൗനത്തിൻെറ ആവശ്യമെന്നും രണ്ടാമത്തെ ചോദ്യത്തിന്നു മനോബുദ്ധീന്ദ്രിയങ്ങളുടെ വിലയമാണു് മൗനത്തിൻെറ രൂപമെന്നും മറുപടി പറഞ്ഞുകഴിഞ്ഞു. ബാക്കി ചോദ്യങ്ങളുടെ മറുപടിയും ഇതേ ശബ്ദത്തിൽ തന്നെ അടങ്ങിയിരിക്കുന്നു. എങ്ങനെയെന്നാൽ വേദ

ശബ്ദത്തിന്നു വേദമെന്നൎത്ഥം. ത്രിവൎണ്ണാത്മകവും ത്രിമാത്രാത്മകവുമാണ് പ്രണവം. ഭൂലോകത്തിൽനിന്ന് അകാരവും, ഭുവൎല്ലോകത്തിൽനിന്ന് ഉകാരവും, സ്വൎല്ലോകത്തിൽനിന്നു മകാരവുമുണ്ടായി. പ്രസ്തുത മൂന്നു വൎണ്ണങ്ങളും കൂടിച്ചേൎന്നു പ്രണവമായിത്തീൎന്നു. പ്രസ്തുതവൎണ്ണങ്ങളിൽനിന്നുതന്നെ കരണത്രയവും അവസ്ഥാത്രയവുമുണ്ടായി. പ്രണവോപാസനംകൊണ്ടു പൂൎവ്വമാത്രകൾ ഉത്തരമാത്രകളിൽ ലയിച്ചു ക്രമേണ അവസ്ഥാത്രയത്തെയും കരണത്രയത്തെയും വിടുമ്പോൾ ഉപാസകൻ അമാത്രമാത്രയാകുന്ന തുരീയാവസ്ഥയിലെത്തും. അവിടെവെച്ച് ഉപാസ്യവസ്തുവിൻെറ താദാത്മ്യഭാവംകൊണ്ടു് ആത്മപ്രാപ്തിയുണ്ടാവും. മററു മൂന്നു ചോദ്യങ്ങളുടെയും മറുപടി ഈ വൎണ്ണനത്തിൽ അടങ്ങിയിരിക്കുന്നതിനാൽ ധൃതരാഷ്ട്രൻെറ അഞ്ചു ചോദ്യങ്ങൾക്കും മറുപടി പറഞ്ഞുകഴിഞ്ഞു, ഈ ശ്ലോകംകൊണ്ടു്.

ധൃതരാഷ്ട്ര ഉവാച—

ഋചോ യജൂംഷി യോ വേദ
സാമവേദം ച വേദ യഃ
പാപാനി കുൎവ്വൻ പാപേന
ലിപ്യതേ കിന്ന ലിപ്യതേ. 3

സാരം:—അതിനെ കേട്ടപ്പോൾ രാജാവു ചോദിക്കയാണ്. ഇന്ദ്രിയമനസ്സുകളെ അടക്കാനോ മുനിവൃത്തിയോ ഒന്നും സാധിച്ചിട്ടില്ല; എന്നിരുന്നാലും ഋഗാദി മൂന്നു വേദങ്ങളെയും പഠിച്ചിട്ടുണ്ടു്; വേദജ്ഞാനവുമുണ്ടു്. അങ്ങനെയുള്ളവൻ പാപം ചെയ്താൽ ആ പാപങ്ങൾ

അയാളെ ബാധിക്കുമോ? അഥവാ വേദജ്ഞാനംകൊണ്ടു് അവ നശിച്ചുപോകുമോ?

സനൽസുജാത ഉവാച—

നൈനം സാമാനി ഋചോ വാപി
ന യജൂംഷ്യവിചക്ഷണം
യാത്രാന്തേ കമ്മണഃ പാപാൽ
ന തേ മിഥ്യാ ബ്രവീമ്യഹം. 4

സാരം:—വേദജ്ഞാനത്തെ സമ്പാദിക്കുന്നതു കമ്മങ്ങളെയും കരണങ്ങളെയും അടക്കി സ്വരൂപത്തെ അറിഞ്ഞു പ്രാപിക്കാൻവേണ്ടിയാണു്. അങ്ങനെ ചെയ്യാത്ത ഒരാറക്കു വേദജ്ഞാനമുണ്ടെന്നു പറഞ്ഞതുകൊണ്ടു വിശേഷിച്ചു പ്രയോജനമൊന്നുമില്ല. അയാറ ശ്രേയോമാഗ്ഗത്തിൽ അസമത്ഥനാണെന്നാണു് വരുന്നതു്. അനുഭൂതിയില്ലാത്ത ജ്ഞാനമാത്രംകൊണ്ടു് അയാറക്കു പാപത്തിൽനിന്നു രക്ഷപ്പെടാൻ സാദ്ധ്യമല്ല. സാധ്യമാണെന്നു ചിലപ്പോറ ചിലർ പറഞ്ഞുകാണും: അതു വേദജ്ഞാനത്തിലുള്ള ആദരവിനെയും ബഹുമാനത്തെയും കാണിക്കുന്ന അത്ഥവാദംമാത്രമാണു്. എന്നാൽ, രാജാവേ, എനിക്കങ്ങനെ വെറും വാക്കു പറയാൻ വയ്യാ.

ന ഛന്ദാംസി വൃജിനാൽ താരയന്തി
മായാവിനം മായയാ വത്തമാനം
നീഡം ശകുന്താ ഇവ ജാതപക്ഷാഃ
ഛന്ദാംസ്യേനം പ്രജഹത്യന്ത്യകാലേ. 5

സാരം:—മായാനുഭവങ്ങളിൽനിന്നു നിവത്തിച്ചു മായാതീതനായി സ്വസ്വരൂപത്തെ പ്രാപിച്ചു ചരിതാത്ഥ

നാവാനുള്ളതാണ് വേദജ്ഞാനം. മുനിവൃത്തികൊണ്ടു് അതു ചെയ്യാതെ, ചില ദേവതോപാസനകളും ചെയ്തു്, അതുകൊണ്ടുതന്നെ അന്ത്യത്തിൽ മുക്തനാവുമെന്നു തെററിദ്ധരിച്ചു മായാവശഗനും വെറും വിഷയിയുമായി കഴിയുന്നവനെ അന്ത്യത്തിൽ അവന്റെ വേദജ്ഞാനമോ മന്ത്രോപാസനങ്ങളോ ഒന്നും രക്ഷിക്കാൻ പോവുന്നില്ല. ചിറകു മുളച്ചു പറക്കാറായ പക്ഷികൾ കൂടിനെ ഉപേക്ഷിക്കുംപോലെ അന്ത്യകാലത്തു വേദജ്ഞാനവും മന്ത്രോപാസനവുമെല്ലാം അവനെ ഉപേക്ഷിക്കും. ശിഷ്ടകർമ്മഫലങ്ങളെ അനുഭവിക്കാനായി പോവേണ്ടിവരികയും ചെയ്യും. അതിനാൽ ശ്രേയോമാർഗ്ഗത്തിൽ മുനിവൃത്തി ഉപേക്ഷിക്കാവുന്നതല്ല.

ധൃതരാഷ്ട്ര ഉവാച—

ന ചേദ്വേദാ വിനാ ധർമ്മം
ശക്താസ്ത്രാതും വിചക്ഷണ!
അഥ കസ്മാൽ പ്രലാപോയം
ബ്രാഹ്മണാനാം സനാതനഃ. 6

സാരം:—രാജാവു ചോദിക്കയാണു്: ശമം, ദമം, തപസ്സ്, ശൗചം, ക്ഷമ, ഋജുത്വം, ജ്ഞാനം, വിജ്ഞാനം, ആസ്തികത്വം തുടങ്ങിയ സ്വാഭാവികധർമ്മങ്ങളെ ആചരിക്കാതെ ജന്മമാത്രബ്രാഹ്മണത്വംകൊണ്ടോ അഥവാ വേദാദ്ധ്യയനമാത്രംകൊണ്ടോ ഒരാൾക്കെന്തു നേട്ടമാണുണ്ടാവാൻ പോവുന്നതു്? സ്വാഭാവികധർമ്മാചരണമെങ്കിലുമില്ലാത്ത ബ്രാഹ്മണത്വമോ വേദപാഠമോ ഒരാളെ രക്ഷിക്കാൻ പര്യാപ്തമല്ലെന്നു വ്യക്തമല്ലേ? ആ സ്ഥി

തിക്ക "വേദം പഠിച്ച ബ്രാഹ്മണനനിൽ എല്ലാ ദേവതകളും ഇരിക്കുന്നു", "ഋഗാദിവേദങ്ങളാൽ ശുദ്ധീകരിക്കപ്പെട്ടവൻ ബ്രഹ്മലോകത്തിൽ പൂജ്യനാവുന്നു" എന്നും മററുമുള്ള ശ്രുതിവാക്യങ്ങൾക്കെന്താണൎത്ഥം? അവ സ്ഥിരമായ ഒരു പ്രലാപമാണെന്നു പറഞ്ഞാൽ എന്താണു് തെററു്?

സനൽസുജാത ഉവാച—

തസ്യൈവ നാമാദിവിശേഷരൂപൈ-
രിദം ജഗൽ ഭാതി മഹാനുഭാവ!
നിൎദ്ദിശ്യ സമ്യക് പ്രവദന്തി വേദാഃ
തദ്വിശ്വവൈരൂപ്യമുദാഹരന്തി. 7

സാരം:—മഹാമനസ്കനായ ഹേ രാജാവേ! അനാദിയും അപ്രമേയവും അനന്തവുമായ ബ്രഹ്മതത്വംതന്നെയാണു് നാമരൂപാത്മകമായ ജഗത്തായിപ്പരിണമിച്ചിരിക്കുന്നതു്. ഗുണാത്മകവും സ്ഥൂലവുമായ ബ്രഹ്മംതന്നെയാണു് ജഗത്തു്. ബ്രഹ്മത്തിൽനിന്നന്യമായി ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ആ പരമാൎത്ഥത്തെ വേണ്ടപോലെ നിരൂപിക്കുകയും വെളിവാക്കുകയും ചെയ്യുന്നു വേദങ്ങൾ. വിശ്വവിലക്ഷണാകാരമായ ബ്രഹ്മമാണു് ജഗത്തെന്നു സ്ഥാപിക്കുന്നു വേദങ്ങൾ. ആ സ്ഥിതിക്കു വേദവാക്യങ്ങളും ബ്രഹ്മസ്വരൂപങ്ങൾതന്നെ. അവയെ ഉച്ചരിക്കുകയും പഠിക്കുകയും ശ്രവിക്കുകയും ചെയ്യുന്നു എന്നതു് ഒരു തരത്തിൽ ബ്രഹ്മോപാസനംതന്നെയാണു്. അതാണു് വേദപാഠത്തിന്നും വേദം പഠിച്ചവൎക്കും ഇത്രയൊക്കെ മാഹാത്മ്യം പറയുന്നതു്. എന്നിരുന്നാലും

പഠിച്ചിട്ടും ധമ്മത്തെ ആചരിക്കുന്നില്ലെങ്കിൽ വേദശബ്ദ ങ്ങളുടെ ഉച്ചാരണഫലംകൂടി നഷ്ടപ്പെട്ടുമെന്നാണു് പറയേണ്ടതും.

തദത്ഥയുക്തം തപ ഏതദിജ്യാ
താഭ്യാമസൗ പുണ്യമുപൈതി വിദ്വാൻ
പുണ്യേന പാപം വിനിഹത്യ പശ്ചാൽ
സഞ്ജായതേ ജ്ഞാനവിദീപിതാത്മാ. 8

സാരം:—വിശ്വവിലക്ഷണമായി പരമനിർഗ്ഗുണവും പരാൽപരവുമായ യാതൊരു ബ്രഹ്മതത്ത്വത്തെ ശ്രുതി പ്രകാശിപ്പിച്ചിരിക്കുന്നുവോ, അതിൻെറ പ്രാപ്തിതന്നെ ജന്മസാഫല്യം. അതു സാധിക്കാൻവേണ്ടിത്തന്നെയാണു് തപസ്സിനെയും യാഗാദികളെയും വിധിച്ചിരിക്കുന്നതു്. തപോയാഗാദ്യനുഷ്ഠാനംകൊണ്ടു പുണ്യവൃദ്ധിയും പാപക്ഷയവും സംഭവിക്കും. പാപം ക്ഷയിച്ചു പുണ്യം വദ്ധിക്കുമ്പോഠം ജ്ഞാനത്തിനുള്ള അഹ്ഹതയുണ്ടാവും. കേവലവും അദ്വൈതവുമായ പരമജ്ഞാനംകൊണ്ടു കൈവല്യത്തെ പ്രാപിക്കുകയും ചെയ്യാം. അതിനാൽ ജന്മലക്ഷ്യമാകുന്ന കൈവല്യപ്രാപ്തിക്കുവേണ്ടി വേദം പഠിച്ചാൽ പോരാ, ധമ്മത്തെ ആചരിക്കുകതന്നെ വേണം.

ജ്ഞാനേന ചാത്മാനമുപൈതി വിദ്വാൻ
അഥാന്യഥാ വഗ്ഗഫലാനുകാംക്ഷീ
അസ്മിൻ കൃതം തൽ പരിഗൃഹ്യ സവ്വം
അമുത്ര ഭുംക്തേ പുനരേതി മാൎഗ്ഗം. 9

സാരം:—ആത്മപ്രാപ്തിയിൽപ്പരമായി ഒരു ജീവനു് ഒന്നുംതന്നെ നേടാനില്ല. അതിനാൽ ആത്മപ്രാപ്തി

അല്ലെങ്കിൽ കൈവല്യംതന്നെ പരമപുരുഷാൎത്ഥം. അ ജ്ഞാനമാണു് ബന്ധത്തിന്നും ദുഃഖത്തിന്നും ഹേതു. ജ്ഞാനംകൊണ്ടുമാത്രമേ അവ നിവൎത്തിക്കു. അതിനാൽ അദ്വൈതമായ പരമജ്ഞാനംമാത്രമാണു് കൈവല്യ സാധനം. പുണ്യംകൊണ്ടു പാപം നശിച്ചു ശുദ്ധിയു ണ്ടാവുമ്പോൾ ജ്ഞാനത്തിന്നുള്ള അൎഹതയും ജ്ഞാനപ്രാ പ്തിയുമുണ്ടാവും. അങ്ങനെ വിവേകത്തോടുകൂടി ജീവിച്ചു് ആത്മജ്ഞാനത്തെ സമ്പാദിക്കാതിരിക്കുംകാലത്തോളം വിഷയഫലങ്ങൾക്കുവേണ്ടി കൎമ്മം ചെയ്യും. അതിൻെറ ഫലമായി മരണാനന്തരം അവശിഷ്ടകൎമ്മവാസനകളോടു കൂടി പരലോകത്തുവെച്ചു് അനുരൂപങ്ങളായ നരകസ്വ ൎഗ്ഗാദിഫലങ്ങളെ അനുഭവിച്ചു വീണ്ടും ഇതേ ലോകത്തിൽ ത്തന്നെ ഏതെങ്കിലും യോനിയിൽ കൎമ്മഫലങ്ങൾക്കനു രൂപമായി ജനിക്കാനിടയാവുന്നു. അപ്പോഴും കൎമ്മം ചെയ്യുന്നു. അങ്ങനെ ജനനങ്ങൾ ആവൎത്തിച്ചുകൊണ്ടേ യിരിക്കുന്നു.

അസ്മിൽ ലോകേ തപസ്തപ്തം
ഫലമന്യത്ര ഭുജ്യതേ
ബ്രാഹ്മണാനാമിമേ ലോകാ
ധാതേ തപസി തിഷ്ഠതാം. 10

സാരം:—തപോയാഗാദ്യനുഷ്ഠാനംകൊണ്ടു ജ്ഞാന ത്തിന്നു് അൎഹതയും ജ്ഞാനപ്രാപ്തിയുമുണ്ടാവുമെന്നു പറ ഞ്ഞുവല്ലോ. എന്നാൽ അങ്ങനെ ചെയ്യുന്ന എല്ലാവരി ലും അതുണ്ടായിക്കാണുന്നില്ല അതിനെന്തു കാരണമെ ന്നാണെങ്കിൽ വിവേകികളുടെ കഥയാണു് പറഞ്ഞതു്.

വിവേകികളായ ബ്രാഹ്മണർ അവരുടെ തപസ്സിൻെറ ഫലത്തെ ഈ ലോകത്തുവെച്ച് ഇതേ ജീവിതത്തിൽ ത്തന്നെ അനുഭവിക്കുന്നു. ജ്ഞാനപ്രാപ്തിയാണ് തപസ്സിൻെറ ഫലം. അതുണ്ടാവുമെന്നു താത്പര്യം. അവിവേകികൾക്കാകട്ടെ, ജ്ഞാനത്തിന്നുള്ള പാകത വന്നിട്ടില്ലാത്തതുകൊണ്ടു സ്വർഗ്ഗാദിലോകങ്ങളാണ് അവരുടെ തപസ്സിൻെറ ഫലം. അതാണവരാഗ്രഹിക്കുന്നതും. അതന്യലോകത്തുവെച്ചനുഭവിക്കുകയും ചെയ്യുന്നു.

ധൃതരാഷ്ട്ര ഉവാച—

കഥം സമൃദ്ധമസമൃദ്ധം
തപോ ഭവതി കേവലം
സനൽസുജാത! തൽ ബ്രൂഹി
യഥാ വിദ്യാമതദ്വയം. 11

സാരം:— അപ്പോൾ ധൃതരാഷ്ട്രരാജാവു ചോദിക്കയാണ്: 'ഒരേ തപസ്സുതന്നെ വിവേകിയും അവിവേകിയും ഒരേ രൂപത്തിൽ ആചരിച്ചാൽ രണ്ടുപേക്കും രണ്ടു ഫലമാണുണ്ടാവുന്നതെന്നുവന്നാൽ, അതു് അവരുടെ വിവേകത്തിൻെറയും അവിവേകത്തിൻെറയും ഫലമെന്നല്ലാതെ തപസ്സിൻെറ ഫലമാണെന്നെങ്ങനെ പറയാം? ഒരേ പ്രവൃത്തിക്കു രണ്ടുപേക്കു വ്യത്യസ്തങ്ങളായ ഫലങ്ങൾ എങ്ങനെയുണ്ടാവുന്നുവെന്നു്, ഹേ സനൽസുജാതമഹർഷേ! അങ്ങു പറഞ്ഞുതരു.

സനൽസുജാത ഉവാച—

നിഷ്ക്കല്മഷം തപസ്ത്വേതൽ
കേവലം പരിചക്ഷതേ
ഏതൽ സമൃദ്ധമപ്യൃദ്ധം
തപോ ഭവതി കേവലം. 12

സാരം:—മഹർഷി മറുപടി പറകയാണു്: ആഗ്രഹത്തോടും അശ്രദ്ധയോടും കൂടിയ തപസ്സു നിഷ്ക്കല്മഷമല്ല. അതിനാൽ അതു ജ്ഞാനസാധനമാവാൻ വയ്യാ, സ്വർഗ്ഗസാധനമേ ആവാൻ വയ്യൂ. മിക്കപ്പോഴും അങ്ങനെയുള്ളതായിരിക്കും അവിവേകികളുടെ തപസ്സ്. അതിനെ തപസ്സെന്നല്ല, സമൃദ്ധമെന്നാണു് ശ്രുതി പറയുന്നതു്. അതുതന്നെ ദംഭോടുകൂടിയുമായാൽ ഋദ്ധമെന്നും പറയുന്നു. അങ്ങനെയുള്ളതല്ല വിവേകികളുടെ തപസ്സ്. ആഗ്രഹമില്ലാത്തതും ശ്രദ്ധയോടുകൂടിയതുമാണു്. അതിനാൽ അവരുടെ തപസ്സാകട്ടെ, ജ്ഞാനസാധനവുമാണു്.

തപോമൂലമിദം സർവ്വം
യന്മാം പൃച്ഛസി ക്ഷത്രിയ!
തപസാ വേദവിദ്വാംസഃ
പരം ത്വമൃതമാപ്നുയുഃ. 13

സാരം:—ഹേ രാജാവേ! ഇവിടെക്കാണുന്ന എല്ലാ അനുഭവങ്ങളും തപസ്സിന്റെ ഫലമാണു്. എന്നാൽ അവിവേകികൾക്കു തപസ്സുകൊണ്ടു ഭോഗപദാർത്ഥങ്ങളെ മാത്രമേ നേടാൻ കഴിയുന്നുള്ളു. അതേ തപസ്സുകൊണ്ടു തന്നെ വേദജ്ഞാനസമ്പന്നന്മാരായ വിവേകികൾ അമൃതത്വത്തെയും പ്രാപിക്കുന്നു.

ധൃതരാഷ്ട്ര ഉവാച—

കല്മഷം തപസോ ബ്രൂഹി
ശ്രുതം നിഷ്ക്കല്മഷം തപഃ
സനൽസുജാത! യേനേദം
വിദ്യാം ഗൃഹ്യം സനാതനം. 14

സാരം:—വീണ്ടും ധൃതരാഷ്ട്രരാജാവു ചോദിക്കയാണു്: അല്ലേ സനൽസുജാതമഹൎഷേ! തപസ്സ നിഷ്ക്കല്മഷമാണെന്നു പ്രസിദ്ധമാണു്. ശ്രുതിയിലും അങ്ങനെ പറഞ്ഞിട്ടുണ്ടു്. എല്ലാവിധകല്മഷങ്ങളും തപസ്സുകൊണ്ടു നീങ്ങുമെന്നാണല്ലോ പറഞ്ഞുവരുന്നതു്. അങ്ങനെയുള്ള തപസ്സിൽത്തന്നെ കല്മഷം കടന്നുകൂടുന്നുവെങ്കിൽ അതു് അറിയപ്പെടേണ്ട ഒന്നാണു്. എന്തൊക്കെയാണു് തപസ്സിൻെറ കല്മഷങ്ങളെന്നു വിസ്തരിച്ചു പറയൂ. എപ്രകാരമുള്ള തപസ്സുകൊണ്ടാണു് ശാശ്വതമായ ബ്രഹ്മവിദ്യയെ പ്രാപിക്കുന്നതെന്നും പറയൂ.

സനൽസുജാത ഉവാച—

ക്രോധാദയോ ദ്വാദശ യസ്യ ദോഷാ-
സ്തഥാ നൃശംസാനി ദശത്രി രാജൻ!
ധൎമ്മാദയോ ദ്വാദശൈതേപി നൄണാം
ശാസ്ത്രേ ഗുണാ യേ വിദിതാ ദ്വിജാനാം. 15

സാരം:—ക്രോധാദിവൎഗ്ഗം പന്ത്രണ്ടും നൃശംസവൎഗ്ഗം പതിമൂന്നും, ധൎമ്മാദിവൎഗ്ഗത്തിന്നു വിരുദ്ധങ്ങളാണെന്ന കാരണത്താൽ തപസ്സിൻെറ കല്മഷങ്ങളാണു്. അവയോടുകൂടാതേയും ധൎമ്മാദിവൎഗ്ഗം പന്ത്രണ്ടോടുകൂടിയുമുള്ള

തപസ്സ്, ഹേ രാജാവേ! മോക്ഷഹേതുകമാണ് എന്നാണ് മനവാദിവംശകത്താക്കളുടേയും ശാസ്ത്രങ്ങളുടേയും അഭിപ്രായം. വഗ്ഗങ്ങളെ അടുത്ത ശ്ലോകങ്ങളിൽ വിവരിക്കുന്നുണ്ട്.

ക്രോധഃ കാമോ ലോഭമോഹൗ വിധിത്സാ
കൃപാസൂയേ മാനശോകൗ സ്പൃഹാ ച
ഈർഷ്യാ ജുഗുപ്സാ ച മനുഷ്യദോഷാഃ
വജ്ജ്യാസ്സദാ ദ്വാദശൈതേ നരാണാം. 16

സാരം:—ക്രോധം, കാമം, ലോഭം, മോഹം, തൃഷ്ണ, നിർദ്ദയത്വം, അസൂയ, അഭിമാനം, ശോകം, ആസക്തി, ഈർഷ്യ, നിന്ദാബുദ്ധി എന്നീ പന്ത്രണ്ടാണ് ക്രോധാദിവഗ്ഗമെന്നു പറയപ്പെട്ടതു്. ഇവ യോഗിക്കെന്നല്ല, ഏതൊരു മനുഷ്യനും ദോഷങ്ങൾതന്നെയാണ്. അതിനാൽ ആരും ഇവയെ എപ്പോഴും അകറേറണ്ടതാണ്.

ഏകൈകഃ പര്യുപാസ്തേഹ.
മനുഷ്യാൻ മനുജഷ്ഭ!
ലിപ്സമാനോƒന്തരം തേഷാം
മൃഗാണാമിവ ലുബ്ധകഃ. 17

സാരം:—പറയപ്പെട്ട ക്രോധാദി പന്ത്രണ്ടു ദോഷങ്ങളിൽ ഒന്നുതന്നെ കാട്ടാളൻ മൃഗങ്ങളെയെന്നപോലെ മനുഷ്യനെ നിശ്ശേഷം നശിപ്പിക്കുന്നു. അപ്പോൾ അവയിൽ ഏതാനും ചിലവയോ, അവ മുഴുവൻതന്നെയുമോ ഒരാളിലുണ്ടായാലത്തെ കഥയെന്താണ്? അവൻ നശിച്ചുവെന്നേ പറയേണ്ടൂ. അതിനാൽ അവയിൽ ഒന്നുപോലും

ത്തന്നെ സ്പൃശിക്കാതിരിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണു്.

വികത്ഥനഃ സ്പൃഹയാലുമ്മനസ്വീ
ബിഭ്രൽ കോപം ചപലോഽരക്ഷണശ്ച
ഏതാൻ പാപാഃ ഷൺനരാഃ പാപധർമ്മാൻ
പ്രകുർവ്വതേ നോത്ര സന്തഃ സുദുർഗ്ഗേ. 18

സാരം:—പതിമൂന്നു നൃശംസങ്ങളെ വിവരിക്കുന്നു: മററുള്ളവരുടെ ഗുണങ്ങളെ പഴിക്കുക, എത്ര വിഷമിച്ചിട്ടെങ്കിലും പരദ്രവ്യങ്ങളെ അനുഭവിക്കാനുള്ള ആസക്തി, ഗർവ്വത്തിൻെറ ആധിക്യംകൊണ്ടു മററുള്ളവരെ ആക്ഷേപിക്കുന്ന സ്വഭാവം, കാരണമില്ലാതെ വെറുതെ കോപിക്കൽ, ബന്ധുത്വം തുടങ്ങിയവയിൽ സ്ഥിരതയില്ലായ്മ, പ്രാപ്തിയുണ്ടെങ്കിലും താൻ രക്ഷിക്കേണ്ടവരെ രക്ഷിക്കാതിരിക്കൽ എന്നിവ നൃശംസധർമ്മങ്ങളായ പതിമൂന്നിൽ ആദ്യത്തെ ആറാണു്. അത്യന്തപാപഭ്രയിഷ്ഠങ്ങളും പാപികൾ ആചരിക്കുന്നവയുമാണു്.

സംഭോഗസംവിദ്വിഷമോഽതിമാനീ
ദത്താനുതാപീ കൃപണോ ബലീയാൻ
വർഗ്ഗപ്രശംസീ വനിതാസു ദ്വേഷ്ടാ
ഏതേ പരേ സപ്ത നൃശംസവർഗ്ഗാഃ. 19

സാരം:—സ്ത്രീസംഭോഗമാണു് പുരുഷാർത്ഥം അല്ലെങ്കിൽ ജീവിതലക്ഷ്യമെന്നു കരുതി, അതിനുവേണ്ടിത്തന്നെ ആയുസ്സിനെ ചിലവഴിക്കൽ, ഏററവും വർദ്ധിച്ച അഹങ്കാരം, ദാനംചെയ്തശേഷം നഷ്ടപ്പെട്ടുവല്ലോ എന്നു പറഞ്ഞു പരിതപിക്കൽ, മരണസമയത്തുകൂടി സ്വത്തി

നെ സ്നേഹിക്കൽ, കിട്ടാനുള്ളതിനെ ഏററവും കൂടുതൽ വദ്ധിപ്പിച്ച വാങ്ങൽ, മററുള്ളവരെ ഉപദ്രവിക്കുകയും അതിനെ പ്രശംസിച്ച സന്തോഷിക്കുകയും ചെയ്യൽ, പതിമാരിൽ വിദ്വേഷത്തെ വളത്തൽ എന്നിവ നൃശംസവഗ്ഗത്തിലെ ബാക്കി ഏഴു ധമ്മങ്ങളുമാണു്.

ധമ്മശ്ച സത്യം ച ദമസ്തപശ്ച
അമാത്സയ്യം ഹ്രീസ്തിതിക്ഷാഽനസൂയാ
യജ്ഞശ്ച ദാനം ച ധൃതിഃ ശ്രുതം ച
വ്രതാനി വൈ ദ്വാദശ ബ്രാഹ്മണസ്യ. 20

സാരം:—വണ്ണാശ്രമധമ്മാനുഷ്ഠാനം, യഥാത്ഥഭാഷണം, ജിഹ്വോപസ്ഥജയം, കൃച്ഛ്രചാന്ദ്രായണാദി വ്രതാനുഷ്ഠാനങ്ങളും മററും, മത്സരമില്ലായ്മ, നീചവൃത്തിയിലും അസത്യഭാഷണത്തിലും ലജ്ജ, ക്ഷോഭിക്കാവുന്ന സന്ദഭത്തിൽക്കൂടി ശാന്തിയെ കൈവിടാതിരിക്കൽ, മററുള്ളവരുടെ നന്മയിൽ സന്തോഷം, ജ്യോതിഷ്ടോമാദി യജ്ഞാചരണം, ശക്തിക്കനുസരിച്ച ദാനം, ആപത്തിൽക്കൂടി ധമ്മത്തെ വിടാതിരിക്കത്തക്ക ധൈയ്യം, അത്ഥഗ്രഹണത്തോടുകൂടി വേദം പഠിക്കൽ എന്നീ പന്ത്രണ്ടാണു് ധമ്മാദിവഗ്ഗം. ബ്രഹ്മപ്രാപ്തിയെ ഇച്ഛിക്കുന്ന ഏതൊരാളും ഇവയെ കൈവിടാതിരിക്കുകതന്നെ വേണം.

യസ്ത്വേതേഭ്യഃ പ്രഭവേൽ ദ്വാദശേഭ്യഃ
സവ്വാമപീമാം പൃഥിവീം സ ശിഷ്യാൽ
ത്രിഭിദ്വാഭ്യാമേകതോ വാഽത്ഥിതോ യ-
സ്തസ്യ സ്വമസ്തീതി സ വേദിതവ്യഃ. 21

സാരം:—പറയപ്പെട്ട പന്ത്രണ്ടു ഗുണങ്ങളോടുംകൂടിയ ബ്രാഹ്മണൻ ഈ ലോകത്തെ മുഴുവൻ ശാസിക്കാൻ അഹ്തപ്പെട്ട ആളാണു്. ലോകം മുഴുവൻ അദ്ദേഹത്തിന്നു വശഗവുമാണു്. എന്നാൽ അവയിൽ ഒന്നോ രണ്ടോ അതിലധികമോ ഗുണങ്ങൾഹേതുവായിട്ടു് ഒരാൾ സമ്പന്നനായിത്തീരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ പ്രാരബ്ധസ്വരൂപമാണു് അതെന്നു ധരിക്കുകയും വേണം.

ദമസ്ത്യാഗോഽപ്രമാദശ്ച
ഏതേഷ്വമൃതമാഹിതം
താനി സത്യമുഖാന്യാഹുർ-
ബ്രാഹ്മണാ യേ മനീഷിണഃ. 22

സാരം:—മനോബുദ്ധീന്ദ്രിയങ്ങളുടെ നിഷ്കൃഷ്ടമായ അടക്കം, സമ്പൂൎണ്ണമായ ഈശ്വരാൎപ്പണം, തത്വാനുസന്ധാനം എന്നീ മൂന്നു ധൎമ്മങ്ങളേയും എപ്പോഴും നിലനിൎത്തിക്കൊണ്ടിരിക്കലാണു് മുക്തിക്കു ഹേതുവെന്നു പറയപ്പെട്ടുവരുന്നു. അവയിലാണു് മുക്തി നിക്ഷിപ്തമായിട്ടിരിക്കുന്നതെന്നു പറയാവുണ്ടു്. അവ സത്യസമ്പന്നങ്ങളായിട്ടിരിക്കുകയും വേണം.

ദമോ ഹ്യഷ്ടാദശഗുണഃ
പ്രതികൂലം കൃതാകൃതേ
അനൃതം ചാഭ്യസൂയാ ച
കാമാൎത്ഥൗ ച തഥാ സ്പൃഹാ. 23

ക്രോധഃ ശോകസ്തഥാ തൃഷ്ണാ
ലോഭഃ പൈശുന്യമേവ ച
മത്സരശ്ച വിഹിംസാ ച
പരിതാപസ്തഥാഽരതിഃ. 24

അപസ്മാരശ്ചാതിവാദ-
സ്തഥാ സംഭാവനാഽത്മനി
ഏതൈർവ്വിമുക്തോ ദോഷൈർയ്യ-
സ്സ ദാന്തസ്സത്ഭിരുച്യതേ. 25

സാരം:—ദമത്തിൻെറ സ്വരൂപത്തെ സ്പഷ്ടമായി ചിത്രീകരിക്കുകയാണു് ഈ ശ്ലോകങ്ങളെക്കൊണ്ടു ചെയ്യുന്നതു്. പതിനെട്ടു ദോഷങ്ങളുടെ അഭാവമാണു് ദമം. ചെയ്യപ്പെടുന്ന വൈദികകർമ്മങ്ങളിൽ അശ്രദ്ധാലസ്യാദികളോ ഉപവാസാദികളിൽ ക്ഷുൽപിപാസാപീഡകൊണ്ടു് അന്നപാനീയസ്മരണയെ നിലനിർത്തലോ ചെയ്യൽ, കളവു പറയൽ, മററുള്ളവരുടെ നന്മയിൽ അസഹിഷ്ണുതയാകുന്ന അസൂയ, അത്യന്തമായ വനിതാഭിലാഷം, ധനസമ്പാദനത്തിൽ അതിതൃഷ്ണ, ധനാദിവസ്തുക്കളിലുള്ള അത്യാസക്തിയാകുന്ന സ്പൃഹാ, അന്യൻെറ ദോഷങ്ങളെ പറഞ്ഞു പരത്തലാകുന്ന പൈശൂന്യം, ക്രോധം, ശോകം, തൃഷ്ണ, ലോഭം, മത്സരം, ഹിംസ, അതിദുഖിതമാകുന്ന പരിതാപം, സൽപ്രവൃത്തികളിൽ ഉത്സാഹമില്ലായ്മയാകുന്ന അരതി, കർത്തവ്യങ്ങളുടെ വിസ്മൃതിയാകുന്ന അപസ്മാരം, അധികസംഭാഷണം, ആത്മപ്രശംസ ഇവയാണു് പതിനെട്ടു ദോഷങ്ങൾ. ഇവയോടുകൂടാതിരിക്കൽ തന്നെ ദമമെന്നു സജ്ജനങ്ങൾ പറയുന്നു.

മദോഷ്ടാദശദോഷഃ സ്യാൽ
ത്യാഗോ ഭവതി ഷഡ്വിധഃ
വിപര്യയാ സ്മൃതാ ഏതേ
മദദോഷാ ഉദാഹൃതാഃ. 26

സാരം:—പറയപ്പെട്ട പതിനെട്ടു ദോഷങ്ങളുംകൂടാതെ ലാഭാലാഭങ്ങളിലുണ്ടാവുന്ന സന്തോഷവ്യഥകാം, സ്വന്തജനങ്ങളോടു യാചിച്ചുവാങ്ങൽ, തക്കതായ പാത്രത്തെ ലഭിച്ചിട്ടും ദാനംചെയ്യാതിരിക്കൽ, അധികാരമുണ്ടായിട്ടും ഇഷ്ടാപൂർത്തങ്ങളെ ചെയ്യാതിരിക്കൽ, കാമത്തെ വളർത്തൽ എന്നീ ആറും കൂടിയ ഇരുപത്തിനാലു ദോഷങ്ങളെ മദദോഷങ്ങളെന്നു പറഞ്ഞുവരുന്നു.

ശ്രേയാംസ്തു ഷഡ്വിധസ്ത്യാഗ-
സ്തൃതീയോ ദുഷ്കരോ ഭവേൽ
തേന ദുഃഖം തരത്യേവ
ഭിന്നം തസ്മിൻ ജിതം കൃതേ. 27

സാരം:—പറയപ്പെട്ട ആറുവിധദോഷങ്ങളുടെ ത്യാഗവും ശ്രേഷ്ഠംതന്നെ. എന്നാൽ അവയിൽവെച്ചു കാമത്യാഗമെന്നതു സർവ്വോപരി ശ്രേഷ്ഠമാണെന്നു പറയണം. കാമത്യാഗംകൊണ്ടുതന്നെ ദുഃഖസ്വരൂപമായ സംസാരത്തിൽനിന്നു് എന്നന്നേയ്ക്കുമായി മുക്തനായിത്തീരുന്നു. കാമമാണു് അജ്ഞാനബീജമായ ദ്വൈതബോധത്തെ നിലനിർത്തുന്നതു്. അതിനാൽ കാമത്യാഗംകൊണ്ടു ഭേദബുദ്ധിയും അതിൽക്കൂടെ അജ്ഞാനവും അജ്ഞാനസ്വരൂപമായ സംസാരവും കേവലം നിവർത്തിച്ചു കൈവല്യത്തെ പ്രാപിക്കുന്നു.

ശ്രേയാംസ്തു ഷഡ്വിധസ്ത്യാഗഃ
ശ്രിയം പ്രാപ്യ ന ഹൃഷ്യതി
ഇഷ്ടാപൂർത്തേ ദ്വിതീയം സ്യാൽ
നിത്യവൈരാഗ്യയോഗതഃ. 28

KOTTAYAM PUBLIC LIBRARY KOTTAYAM

സാരം:—മുൻപറയപ്പെട്ട ആറുവിധദോഷങ്ങളുടെ ത്യാഗവും ശ്രേഷ്ഠംതന്നെ. എന്നാൽ സമ്പത്തോ വിദ്യയോ വൎദ്ധിക്കുമ്പോഠം സന്തോഷവും അഹങ്കാരവും വളരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അങ്ങനെ സംഭവിക്കാതിരിക്കുനുവെന്നതു ശരിയായ ഒരു ത്യാഗംതന്നെയാണു്. അഹങ്കാരിയായ ഒരാഠം അഭിമാനത്തിന്നുവേണ്ടി ചെയ്യുന്ന ഇഷ്ടാപൂൎത്തങ്ങഠം അഥവാ ശ്രൗതസ്മാൎത്തകൎമ്മങ്ങഠംപോലും നിഷ്ഫലങ്ങളായിത്തീരും. അതിനാൽ എന്തൊക്കെ എത്രയൊക്കെ വൎദ്ധിച്ചാലും വിരക്തനും നിസ്സംഗനുമായിട്ടിരിക്കണം. അങ്ങനെ ചെയ്യുന്നതു ശരിയായ ത്യാഗമാണു്.

കാമത്യാഗശ്ച രാജേന്ദ്ര!
സതൃതീയ ഇതി സ്മൃതഃ
അപ്യവാച്യം വദന്ത്യേതം
സതൃതീയോ ഗുണഃ സ്മൃതഃ. 29

സാരം:—ഹേ രാജാവേ! തൃതീയശബ്ദംകൊണ്ടു കാമത്യാഗത്തെയാണു് സൂചിപ്പിച്ചിരിക്കുന്നതു്. കാമത്യാഗംകൊണ്ടുണ്ടാവുന്ന അത്ഭുതകരമായ സിദ്ധിവൈഭവത്തെപ്പറയാൻ വയ്യ. അത്രയും മഹത്തായ നേട്ടം അതുകൊണ്ടുണ്ടാവും. അതിനാൽ കഴിയുമെങ്കിൽ കാമത്തെ ത്യാഗം ചെയ്കതന്നെയാണു് വേണ്ടതു്.

ത്യക്തൈൎദ്രവ്യൈൎയ്യൽ ഭവതി
നോപയുക്തൈശ്ച കാമതഃ
ന ച ദ്രവ്യൈസ്തൽ ഭവതി
നോപയുക്തൈശ്ച കാമതഃ. 30

സാരം:—അനുഭവിച്ചു വിരക്തി വരുമ്പോൾ കാമം നശിക്കുമെന്നു ചിലർ പറയാറുണ്ട്. അതു ശരിയല്ല. അനുഭവിക്കുംതോറും ആഗ്രഹം വദ്ധിക്കലെല്ലാതെ ഒരിക്കലും ചുരുങ്ങലില്ല. അതാണു് മായയുടെ സ്വഭാവം. അതിനാൽ കാമോപഭോഗസാമഗ്രികളെ കേവലം ഉപേക്ഷിക്കുകയും അവയിൽനിന്നു ഹാൽ അകന്നിരിക്കുകയും തന്നെ വേണം. അകന്നിരിക്കുന്നതെന്തിനു്, താൻ അനുഭവിക്കേണ്ടെന്നുവെച്ചാൽ പോരേ എന്നാണെങ്കിൽ അതും പോരാ; അകന്നിരിക്കുകതന്നെ വേണം. ഉപഭോഗപദാൎത്ഥങ്ങളുമായി അടുത്തിരിക്കുമ്പോൾ അവയിൽ ആസക്തിയുണ്ടായിത്തീരുകയെന്നതു സ്വാഭാവികമാണു്. അതിനാൽ കാമത്തെയും കാമോപഭോഗപദാൎത്ഥങ്ങളേയും ഒരുപോലെ ത്യാഗംചെയ്തു് അവയിൽനിന്നകന്നിരിക്കുമ്പോൾമാത്രമേ ത്യാഗം പൂൎണ്ണമാവൂ.

ന ച കൎമ്മസ്വസിദ്ധേഷു
ദുഃഖം തേന ച ന ക്ലപേൽ
സൎവ്വൈരേവ ഗുണൈൎയ്യുക്തോ
ദ്രവ്യവാനപി യോ ഭവേൽ. 31

സാരം:...ചിലതു ചെയ്യാത്തതുകൊണ്ടോ അനുഭവിക്കാത്തതുകൊണ്ടോ കിട്ടാത്തതുകൊണ്ടോ ദുഃഖമുണ്ടാവാതിരിക്കാനും ആ ദുഃഖത്തിൽ മുഴുകാതിരിക്കാനും ഇടവരാതെ സൂക്ഷിക്കണം. കാമത്യാഗിയായ ഒരാൾക്കങ്ങനെ സംഭവിക്കാനിടവരില്ല. വേണ്ടത്ര കാമത്യാഗം സാധിച്ചിട്ടില്ലെങ്കിൽക്കൂടി ദുഃഖത്തിൽ മുഴുകാനിടയാകാതെ കഴിക്കണം. സമ്പത്തുണ്ടാവുമ്പോൾ അതോടുകൂടി എല്ലാ

വിധദോഷങ്ങളും വന്നുചേരുകയെന്നതു സ്വാഭാവികമാണു്. എന്നാൽ ദോഷങ്ങളെല്ലാമകന്നു് എല്ലാ ഗുണങ്ങളു മൊത്തുചേൻ സമ്പന്നനുമാത്രമേ സമ്പത്തുകൊണ്ടു സുഖ സമാധാനങ്ങളെ അനുഭവിക്കാൻ പാറു. അതിനാൽ ദോഷങ്ങളെ നിലനിത്താനല്ല, ഗുണങ്ങളെ വളത്താനും സുഖസമാധാനങ്ങളെ അനുഭവിക്കാനുമാണു് സമ്പത്തെന്നു ധരിക്കണം.

അപ്രിയേ ച സമുൽപന്നേ
വ്യഥാം ജാതു ന ഗച്ഛതി
ഇഷ്ടാൻ പുത്രാംശ്ച ദാരാംശ്ച
ന യാചേത കദാചന. 32

സാരം:—കാമത്യാഗം മൂന്നാമത്തെ ത്യാഗമാണെന്നു പറഞ്ഞുവല്ലോ. കീത്തിനാശം സമ്പന്നാശം തുടങ്ങിയ അനിഷ്ടങ്ങളായ അനുഭവങ്ങൾ സംഭവിച്ചാലും മനസ്സിൽ ക്ലേശമില്ലാതെ സമചിത്തനായിരിക്കുന്നുവെന്നതു നാലാമത്തെ ത്യാഗമാണു്. അതുപോലെ യാചിക്കാതിരിക്കൽ അഞ്ചാമത്തെയും ത്യാഗമാണു്. തനിക്കേററവും ഇഷ്ടമായി വത്തിക്കുന്ന ഭാൎയ്യാപുത്രാദികളോടുകൂടിയും ഏതൊരു വിഷമഘട്ടത്തിൽപ്പോലും ഒന്നും യാചിക്കാതിരിക്കുന്നതു് അഞ്ചാമത്തെ ത്യാഗമാണു്.

അൎഹതേ യാചമാനായ
പ്രദേയം തച്ഛുഭം ഭവേൽ
അപ്രമാദീ ഭവേദേതൈഃ
സ ചാപ്യഷ്ടഗുണോ ഭവേൽ. 33

സാരം:—അഹ്ഹതപ്പെട്ടവക്ക് അഹ്ഹതയ്ക്കനുസരിച്ചു ദാനംചെയ്യണം. അങ്ങനെ ചെയ്യുന്നതു ശ്രേയസ്കരമാണ്. അങ്ങനെ ചെയ്യാതിരിക്കുന്നതും അഹ്ഹതയിൽക്കവിഞ്ഞു ചെയ്യുന്നതും ശ്രേയസ്സിന്നു ഹാനിയുമാണ്. ആത്മവിസ്മൃതിയുണ്ടാവാതിരിക്കാനും ശരീരാഭിമാനം തലപൊക്കാതിരിക്കാനും ശ്രദ്ധിക്കുകയും വേണം. ത്യാഗത്തിൻെറ ഏററവും പ്രധാനപ്പെട്ട വശങ്ങളാണ് ഇവയെല്ലാം.

സത്യം ധ്യാനം സമാധാനം
ചോദ്യം വൈരാഗ്യമേവ ച
അസ്തേയം ബ്രഹ്മചര്യ്യം ച
തഥാƒസംഗ്രഹമേവ ച. 34

സാരം:—കളവു പറയാതിരിക്കൽ, സഗുണനിർഗ്ഗുണസ്വരൂപേണയുള്ള ഈശ്വരധ്യാനം, സവികല്പനിർവ്വികല്പസമാധിപരിചയങ്ങൾ, ചോദ്യോത്തരസ്വരൂപേണയുള്ള തത്വവിചാരം, വിരക്തജീവിതം, മററുള്ളവരെ വഞ്ചിക്കുകയോ അപഹരിക്കുകയോ ചെയ്യാതിരിക്കൽ, മനോവാക്കായങ്ങളെക്കൊണ്ടു ബ്രഹ്മചാരിയായിട്ടിരിക്കൽ, അഹ്ഹതയില്ലാത്തതിനെ വാങ്ങാതിരിക്കൽ തുടങ്ങിയവയും ത്യാഗങ്ങൾതന്നെ.

ഏവം ദോഷാ മദസ്യോക്താ-
സ്താൻ ദോഷാൻ പരിവജ്ജയേൽ
തഥാ ത്യാഗോപ്രമാദശ്ച
സ ചാപ്യഷ്ടഗുണോ മതഃ. 35

38083

സാരം:—പറയപ്പെട്ടപ്രകാരമുള്ള മദദോഷങ്ങളെ അകററി വിപരീതഗ്ഗുണങ്ങളെ വളത്തിയും ത്യാഗം, അപ്രമാദം എന്നിവയെ നിലനിത്തിയും ജീവിക്കണം. പ്രമാദവും എട്ടുരൂപത്തിലുണ്ടു്. അവയെപ്പറയാം.

അഷ്ടൌ ദോഷാഃ പ്രമാദസ്യ
താൻ ദോഷാൻ പരിവജ്ജയേൽ
ഇന്ദ്രിയേഭ്യശ്ച പഞ്ചഭ്യോ
മനസശ്ചൈവ ഭാരത!. 36

സാരം:—അഞ്ചിന്ദ്രിയങ്ങളും മനസ്സും കൂടിയ ആറു കരണങ്ങളുടെ അതാതു വിഷയങ്ങരംഹേതുവായിട്ടുണ്ടാവുന്ന രാഗദേ്വഷങ്ങരംകൊണ്ടുള്ള പ്രമാദം ആറും, കഴിഞ്ഞുപോയ പുത്രാദിമരണംഹേതുവായിട്ടുണ്ടാവുന്ന പ്രമാദം ഏഴും, പുത്രജന്മരാഹിത്യാദികൊണ്ടുണ്ടാവുന്ന ക്ലേശം എട്ടാമത്തെ പ്രമാദവുമാണു്. പറയപ്പെട്ട എട്ടു പ്രമാദങ്ങളിൽനിന്നു നിവൃത്തനായവൻ മുക്തനും സുഖിയുമായിത്തീരുന്നു.

അതീതാനാഗതേഭ്യശ്ച
മുക്ത്യുപേതഃ സുഖീ ഭവേൽ
സത്യാത്മാ ഭവ രാജേന്ദ്ര!
സത്യേ ലോകാഃ പ്രതിഷ്ഠിതാഃ
താംസ്തു സത്യമുഖാനാഹുഃ
സത്യേ ഹ്യമൃതമാഹിതം. 37

സാരം:—കഴിഞ്ഞതും വരാൻപോവുന്നതുമായ എല്ലാ അനുഭവങ്ങളിൽനിന്നും നിവൃത്തനായവൻ സുഖിയായിത്തീരും. സവ്വോപരി, ഹേ രാജാവേ! സത്യത്തെ

38083

മാനിക്കു. സത്യസ്വരൂപനായിത്തീരാൻ ശ്രമിക്കു. സത്യത്തിലാണ് എല്ലാ ലോകങ്ങളും നിലനിൽത്തപ്പെട്ടിരിക്കുന്നതു്. അതിനാൽ എന്തു ചെയ്യുന്നതും സത്യത്തെ മുൻനിൎത്തിയായിരിക്കണം. സത്യത്തെ മുൻനിൎത്തിക്കൊണ്ടാണ് എല്ലാ അനുഷ്ഠാനങ്ങളേയും വിധിച്ചിരിക്കുന്നതു്. അമൃതസ്വരൂപമായിരിക്കുന്ന മുക്തിയും സത്യത്തിലാണ് നിക്ഷിപ്തമായിട്ടിരിക്കുന്നതു്. അതിനാൽ സത്യംതന്നെ എല്ലാററിലുംവെച്ചു വലുതു്.

നിവൃത്തേനൈവ ദോഷേണ
തപോവ്രതമിഹാചരേൽ
ഏതദ്ധാതൃകൃതം വൃത്തം
സത്യമേവ സതാം വ്രതം. 38

സാരം:—മുൻപറയപ്പെട്ട ദോഷങ്ങളെ അകററി ഗുണങ്ങളെ വളൎത്തിയിട്ടാണ് തപസ്സിനേയും വ്രതങ്ങളേയും ആചരിക്കേണ്ടതു്. എങ്കിലേ വേണ്ടത്ര പ്രയോജനപ്പെടൂ. അതാണ് ഈശ്വരകല്പനയും. സജ്ജനങ്ങളുടെ ഒരിക്കലും തെററാൻപാടില്ലാത്ത ഏററവും വലിയ വ്രതം സത്യംതന്നെയാണ്. മറെറന്തൊക്കെപ്പോയാലും സത്യവ്രതം ഭംഗപ്പെടാതിരിക്കാനാണ് ഏററവും ശ്രദ്ധിക്കേണ്ടതു്.

ദോഷൈരേതൈൎവ്വിയുക്തസ്തു
ഗുണൈരേതൈസ്സമന്വിതഃ
ഏതൽ സമൃദ്ധമത്യൎത്ഥം
തപോ ഭവതി കേവലം. 39

സാരം:—പറയപ്പെട്ട ദോഷങ്ങളെ അകററിയും ഗുണങ്ങളെ വളർത്തിയും ചെയ്യപ്പെടുന്ന നിഷ്ഠ കേവലം തപസ്സായിത്തീരും. മാത്രമല്ല, അതുകൊണ്ടു ധാരാളം തപശ്ശക്തി വർദ്ധിക്കുകയും ചെയ്യും.

യന്മാം പൃച്ഛസി രാജേന്ദ്ര!
സംക്ഷേപാൽ പ്രബ്രവീമി തേ
ഏതൽ പാപഹരം പുണ്യം
ജന്മമൃത്യുജരാപഹം. 40

സാരം:—രാജശ്രേഷ്ഠനായ ഹേ ധൃതരാഷ്ട്ര! അങ്ങയ്ക്കിനിയും കേൾക്കേണ്ടതെന്തോ, അതിനെ ചോദിച്ചോളൂ. അതിനേയും ഞാൻ ചുരുക്കിപ്പറഞ്ഞുതരാം. കഴിഞ്ഞേടത്തോളമുള്ള തത്വശ്രവണംതന്നെ അങ്ങയ്ക്കു പാപഹരവും പുണ്യവർദ്ധകവും ജ്ഞാനസന്ദായകവുമാണു്. എന്നിങ്ങനെ സനൽസുജാതമഹർഷി പറഞ്ഞവസാനിപ്പിച്ചപ്പോൾ വീണ്ടും ധൃതരാഷ്ട്രൻ ചോദിച്ചു.

ധൃതരാഷ്ട്ര ഉവാച—

ആഖ്യാനപഞ്ചമൈർവ്വേദൈർ-
ഭൂയിഷ്ഠം കഥ്യതേ ജനഃ
തഥാ ചാന്യേ ചതുർവ്വേദാ-
സ്ത്രിവേദാശ്ച തഥാപരേ. 41

ദ്വിവേദാശ്ചൈകവേദാശ്ചാ-
പ്യനൃചാശ്ച തഥാപരേ
തേഷാം തു കതരഃ സ സ്യാ-
ദ്യമഹം വേദ വൈ ദ്വിജം. 42

സാരം:— ധൃതരാഷ്ട്രമഹാരാജാവിൻെറ ചോദ്യമാണു്: വേദങ്ങളേയും പുരാണേതിഹാസങ്ങളേയും പഠിച്ച പണ്ഡിതന്മാർ പലതും പറയുന്നുണ്ടു്. നാമരൂപാത്മകമായ ഈ ജഗത്തിൽനിന്നപ്പുറത്തു നിത്യവും നിരാകാരവുമായ ബ്രഹ്മമുണ്ടു്. ബ്രഹ്മംതന്നെയാണു് ജഗത്തായിപ്പരിണമിച്ചിരിക്കുന്നതു്; സ്വർണ്ണംതന്നെ കടകകുണ്ഡലാദികളായിത്തീരുംപോലെ. സ്വർണ്ണവും കടകാദി ആഭരണങ്ങളും രണ്ടും അതാതുസമയത്തു സത്യമായിരിക്കുന്നതുപോലെ ബ്രഹ്മവും ജഗത്തും രണ്ടും സത്യംതന്നെ. സ്വർണ്ണത്തിൻെറ അനുഭൂതി ആഭരണങ്ങളിൽക്കൂടെയാണെന്നതുപോലെ ബ്രഹ്മത്തിൻെറ അനുഭൂതി ജഗദാകാരേണയുമാണു് എന്നാണു് ചിലരുടെ അഭിപ്രായം. അവർ മീമാംസാശാസ്ത്രപ്രിയന്മാരാണു്. പിന്നെ ചിലർ നാലു തത്ത്വങ്ങളെ പറയുന്നവരും അവ നാലും അന്ത്യത്തിൽ ലയിക്കുമെന്നും ശൂന്യമാണു് സത്യമെന്നു വാദിക്കുന്നവരുമാണു്. ബാഹ്യശരീരമാകുന്ന പുരുഷൻ, ഛന്ദഃപുരുഷൻ, വേദപുരുഷൻ, മഹാപുരുഷൻ എന്ന നാലു തത്ത്വങ്ങളുടെ സമുച്ചയമാണു് ജഗത്തെന്നും, അവ നാലും യാദൃച്ഛികമായുണ്ടായവയും താൽക്കാലികങ്ങളുമാണെന്നും, വാസ്തവത്തിൽ ശേഷിക്കുന്നതു ശൂന്യംമാത്രമാണെന്നുമാണവരുടെ മതം. അവർ ന്യായാദിശാസ്ത്രവാദികളും ഒരുതരം നാസ്തികന്മാരുമാണു്. ജീവേശ്വരജഗത്തുക്കളാകുന്ന മൂന്നു തത്ത്വങ്ങളെ സമർത്ഥിക്കുന്നവരാണു് പിന്നെ ചിലർ. അവർ യോഗാദിശാസ്ത്രങ്ങളെ പ്രചരിപ്പിക്കുന്നവരും പ്രവർത്തിക്കുന്നവരുമാണു്. പ്രകൃതിപുരുഷന്മാ

രാകുന്ന രണ്ടു തത്വങ്ങളെമാത്രം സത്യമെന്നു വാദിക്കുന്നവരും ശഠിക്കുന്നവരുമാണു് സാംഖ്യന്മാർ. അവർ പറയുന്നു, അവരുടെ മതമാണു് സത്യമായും ശരിയായുമിരിക്കുന്നതെന്നു്. എന്നാൽ പറയപ്പെട്ട എല്ലാവരുടേയും എല്ലാ മതങ്ങളേയും ഖണ്ഡിച്ചുകൊണ്ടു് അദ്വൈതബ്രഹ്മമെന്ന ഏകതത്വത്തെ സമർത്ഥിക്കുന്നു വേദാന്തികൾ. ജഗത്തോ ജഗത്തിന്റെ ദ്രഷ്ടാവായ ജീവനോ ഒരു കാലത്തും ഉണ്ടായിട്ടേയില്ലെന്നാണവരുടെ സിദ്ധാന്തം. അദ്വൈതബ്രഹ്മമൊഴിച്ചു മറെറാന്നും എപ്പോഴും ഇല്ലെന്നും ജഗദ്വ്യാപാരമെന്ന ഒന്നു സംഭവിച്ചിട്ടേയില്ലെന്നുമാണവർ സമർത്ഥിക്കുന്നതു്. ഇങ്ങിനെ പല സ്വരൂപങ്ങളിൽ പറയുമ്പോൾ, ഏതാണു് ഏററവും ശരിയായിട്ടിരിക്കുന്നതെന്നും ആരെയാണു് കൂടുതൽ മാനിക്കേണ്ടതെന്നും സംശയമുണ്ടാവുന്നതു സ്വാഭാവികമാണു്. അതിനാൽ പറയപ്പെട്ട സിദ്ധാന്തങ്ങളിൽ ഏതൊരു സിദ്ധാന്തത്തെ സമർത്ഥിക്കുന്ന ബ്രാഹ്മണനെയാണു് കൂടുതൽ മാനിക്കേണ്ടതു്? എന്നാണു് ധൃതരാഷ്ട്രന്റെ ചോദ്യം.

സനൽസുജാത ഉവാച—

ഏകസ്യ വേദസ്യാജ്ഞാനാൽ
വേദാസ്തേ ബഹവഃ കൃതാഃ
സത്യസ്യൈകസ്യ രാജേന്ദ്ര!
സത്യേ കശ്ചിദവസ്ഥിതഃ. 43

സാരം:—അനേകതത്വപ്രതിപാദകമായ ധൃതരാഷ്ട്രമഹാരാജാവിന്റെ ചോദ്യത്തിന്നു സനൽസുജാതമഹർഷി സിദ്ധാന്തസ്വരൂപേണ മറുപടി പറകയാണു്; ഹേ

രാജാവേ! ഏകവും അദ്വൈതവുമായ ബ്രഹ്മത്തെ അറിയാത്തതുകൊണ്ടാണു് പലരും ഉപാസ്യങ്ങളായി പല തത്വങ്ങളുണ്ടെന്നു പറയുന്നതു്. അപരിച്ഛിന്നവും അദ്വൈതവുമായ ബ്രഹ്മതത്വംമാത്രമാണു് എപ്പോഴും നിർബ്ബാധമായും നിർഭേദമായും നിരുപാധികമായും നിലനില്ക്കുന്നതു്. ബ്രഹ്മത്തെ അറിയാൻവേണ്ടിയാണു് ബ്രഹ്മേതരവസ്തുക്കളുടെ പ്രതിപാദനംതന്നെ. കയറിൽ സപ്പ്പ്രതീതിയുണ്ടാവുംപോലെയാണു് ബ്രഹ്മത്തിൽ ജഗൽപ്രതീതിയുണ്ടാവുന്നതു്. വാസ്തവത്തിൽ കയറു സപ്പ്മായിത്തീരാറില്ലല്ലോ. അതുപോലെ ബ്രഹ്മവും ജഗത്തായിത്തീരുന്നില്ല. ദ്രഷ്ടാവിൻെറ അജ്ഞാനം കയറിനെ ആവരണംചെയ്യുമ്പോഴാണു് കയറിൽ സപ്പ്പ്രതീതിയുണ്ടാവുന്നതു്. അതുപോലെ ബ്രഹ്മത്തെക്കുറിച്ചുള്ള അജ്ഞാനം അല്ലെങ്കിൽ സ്വരൂപവിസ്മൃതിയാണു് ബ്രഹ്മത്തിൽ ജഗൽപ്രതീതിയുണ്ടാവാൻ ഹേതു. ബ്രഹ്മബോധമുണ്ടാവുമ്പോഠം അതു നീങ്ങുകയും ചെയ്യും. അതിനാൽ ബ്രഹ്മംമാത്രമാണു് സത്യവസ്തു. ബ്രഹ്മബോധത്തിന്നുവേണ്ടിയാണു് അബ്രഹ്മതത്വങ്ങളുടെ നിരൂപണം. പക്ഷേ എന്തൊക്കെച്ചെയ്താലും വളരെ ദുർല്ലഭം പിടിച്ച ഒന്നാണു് ബ്രഹ്മബോധമുണ്ടാവലെന്ന കാരണത്താൽ ഏതുകാലത്തും ചുരുക്കംപേക്കമാത്രമേ ബ്രഹ്മസ്ഥിതി കിട്ടാവുമുള്ളു.

ഏവം വേദമവിജ്ഞായ
പ്രാജ്ഞോഽഹമിതി മന്യതേ
ദാനമദ്ധ്യയനം യജ്ഞോ
ലോഭാദേതൽ പ്രവത്തതേ. 44

സാരം:—അറിയേണ്ടതായ ബ്രഹ്മത്തെ അറിയാതെയാണു് പലരും ബ്രഹ്മേതരങ്ങളായ പലതിനേയും അറിയുകയും അവയൊക്കെ സത്യമാണെന്നു വിശ്വസിക്കുകയും ചെയ്യുന്നതു്. അറിയേണ്ടതായ ബ്രഹ്മത്തെ അറിയുമ്പോഴാണു് ജ്ഞാനിയായിത്തീരുന്നതെന്ന ബോധമില്ലാതെ ശാസ്ത്രജ്ഞാനംകൊണ്ടു തങ്ങൾ ജ്ഞാനികളാണെന്നഭിമാനിക്കുന്നു മൂഢന്മാർ. ദാനം, വേദാദ്ധ്യയനം, യജ്ഞം തുടങ്ങിയ ശാസ്ത്രനിർദ്ദിഷ്ടകർമ്മങ്ങളൊക്കെ ആചരിക്കുകയും ചെയ്യുന്നു. വിഷയഭുക്തിയും വിഷയലാഭവുമാണു് അതിന്റെയൊക്കെ ലക്ഷ്യവും. കർമ്മങ്ങളൊക്കെ ഫലസ്വരൂപങ്ങളാണു്. ഫലങ്ങളെല്ലാം വിഷയങ്ങളുമാണു്. അതിനാൽ ഒരു വിഷയത്തിന്റേയും അപേക്ഷയില്ലാത്ത ജ്ഞാനി ഒരു കർമ്മവും ചെയ്യില്ല.

സത്യാൽ പ്രച്യവമാനാനാം
സങ്കല്പശ്ച തഥാ ഭവേൽ
തതോ യജ്ഞഃ പ്രതീയേത
സത്യസ്യൈവാവധാരണാൽ. 45

സാരം:—മഹത്തായ ആനന്ദം നഷ്ടപ്പെട്ട ഒരാൾ ക്ഷുദ്രാനന്ദത്തെ കാംക്ഷിക്കുന്നുവെന്നതു തെററല്ല. സത്യമായ ബ്രഹ്മാനന്ദത്തിന്റെ അനുഭൂതിയില്ലാത്തതുകൊണ്ടാണു് ജ്യോതിഷ്ടോമാദിയജ്ഞങ്ങളെക്കൊണ്ടു സ്വർഗ്ഗാദിലോകങ്ങളെ കാംക്ഷിക്കുന്നതു്. എന്നുവേണ്ട, ഏതൊരു കർമ്മം ചെയ്യുന്നതും ഏതൊരനുഭവത്തെ ആഗ്രഹിക്കുന്നതും ബ്രഹ്മജ്ഞാനമില്ലാത്തതുകൊണ്ടാണു്. ബ്രഹ്മജ്ഞാനംകൊണ്ടു നിർവൃതനായ ഒരാൾ ചരിതാർത്ഥനും കൃത

കൃത്യനുമാണു്. ഒരുതരത്തിലുള്ള ആഗ്രഹവും അദ്ദേഹത്തിനുണ്ടാവുന്നില്ല.

മനസാഽന്യസ്യ ഭവതി
വാചാന്യസ്യാഥ കമ്മണാ
സങ്കല്പസിദ്ധഃ പുരുഷഃ
സങ്കല്പാനധിതിഷ്ഠതി. 46

സാരം:—ശരീരവാങ്മനോമയങ്ങളായ എല്ലാ പ്രവൃത്തികളും കേവലം വിഷയാത്മകങ്ങൾമാത്രമാണെന്നുവന്നാൽ അജ്ഞനായ ഒരാൾ അവയെ അടക്കി എങ്ങനെ ബ്രഹ്മജ്ഞാനത്തെ സമ്പാദിക്കുമെന്നാണെങ്കിൽ സങ്കല്പത്തിനനുസരിച്ചാണു് കമ്മങ്ങളുടെ ഫലാനുഭൂതി. ബ്രഹ്മജിജ്ഞാസയോടുകൂടിയ ഉപാസനം, ജപം, യജ്ഞാചരണം തുടങ്ങിയവയെല്ലാം ബ്രഹ്മജ്ഞാനലാഭത്തിന്നുപകരിക്കുകയും കരണങ്ങളെ നിശ്ചേഷ്ടങ്ങളാക്കിത്തീക്കാൻ പററുന്നവയാവുകയും ചെയ്യും.

അനൈഭൃത്യേന ചൈതസ്യ
ദീക്ഷിതവ്രതമാചരേൽ
നാമൈതദ്ധാതുനിർവൃത്തം
സത്യമേവ സതാം പരം. 47

സാരം:—അതിനാൽ വിഷയസങ്കല്പങ്ങളെ ശിഥിലങ്ങളാക്കിത്തീത്തു കമ്മങ്ങളേയും കരണങ്ങളേയും ബ്രഹ്മത്തിൽ ലയിപ്പിക്കലാകുന്ന ബ്രഹ്മനിഷ്ഠാവ്രതത്തെ സുദൃഢമാക്കി ആചരിച്ചുകൊണ്ടിരിക്കണം. കമ്മങ്ങളെക്കൊണ്ടു് ഏതൊരു ഫലവും അതെത്രതന്നെ ശ്രേഷ്ഠമാണെന്നു തോന്നിയാൽപ്പോലും നശ്വരവും ക്ഷണികവുമാണു്.

മാത്രമല്ല, ദുഃഖാത്മകംകൂടിയാണു്. അതുകൊണ്ടു സത്യജിജ്ഞാസുക്കൾക്കു ലക്ഷ്യവും ശ്രേഷ്ഠവുമായിട്ടിരിക്കുന്നതു ബ്രഹ്മബോധം ഒന്നുമാത്രമാണു്.

ജ്ഞാനം വൈ നാമ പ്രത്യക്ഷം
പരോക്ഷം ജായതേ തപഃ
വിദ്യാൽ ബഹു പഠന്തം തു
ദ്വിജം വൈ ബഹുപാഠിനം. 48

സാരം:—എങ്കിലും കർമ്മത്തിനല്ലാതെ ജ്ഞാനത്തിനു പ്രത്യക്ഷഫലമൊന്നുമില്ലല്ലോ എന്നാണെങ്കിൽ അതു ശരിയല്ല. ജ്ഞാനത്തിനു പ്രത്യക്ഷവും പരോക്ഷവുമായ ഫലങ്ങളുണ്ടു്. അവ കർമ്മഫലങ്ങളേക്കാൾ എത്രയോ അധികം ശ്രേഷ്ഠങ്ങളും ശാശ്വതങ്ങളുമാണു്. ശോകം, മോഹം, അജ്ഞാനം എന്നിവയുടെ നിവൃത്തിയും അതു ഹേതുവായിട്ടുണ്ടാകുന്ന അപാരമായ നിർവൃതിയും ജ്ഞാനത്തിൻെറ പ്രത്യക്ഷഫലങ്ങളാണു്. കായികവും വാചികവും മാനസികവുമായ തപസ്സുകൊണ്ടുണ്ടാവുന്ന ലോകാതീതമായ ബ്രഹ്മജ്ഞാനവും ബ്രഹ്മാനന്ദവും പരോക്ഷഫലങ്ങളുമാണു്. ഇതൊന്നും അറിയാതെ കുറേയധികം പഠിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടുമാത്രം ഒരാൾ ജ്ഞാനിയാവുന്നില്ല. അയാളെ ബഹുപാഠിയെന്നു പറയാമെന്നല്ലാതെ ജ്ഞാനിയെന്നു പറയാൻ വയ്യാ.

തസ്മാൽ ക്ഷത്രിയ! മാ മംസ്ഥാഃ
ജല്പിതേനൈവ വൈ ദ്വിജം
യ ഏവ സത്യാന്നാപൈതി
സ ജ്ഞേയോ ബ്രാഹ്മണസ്ത്വയാ. 49

സാരം:—അതിനാൽ ക്ഷത്രിയശ്രേഷ്ഠനായ ഹേ ധൃതരാഷ്ട്ര, വെറുതെ ജല്പനംചെയ്യുന്നതുകൊണ്ടുമാത്രം ഒരാളെ ബ്രാഹ്മണനായി മാനിക്കേണ്ടതില്ല. അപരോക്ഷമായ ബ്രഹ്മജ്ഞാനംകൊണ്ടു ചരിതാൎത്ഥനും നിർവൃതനുമായിട്ടിരിക്കുന്നവനാണു് ബ്രാഹ്മണനെന്നു മനസ്സിലാക്കണം. അങ്ങനെയുള്ളവരെ മാനിക്കുകയും വേണം.

ഛന്ദാംസി നാമ ക്ഷത്രിയ താന്യധൎമ്മാ
പുരാ ജഗൌ മഹൎഷിസംഘ ഏഷഃ
ഛന്ദോവിദസ്തേ യ ഉത നാധീതവേദാഃ
ന വേദവേദ്യസ്യ വിദുൎഹി തത്വം.

സാരം:—അദ്ധ്യയനയജ്ഞാദികൾക്കു വേണ്ടപോലെയല്ലെങ്കിൽ വിശേഷിച്ചു ഫലമൊന്നുമില്ലെന്നാണല്ലോ പറഞ്ഞേടത്തോളംകൊണ്ടു വന്നുകൂടുന്നതു്. അതു ശരിയായിരിക്കുമോ എന്ന സംശയത്തിന്നു മറുപടി പറയുകയാണു്. ഉപനിഷൽപ്രസിദ്ധനായ അഥൎവ്വമഹൎഷിയും അദ്ദേഹത്തിൻെറ സംഘവും ഛന്ദസ്സെന്നു പറഞ്ഞാൽ ഉപനിഷദ്വാക്യമാണെന്നു വ്യക്തമായിപ്പറഞ്ഞിട്ടുണ്ടു്. കൎമ്മപ്രതിപാദകങ്ങളായ സംഹിതാവാക്യങ്ങൾ ജീവനെ ലക്ഷ്യത്തോടു യോജിപ്പിക്കുന്നില്ലെന്നതിനാൽ അവയ്ക്കു ഛന്ദസ്സംജ്ഞയ്ക്കൎഹതയില്ലെന്നുകൂടിയാണവരുടെ അഭിപ്രായം. അഥൎവ്വശ്രുതിയായ മുണ്ഡകോപനിഷത്തിൽ "പ്ലവാ ഹ്യേതേ അദൃഢാ യജ്ഞരൂപാഃ" എന്നിങ്ങിനെ പറഞ്ഞിട്ടുമുണ്ടു്. അതിനാൽ അൎത്ഥപൂൎവ്വം ഉപനിഷത്തുക്കളെ പഠിച്ചവൻതന്നെയാണു് അധീതവിദ്യനെന്നു പറയണം. അങ്ങിനെ അൎത്ഥപൂൎവ്വം എല്ലാം

പഠിച്ചാലും പരമസത്യമായ ബ്രഹ്മതത്വത്തെ അപരോക്ഷമാകുംവണ്ണം അറിയാതിരിക്കുംകാലത്തോളം വേദജ്ഞനെന്നോ ഛന്ദോവിത്തെന്നോ ഉള്ള പേരിനൎഹതയില്ല താനും. ബ്രഹ്മതത്വത്തെ അപരോക്ഷമായറിഞ്ഞവൻ തന്നെ വേദജ്ഞൻ.

ഛന്ദാംസി നാമ ദ്വിപദാം വരിഷ്ഠ!
സ്വച്ഛന്ദയോഗേന ഭവന്തി തത്ര
ഛന്ദോവിദസ്തേന ച താനധീത്യ
ഗതാ ന വേദസ്യ ന വേദ്യമാൎയ്യാഃ. 51

സാരം:—ബ്രഹ്മവിഷയത്തിൽ ഛന്ദസ്സുകൾ സ്വതന്ത്രങ്ങളാണു്. എന്നാൽ കൎമ്മവിഷയശ്രുതികൾ ഫലപ്രദാനത്തിൽ പരതന്ത്രങ്ങളാണു്. എങ്ങിനെയെന്നാൽ സ്വൎഗ്ഗാനുഭൂതിയുണ്ടാകുമെന്ന ഒരു ശ്രുതി അനുഷ്ഠാനത്തെ അപേക്ഷിക്കുന്നുണ്ടു്. ഇന്ന കൎമ്മം ചെയ്താൽ സ്വൎഗ്ഗാനുഭൂതിയുണ്ടാവുമെന്നേ പറയുന്നുള്ളു. അപ്പോൾ ശ്രുതിയുടെയും ശ്രുതിപ്രോക്തമായ സ്വൎഗ്ഗഫലത്തിന്റെയും മദ്ധ്യത്തിൽ അനുഷ്ഠാനം തടസ്ഥമായി നില്ക്കുന്നു. അങ്ങനെയല്ല ബ്രഹ്മവിഷയങ്ങളായ ഛന്ദസ്സുകൾ. ഛന്ദസ്സിന്റെ ശരിയായ അറിവുണ്ടാവുമ്പോൾ ബ്രഹ്മാനുഭൂതിയാകുന്ന ഫലത്തിനു പിന്നെ യാതൊരനുഷ്ഠാനവും ആവശ്യമില്ല. അതിനാൽ കൎമ്മമാൎഗ്ഗശ്രുതികൾ പരതന്ത്രങ്ങളും ബ്രഹ്മമാൎഗ്ഗശ്രുതികൾ സ്വതന്ത്രങ്ങളുമാണു്. മനുഷ്യശ്രേഷ്ഠനായ ഹേ രാജാവേ, അതിനാൽ കൎമ്മമാൎഗ്ഗശ്രുതികളെ പഠിച്ചുകൊണ്ടുമാത്രം ഒരാൾ വേദജ്ഞനാവുന്നില്ല. വേദത്തെ അറിയുമ്പോൾ മാത്രമേ വേദജ്ഞനാവുന്നുള്ളു.

ന വേദാനാം വേദിതാ കശ്ചിദസ്തി
കശ്ചിത്ത്വേതാൻ ബുദ്ധ്യതേ വാപി രാജൻ
യോ വേദ വേദാന്ന സ വേദ വേദ്യം
സത്യേ സ്ഥിതോ യസ്തു സ വേദ വേദ്യം. 52

സാരം:—വേദങ്ങളുടെ നിഗൂഢങ്ങളായ തത്വരഹസ്യങ്ങളെ വേണ്ടുംവണ്ണം അറിയുന്ന ഒരാളുപോലും മിക്കവാറും ഇല്ലെന്നു പറയണം. എന്തുകൊണ്ടെന്നാൽ അത്രമാത്രം നിഗൂഢങ്ങളും ദുർജ്ഞേയങ്ങളുമാണ് വേദാർത്ഥങ്ങൾ. അങ്ങനെ ഒരാൾക്കും അറിയാൻ പററാത്തവയാണ് വേദങ്ങളെന്നു വന്നാൽ പിന്നെ അവകൊണ്ടെന്താണ് പ്രയോജനമെന്നാണെങ്കിൽ വേദോപാസനവും വേദങ്ങളുടെ സാന്നിധ്യവുംതന്നെ പാപഹരമാണ്. പിന്നെ ആർക്കും അറിയാൻ പററാത്തവയാണ് വേദാർത്ഥങ്ങളെന്നു വിവക്ഷയില്ല; ദുർജ്ഞേയങ്ങളാണെന്നേയുള്ളു. അസാധാരണവും അത്യന്തശ്രേഷ്ഠവുമായ ചിത്തശുദ്ധി ഒരാൾക്കുണ്ടാവുന്നുവെങ്കിൽ അയാൾക്കു വേദാർത്ഥത്തെ വേണ്ടപോലെ അറിയാൻ കഴിയുകയും ചെയ്യും. പക്ഷേ അങ്ങനെയുള്ളവർ ചുരുക്കമാണെന്നതുകൊണ്ടാണ് ആർക്കും അറിയാൻ കഴിയില്ലെന്നു പറയുന്നതു്. വേദങ്ങളെ പഠിച്ചു, അറിഞ്ഞു എന്നുള്ളതുകൊണ്ടും വേദ്യത്തെ അറിഞ്ഞുവെന്നു വരുന്നില്ല. ദ്വൈതസ്വരൂപങ്ങളായ എല്ലാ വികല്പങ്ങളുമടങ്ങി പരമനിർവ്വികല്പമായ അദ്വൈതാവസ്ഥയിൽമാത്രമാണ് ഒരാൾ വേദ്യമായ ബ്രഹ്മതത്വത്തെ ശരിയായിട്ടറിയുന്നതും.

ന വേദാനാം വേദിതാ കശ്ചിദസ്തി
വേദ്യേന വേദം ന വിദുന്ന് വേദ്യം
യോ വേദ വേദം സ ച വേദ വേദ്യം
യോ വേദ വേദ്യം ന സ വേദ സത്യം. 53

സാരം:—മിക്കവാറും പൂൎവ്വശ്ലോകാൎത്ഥത്തെത്തന്നെ ഭംഗ്യന്തരേണ പ്രതിപാദിക്കുകയാണു് ഈ ശ്ലോകംകൊണ്ടു ചെയ്യുന്നതു്. എന്നിരുന്നാലും വേദവേദ്യശബ്ദങ്ങൾക്കു് അൎത്ഥവ്യത്യാസം കല്പിക്കപ്പെട്ടിട്ടുമുണ്ടു്. ആദ്യത്തെ വേദശബ്ദത്തിന്നു് അഹങ്കാരാദിജഡവസ്തുക്കളെന്നും വേദ്യശബ്ദത്തിന്നു ചിത്തമെന്നും അൎത്ഥമാണു്. രണ്ടാമത്തെ വേദശബ്ദത്തിന്നു് ആത്മാവെന്നും വേദ്യശബ്ദത്തിന്നു് അനാത്മാവെന്നുമാണു് ധരിക്കേണ്ടതു്. പിന്നീടുള്ള വേദവേദ്യശബ്ദങ്ങൾക്കൊക്കെ ആത്മാനാത്മാക്കളെന്നുതന്നെയാണു് കല്പനം. ഇനി സാരം പറയാം: അഹങ്കാരാദിജഡവസ്തുക്കളിൽത്തന്നെ എപ്പോഴും മുഴുകിയിരിക്കയാണു് ഒരാളുടെ പ്രജ്ഞ. ആ നിലയിൽ അവിദ്യാധൎമ്മങ്ങളിൽത്തന്നെ മുഴുകിയിരിക്കുംകാലത്തോളം ആത്മതത്ത്വത്തെ ആരും അറിയുന്നില്ല. അറിയാൻ സാധ്യവുമല്ല. ചിത്തത്തിൻെറ സ്വാഭാവികസംസ്കാരം സംസാരാത്മകവും വാസനാമയവുമാണു്. അങ്ങനെയുള്ള ചിത്തംകൊണ്ടും ആത്മാവിനെ അറിയാൻ വയ്യ. ചിത്തത്തിൻെറ സംസാരവാസനകളെല്ലാമടങ്ങി പവിത്രമായിത്തീരുകതന്നെ വേണം. പോട്ടെ, ആത്മാവിനെ അറിയാൻ കഴിയില്ലെങ്കിൽ അനാത്മാവിനെ അറിയാമല്ലോ എന്നാണെങ്കിൽ അതും ശരിയല്ല. അനാത്മാവിനെയും

ശരിക്കറിയുന്നില്ല. അനാത്മാവിനെയും ശരിയായിട്ടറിയണമെങ്കിൽ ചിത്തശുദ്ധി അവശ്യം ഉണ്ടാവുകതന്നെ വേണം. പോരാ, ആത്മജ്ഞാനംതന്നെ വേണം. ആത്മാവിനെ അറിയാത്തവൻ അനാത്മാവിനെയും അറിയുന്നില്ലെന്നാണു് പറയേണ്ടതു്. എന്തുകൊണ്ടെന്നാൽ ആത്മാവിൽനിന്നാണല്ലോ അനാത്മവസ്തുക്കളൊക്കെത്തന്നെയുമുണ്ടായതു്. അതിനാൽ അനാത്മാവിനെയും ശരിയായറിയണമെങ്കിൽ ആത്മജ്ഞാനമുണ്ടാവുകതന്നെ വേണം. എന്നാൽ അനാത്മവസ്തുക്കളെ അറിഞ്ഞുകൊണ്ടിരിക്കുമ്പോഴം സത്യമായ ആത്മാവിന്റെ അനുഭൂതിയുണ്ടാവാനും വയ്യാ.

യോ വേദ വേദാൻ സ ച വേദ വേദ്യം
ന തം വിദുർവ്വേദവിദോ ന വേദഃ
തഥാപി വേദേന വിദന്തി വേദം
യേ ബ്രാഹ്മണാ വേദവിദോ ഭവന്തി. 54

സാരം:—വേദങ്ങളെയും അനാത്മവസ്തുക്കളെയും അല്ലെങ്കിൽ വിഷയങ്ങളെയും യാതൊരു ചിദാത്മാവു സമ്പൂർണ്ണമായറിയുന്നുണ്ടെങ്കിലും വേദങ്ങളാകട്ടെ വേദജ്ഞന്മാരായ പണ്ഡിതന്മാരാകട്ടെ പ്രത്യഗാത്മസ്വരൂപിയായ പ്രസ്തുതപരമാത്മാവിനെ അറിയുന്നില്ല. പരമാത്മാവു് എല്ലാററിനെയും അറിയുന്ന ജ്ഞാനസ്വരൂപവും മററെല്ലാം ആ ചിദാത്മാവിന്നു വിഷയങ്ങളുമാണെന്നു താത്പര്യം. എന്നാൽ പിന്നെ എങ്ങനെയാണു് ആത്മജ്ഞാനമുണ്ടാവുന്നതെന്നാണെങ്കിൽ അതും വേദംകൊണ്ടുതന്നെയാണെന്നു പറയുകയും വേണം. വേദോക്തമന്ത്രങ്ങ

ളൂടെ അത്ഥത്തെ ശരിക്കറിഞ്ഞു് അനുഷ്ഠാനംകൊണ്ടു് അനാത്മഭാവം മുഴുവൻ നീങ്ങുമ്പോഠം ഞാൻ ബ്രഹ്മമാണെന്ന സ്വരൂപത്തിൽ അറിയാനിടയാവുന്നു. അങ്ങനെ സ്വയം ബ്രഹ്മസ്വരൂപമായിത്തീൎന്നുകഴിഞ്ഞ ബ്രാഹ്മണനെയാണു് വേദജ്ഞൻ അല്ലെങ്കിൽ ആത്മജ്ഞാനിയെന്നു പറയുന്നതും.

ധാമാംശഭാഗസ്യ തഥാഹി വേദാ
യഥാ ച ശാഖാ ഹി മഹീരുഹസ്യ
സംവേദനേ ചൈവ തഥാഽമനന്തി
തസ്മിൻ ഹി സത്യേ പരമാത്മനോഽൎത്ഥേ. 55

സാരം:—പ്രതിപദ്ദിനത്തിലുള്ള അത്യന്തസൂക്ഷ്മമായ ചന്ദ്രക്കലയെ മററുള്ളവൎക്കു കാണിച്ചുകൊടുക്കാൻ കണ്ടവൻ എപ്രകാരം വൃക്ഷക്കൊമ്പുകളെ ഉപയോഗപ്പെടുത്തുന്നുവോ, ഇന്ന വൃക്ഷത്തിൻെറ ഇന്ന കൊമ്പിൻെറ ഇന്ന ഭാഗത്തൂടെ നോക്കിയാൽ മതി എന്നും മററും പറഞ്ഞു് എങ്ങനെ ചന്ദ്രക്കലയെ കാണിച്ചുകൊടുക്കുന്നുവോ, അതുപോലെയാണു് ആത്മജ്ഞാനത്തിന്നു വേദങ്ങഠം ഉപകരിക്കുന്നതു്. വൃക്ഷത്തിൻെറ കൊമ്പു ചന്ദ്രനല്ല, കൊമ്പിലും ചന്ദ്രനില്ല. എങ്കിലും കൊമ്പിൻെറ ദശനത്തിലൂടെ ലക്ഷണസ്വരൂപേണ ചന്ദ്രക്കലയെയും കാണിച്ചുകൊടുക്കുന്നു. അതുപോലെ വേദവൃക്ഷങ്ങളോ അവയുടെ ശാഖകളായ ഉപനിഷത്തുക്കളോ അല്ല ആത്മാവു്. എന്നാൽ 'തത്വമസി' 'അയമാത്മാ ബ്രഹ്മ' 'സോയം ദേവദത്തഃ' ഇത്യാദിഃ ശാഖാവാക്യങ്ങളിലൂടെ ലക്ഷണസ്വരൂപേണ ആത്മതത്വത്തെ ഉൽബോധിപ്പിക്കുന്നു. അന്നു

ഷ്ഠാനംകൊണ്ടു സ്വാനുഭവപ്പെട്ടുകയും ചെയ്യുന്നു. ഗുരൂപദേശം അത്യാവശ്യമാണെന്നും താത്പര്യം.

അഭിജാനാമി ബ്രാഹ്മണം
വ്യാഖ്യാതാരം വിചക്ഷണം
യഃ ഛിന്നവിചികിത്സഃ സ
വ്യാചഷ്ടേ സർവ്വസംശയാൻ. 56

സാരം:—പൂർവ്വശ്ലോകംകൊണ്ടു ഗുരൂപസത്തിയെയും ഗുരൂപദേശത്തെയും സൂചിപ്പിച്ചശേഷം ഗുരുലക്ഷണങ്ങളെ പ്രകാശിപ്പിക്കുന്നു. വാക്യാർത്ഥജ്ഞാനംകൊണ്ടു വസ്തുസ്വരൂപത്തിൽ നിസ്സംശയത വരുത്തി നിദിധ്യാസംകൊണ്ടു സാക്ഷാൽക്കാരത്തെ അനുഭവിച്ച അനുഭവരസികനും വാക്യാർത്ഥത്തെ ഉപക്രമോപസംഹാരാദിശാസ്ത്രമര്യാദകളോടുകൂടി വ്യാഖ്യാനിച്ച ശിഷ്യന്മാരെ ഉദ്ബോധിപ്പിക്കുന്നതിൽ വേണ്ടത്ര വാക്സാമർത്ഥ്യവും ശാസ്ത്രജ്ഞാനവുമുള്ളവനും സമർത്ഥനും സ്വയം നിസ്സംശയനും ശിഷ്യന്മാരുടെ എല്ലാ സംശയങ്ങളെയും വിഷമംകൂടാതെ തീർത്തുകൊടുക്കുന്നവനുമായ മഹാത്മാവാണ് ആചാര്യസ്ഥാനത്തിന്നധികാരിയായിട്ടിരിക്കുന്നതു്. അങ്ങനെയുള്ള മഹാത്മാക്കളെ ആശ്രയിക്കുന്ന ശിഷ്യന്മാർ കാലംകൊണ്ടു ചരിതാർത്ഥന്മാരായിത്തീരും.

നാസ്യ പര്യേഷണം ഗച്ഛേൽ
പ്രാചീനം നോത ദക്ഷിണം
നാർവ്വാചീനം കുതസ്തിര്യക്
നാദിശം തു കഥഞ്ചന. 57

സാരം:—പൂൎവ്വാദിദിക്കുകളിലോ ഭൂതഭാവികാലങ്ങ ളിലോ ദൃഗാദീന്ദ്രിയങ്ങളിലോ അല്ല, ഹൃദയത്തിലാണു് ആത്മാവിനെ അന്വേഷിക്കേണ്ടതു്.

തസ്യ പൎയ്യേഷണം ഗച്ഛേൽ
പ്രത്യൎത്ഥിഷു കഥഞ്ചന
അവിചിന്വന്നിമം വേദേ
തപഃ പശ്യതി തം പ്രഭും. 58

സാരം:—അന്നമയാദിപഞ്ചകോശങ്ങളെയും വഴി ക്കുവഴിയായി നിരൂപിച്ചു പ്രസ്തുതകോശങ്ങളാൽ മറയ പ്പെട്ടിരിക്കുന്ന ആത്മതത്വത്തെ ക്രമേണ അറിയുകയും നിദിധ്യാസംകൊണ്ടു സാക്ഷാൽക്കരിക്കുകയും ചെയ്യണം. അതാണു് അഭ്യാസത്തിൻെറ ക്രമം. പ്രസ്തുതസമ്പ്രദാ യത്തെ മാനിക്കാതെയും വേദവേദാന്തവാക്യങ്ങളെ ആദ രിക്കാതെയുമുള്ള അന്വേഷണം ശരിയാവാൻ വയ്യാ. മനോബുദ്ധീന്ദ്രിയങ്ങൾക്കു് അഗോചരമാണു് ആത്മാ വെന്നതിനാൽ അവ്യക്തമാണു്. അവ്യക്തമാണെങ്കിലും ഒന്നിനെയും ആലംബിക്കാതെയുള്ള ആത്മാന്വേഷണം അന്ധമാവാനേ വഴിയുള്ളു. അതിനാൽ വിചാരവാനാ യിരിക്കണം. വിചാരമാണു് ആത്മാവിനെ ദൎശിപ്പിക്കു ന്നതെന്നു പറയണം. വിചാരങ്ങൾക്കാസ്പദം വാക്യാൎത്ഥ ങ്ങളും പഞ്ചകോശങ്ങളും മററുമാണുതാനും. അതിനാൽ പഞ്ചകോശനിരൂപണത്തിലൂടെ വേണം ആത്മാവിനെ അറിയാനെന്നു ചുരുക്കം.

തൂഷ്ണീം ഭൂത ഉപാസീത
ന ചേഷ്ടേൽ മനസാഽപി ച
ഉപാവത്തസ്വ തൽ ബ്രഹ്മ
അന്തരാത്മനി വിശ്രുതം. 59

സാരം:—വാക്യാത്ഥശ്രവണത്തിലൂടെയും മനനസ്വരൂപമായ പഞ്ചകോശനിരൂപണത്തിലൂടെയും വസ്തുസ്വരൂപത്തെ സംശയരഹിതമായി അറിഞ്ഞുകഴിഞ്ഞാൽ ബാഹ്യാഭ്യന്തരങ്ങളായ കരണങ്ങളെ കേവലം നിശ്ചലങ്ങളാക്കി ഉപാസിക്കണം. നിരന്തരോപാസനംകൊണ്ടു ഹൃദയാകാശത്തിൽ വിളങ്ങിക്കൊണ്ടിരിക്കുന്ന പ്രസിദ്ധമായ അന്തരാത്മാവിനെ അറിയാനും പ്രാപിക്കാനുമിടയാവും.

മൌനാന്ന സ മുനിർഭവതി
നാരണ്യവസനാന്മുനിഃ
സ്വലക്ഷണം തു യോ വേദ
സാമുനിഃ ശ്രേഷ്ഠ ഉച്യതേ. 60

സാരം:—കരണങ്ങളെ അടക്കി ചെയ്യപ്പെടുന്ന ഉപാസനംകൊണ്ടോ കേവലം സന്ന്യാസമാത്രംകൊണ്ടോ ഒരാറം മുനിയായിത്തീരുന്നില്ല. പ്രപഞ്ചത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരഹേതുത്വം, സച്ചിദാനന്ദത്വം തുടങ്ങിയ ലക്ഷണങ്ങളോടുകൂടിയ ആത്മാവിനെ അറിയുന്നവൻ തന്നെ ശ്രേഷ്ഠനായ മുനി. യോഗികളെക്കാളും സന്ന്യാസിമാരെക്കാളും ശ്രേഷ്ഠനാണു് ജ്ഞാനിയെന്നു താൽപര്യം.

സൎവ്വാൎത്ഥാനാം വ്യാകരണാൽ
വൈയാകരണ ഉച്യതേ
തന്മൂലതോ വ്യാകരണം
വ്യാകരോതീതി തത്തഥാ. 61

സാരം:—എല്ലാ തത്ത്വങ്ങളെയും വ്യാകരിക്കുന്നു, വ്യക്തമാക്കുന്നു, അല്ലെങ്കിൽ വിസ്തരിച്ചുപന്യസിച്ചു മററുള്ളവരെ ഉൽബോധിപ്പിക്കുന്നുവെന്നുള്ളതുകൊണ്ടു് ആത്മജ്ഞാനിയെ വൈയാകരണനെന്നു പറയാറുണ്ടു്. എന്നാൽ അങ്ങനെയുള്ള അറിവു യോഗസിദ്ധിയാണെന്നും മററും ചിലർ പറയാറുണ്ടു്. അതു ശരിയല്ല. എല്ലാററിന്നും മൂലമായ ആത്മാവിനെ അറിയുന്നതുകൊണ്ടുതന്നെയാണതു സാധിക്കുന്നതു്. ആത്മജ്ഞാനംകൊണ്ടാണെല്ലാം അറിയാറായിത്തീരുന്നതെന്നും ആത്മജ്ഞാനമാണെല്ലാററിലുംവെച്ചു ശ്രേഷ്ഠമെന്നും താൽപൎയ്യം.

പ്രത്യക്ഷദൎശീ ലോകാനാം
സൎവ്വദൎശീ ഭവേന്നരഃ
സത്യേ വൈ ബ്രാഹ്മണസ്തിഷ്ഠം-
സ്തദ്വിദ്വാൻ സൎവ്വവിൽ ഭവേൽ. 62

സാരം:—ദൃഷ്ടമായ ഈ ലോകത്തെ പ്രത്യക്ഷത്തിൽ കാണാവുന്നതാണെങ്കിലും ദൃഷ്ടാദൃഷ്ടങ്ങളായ എല്ലാ ലോകങ്ങളെയും ജ്ഞാനദൃഷ്ടികൊണ്ടു വ്യക്തമായിക്കാണുന്നു ആത്മജ്ഞാനി. സത്യമായിരിക്കുന്ന ആത്മസ്വരൂപത്തിൽ അഥവാ ബ്രഹ്മത്തിൽത്തന്നെ എപ്പോഴും പ്രജ്ഞ ലയിച്ചിരിക്കുന്നതുകൊണ്ടും ശരീരാദ്യുപാധികളെ സ്മരിക്കാത്തതുകൊണ്ടുമാണു് ഒരാൾ വിദ്വാനും സൎവ്വജ്ഞനുമാ

യിത്തീരുന്നതു്. അങ്ങനെയുള്ള ആളെയാണു് ബ്രാഹ്മണനെന്നു പറയുന്നതും.

ധർമ്മാദിഷു സ്ഥിതോപ്യേവം
ക്ഷത്രിയ! ബ്രഹ്മ പശ്യതി
വേദാനാം ചാനുപൂർവ്വ്യേണ
ഏതൽ ബുദ്ധ്യാ ബ്രവീമി തേ. 63

സാരം:—ക്ഷത്രിയശ്രേഷ്ഠനായ ഹേ ധൃതരാഷ്ട്ര! മുൻപറയപ്പെട്ട ധർമ്മാദി പന്ത്രണ്ടു ഗുണങ്ങളെ നിലനിത്തുകയും അവയിൽ നിരന്തരാവസ്ഥിതനായിത്തീരുകയും ചെയ്യുന്ന ഒരാൾ ക്രമേണ പടിപടിയായുയൎന്നു ബ്രഹ്മസാക്ഷാൽക്കാരത്തെയും കൈവല്യാനുഭൂതിയെയും അനുഭവിക്കുന്നു. ശ്രുതിനിർദ്ദേശത്തെ മുൻനിത്തിയും, അങ്ങേയ്ക്കും പറയപ്പെട്ട അനുഭൂതിയുണ്ടാവാനിടയാവട്ടെയെന്ന ഉദ്ദേശത്തോടുകൂടിയും വേദോക്തധർമ്മത്തിൽ മുഴുകിയ ബുദ്ധിയോടുകൂടിയും ഈ പരമധർമ്മത്തെ അങ്ങയ്ക്കു പറഞ്ഞുതരുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM

# അദ്ധ്യായം 44

ധൃതരാഷ്ട്ര ഉവാച—

സനൽസുജാത! യാമിമാം പരാം ത്വം
ബ്രാഹ്മീം വാചം വദസേ വിശ്വരൂപാം
പരാം ഹി കാമേന സുദുർല്ലഭാം കഥാം
പ്രബ്രൂഹി മേ വാക്യമിദം കുമാര. 1

സാരം:—കേട്ടതായ ആത്മസ്വരൂപത്തെ പ്രകാശിപ്പിക്കുന്ന അന്തരംഗസാധനയെ അറിയാൻ ഇച്ഛിച്ചുകൊണ്ടു ധൃതരാഷ്ട്രമഹാരാജാവു ചോദിക്കയാണു്: ഹേ സനൽസുജാതമഹർഷേ! അങ്ങു പറഞ്ഞേടത്തോളമുള്ള കാര്യങ്ങളിൽനിന്നു ശ്രേഷ്ഠയും വിശ്വത്തെ ഒട്ടാകെത്തന്നെ പ്രകാശിപ്പിക്കുന്നതായുമുള്ള ബ്രഹ്മവിദ്യയെ അങ്ങറിയുന്നു. വിഷയികളായ സംസാരികൾക്കറിയാൻ കഴിയാത്തതും അത്യന്തദുല്ലഭയും വിഷയാത്മകസംസ്കാരത്തിൽനിന്നതീതയും എത്രയോ ശ്രേഷ്ഠയുമായ അതിനെയും പറഞ്ഞുതരു.

സനൽസുജാത ഉവാച—

നൈതൽ ബ്രഹ്മ ത്വരമാണേന ലഭ്യം
യന്മാം പൃച്ഛന്നതിഹൃഷ്യസ്യതീവ
ബുദ്ധൌ വിലീനേ മനസി പ്രചിന്ത്യാ
വിദ്യാ ഹി സാ ബ്രഹ്മചര്യ്യേണ ലഭ്യാ. 2

സാരം:—മഹർഷി മറുപടി പറകയാണു്: രാജാവേ! അങ്ങനെ ബദ്ധപ്പെട്ടതുകൊണ്ടുമാത്രം ഒരാൾക്കു ബ്രഹ്മവിദ്യ കിട്ടാനും അനുഭവപ്പെടാനും പോവുന്നില്ല. ഞാൻ ബ്രഹ്മവിദ്യയ്ക്കധികാരിയായിത്തീൎന്നുവെന്നു വിചാരിച്ചോ എന്തോ, അങ്ങധികം സന്തോഷിക്കുന്നതായിക്കാണുന്നുണ്ടു്. അതുകൊണ്ടു കാൎയ്യമില്ല. ചോദ്യമാത്രംകൊണ്ടു ബ്രഹ്മവിദ്യ അറിയിക്കപ്പെട്ടാൽപ്പോലും അനുഭവപ്പെടാൻ പോവുന്നില്ല. എന്തുകൊണ്ടെന്നാൽ ബാഹ്യാഭ്യന്തരങ്ങളായ എല്ലാ കരണങ്ങളും അവയുടെ എല്ലാ വൃത്തികളോടുംകൂടി ലയിക്കുമ്പോഴാണു് ഒരാളിൽ വിദ്യ പ്രകാശിക്കുന്നതു്. ആ അവസ്ഥയാകട്ടെ ചിരകാലത്തെ ബ്രഹ്മചൎയ്യം, ഗുരുകുലവാസം തുടങ്ങിയവയെക്കൊണ്ടുമാത്രമേ ഉണ്ടാവാനും പോവുന്നുള്ളു. ആ സ്ഥിതിക്കു ബദ്ധപ്പെട്ടതുകൊണ്ടുമാത്രം ബ്രഹ്മവിദ്യ പ്രകാശിക്കുന്നതെങ്ങനെ?

ധൃതരാഷ്ട്ര ഉവാച—

അത്യന്തവിദ്യാമിതി യൽ സനാതനീം
ബ്രവീഷി ത്വം ബ്രഹ്മചൎയ്യേണ സിദ്ധാം
അനാരഭ്യാം വസതീഹ കാൎയ്യകാലേ
കഥം ബ്രാഹ്മണ്യമമൃതത്വം ലഭേത. 3

സാരം:—ബ്രഹ്മചൎയ്യാദ്യനുഷ്ഠാനങ്ങളെക്കൊണ്ടുമാത്രമേ ബ്രഹ്മവിദ്യ പ്രകാശിക്കൂ എന്ന മഹൎഷിയുടെ അഭിപ്രായത്തെ ആക്ഷേപിക്കുകയാണു് ധൃതരാഷ്ട്രൻ. ബ്രഹ്മവിദ്യ നിത്യസിദ്ധയും നാശമില്ലാത്തതുമാണെന്നല്ലേ സിദ്ധാന്തം? ആ സ്ഥിതിക്കു ബ്രഹ്മചൎയ്യംകൊണ്ടേ വിദ്യ

പ്രകാശിക്കു എന്നു പറയുന്നതെന്തുകൊണ്ടാണ്? കർമ്മമെന്നപോലെ ആരംഭാവസാനങ്ങളോടും ഉൽപത്തിനാശങ്ങളോടും കൂടിയതല്ല, നിത്യസിദ്ധയാണ് വിദ്യയെന്നിരിക്കെ അതു പ്രയത്നംകൊണ്ടു സാധിക്കപ്പെടേണ്ടതായിട്ടിരിക്കുന്നതെങ്ങനെ? അഭിവ്യക്തിക്കു പ്രയത്നം ആവശ്യമാണെന്നു പറയുന്നപക്ഷം അനഭിവ്യക്തി അജ്ഞാനംകൊണ്ടുണ്ടായതാകയാൽ അഭിവ്യക്തിക്കു ജ്ഞാനമല്ലാതെ മറെറാന്നിൻേറയും അപേക്ഷയുണ്ടാവാൻ പാടില്ലാത്തതാണ്. അല്ലെങ്കിൽപ്പിന്നെ അമൃതാത്മകമായ ബ്രഹ്മാനുഭൂതി എങ്ങനെ എല്ലാ സമയത്തും അനുഭവപ്പെടും?

സനൽസുജാത ഉവാച—

അവ്യക്തവിദ്യാമഭിധാസ്യേ പുരാണീം
ബുദ്ധ്യാ ച തേഷാം ബ്രഹ്മചര്യേണ സിദ്ധാം
യാം പ്രാപ്യൈനം മർത്ത്യലോകം ത്യജന്തി
യാ വൈ വിദ്യാ ഗുരുവൃദ്ധേഷു നിത്യാ. 4

സാരം:—സനൽസുജാതമഹർഷി രാജാവിൻേറ ഈ ചോദ്യത്തിന്നും മറുപടി പറകയാണ്: ബ്രഹ്മവിദ്യ നിത്യസിദ്ധയാണെങ്കിലും പ്രത്യക്ഷയല്ല; പരോക്ഷയാണ്. ബുദ്ധിദോഷങ്ങളും വാസനാപ്രവാഹവുമാണ് പരോക്ഷതയ്ക്കു കാരണം. അതിനാൽ അവ നീക്കപ്പെടേണ്ടതാണ്. അതുകൊണ്ടു ബ്രഹ്മചര്യം, തത്ത്വവിചാരം തുടങ്ങിയ അനുഷ്ഠാനങ്ങൾ വിദ്യാപ്രകാശനത്തിനാവശ്യമാണ്. മർത്ത്യലോകത്തിൽ മർത്ത്യാഭിമാനത്തോടുകൂടിയിരിക്കും കാലത്തോളം വിദ്യ പ്രകാശിക്കാൻ വയ്യാ. ബ്രഹ്മവിദ്യ

ഒരാളിൽ പ്രകാശിച്ചുകഴിഞ്ഞാൽ അവനീ മൎത്ത്യലോകത്തെത്തന്നെയും വിടും. എന്നുവെച്ചാൽ മരിക്കുമെന്നൎത്ഥമല്ല. സംസ്കാരംകൊണ്ടും അനുഭവംകൊണ്ടും അമാനുഷനും ദിവ്യനുമായിത്തീരും. പ്രയത്നംകൊണ്ടു ബുദ്ധികാലുഷ്യങ്ങളെ നീക്കിയ ഗുരുജനങ്ങളിൽ അതെപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ധൃതരാഷ്ട്ര ഉവാച —

ബ്രഹ്മചൎയ്യേണ യാ വിദ്യാ
ശക്യാ വേദിതുമഞ്ജസാ
തൽ കഥം ബ്രഹ്മചൎയ്യം സ്യാൽ
ഏതൽ ബ്രഹ്മൻ ബ്രവീഹി മേ. 5

സാരം:—അപ്പോൾ രാജാവു വീണ്ടും ചോദിച്ചു: ബ്രഹ്മചൎയ്യംകൊണ്ടും ആൎജ്ജവംകൊണ്ടും മററും പ്രകാശിക്കുമെന്നു പറഞ്ഞ വിദ്യയുടെ സ്വരൂപമെന്താണു്? പിന്നെ ബ്രഹ്മചൎയ്യമെന്നു പറഞ്ഞതെന്താണു്? എന്തൊരനുഷ്ഠാനത്തെയാണു് ബ്രഹ്മചൎയ്യമെന്നു പറയുന്നതു്? ബ്രഹ്മജ്ഞനായ മഹൎഷേ! അതിനെ പറഞ്ഞുതരു.

സനൽസുജാത ഉവാച—

ആചാൎയ്യയോനിമിഹ യേ പ്രവിശ്യ
ഭൂത്വാ ഗൎഭേ ബ്രഹ്മചൎയ്യം ചരന്തി
ഇഹൈവ തേ ശാസ്ത്രകാരാ ഭവന്തി
പ്രഹായ ദേഹം പരമം യാന്തി യോഗം. 6

സാരം:—മഹൎഷി മറുപടി പറയാൻതുടങ്ങി: ഹേ രാജാവേ! ബ്രഹ്മവിദ്യാപ്രാപ്തിയും ബ്രഹ്മചൎയ്യനിഷ്ഠയും

സ്വയമേവ സാധിക്കേണ്ടതല്ല. മഹാത്മാവായ ആചാര്യനെ സമീപിച്ചു നിഷ്കപടങ്ങളായ സേവനങ്ങളെക്കൊണ്ടു് ആചാര്യനെ ശുശ്രൂഷിച്ചുകൊണ്ടു താമസിക്കണം. അങ്ങനെ താമസിക്കുന്ന കാലത്തു സ്വാഭാവികമായിത്തന്നെ ബ്രഹ്മചര്യനിഷ്ഠയുണ്ടാവും; ബുദ്ധിയുടെ എല്ലാ കാലുഷ്യങ്ങളും നീങ്ങുകയും ചെയ്യും. കാലംകൊണ്ടു് ആചാര്യാനുഗ്രഹത്തിന്നു പാത്രമാവും. ആചാര്യാനുഗ്രഹമാണു് ബ്രഹ്മവിദ്യാപ്രകാശനത്തിനുള്ള മുഖ്യോപാധി. അങ്ങനെ വിദ്യ പ്രകാശിക്കാൻ ഇടയായായിത്തീന്നാൽ അദ്ദേഹം ജ്ഞാനിയായി. അന്ത്യത്തിൽ ശരീരത്തെ വിട്ടു പരമപദത്തെ പ്രാപിക്കുകയും ചെയ്യും.

അസ്മിൻ ലോകേ വൈ ജയന്തീഹ കാമാൻ
ബ്രാഹ്മീം സ്ഥിതിം ഹ്യനുതിതിക്ഷമാണാഃ
ത ആത്മാനം നിഹ്‌രന്തീഹ ദേഹാ-
ന്മുഞ്ജാദിഷീകാമിവ സത്വസംസ്ഥാഃ. 7

സാരം:—ഈ ലോകത്തിലെ പ്രയത്നങ്ങൾകൊണ്ടും അനുഭവങ്ങൾകൊണ്ടും വിഷയഭുക്തിയും അതുഹേതുവായിട്ടുള്ള ദുഃഖവുമല്ലാതെ ആക്കും ഒന്നും കിട്ടാൻപോവുന്നില്ല. ബ്രഹ്മസ്ഥിതിക്കാകട്ടെ, ഈ ലോകത്തിലെ എല്ലാ അനുഭവങ്ങളെയും വ്യവഹാരങ്ങളെയും മുഴുവൻ ത്യാഗംചെയ്യുകതന്നെ വേണം. വിഷയാനുഭവങ്ങളെ മുഴുവൻ ത്യാഗംചെയ്തു സംസാരനിവൃത്തനായ ഒരാൾക്കു മാത്രമേ, ചിത്രകാരൻ മുഞ്ഞപ്പുൽക്കൂട്ടത്തിൽനിന്നു തുലികയ്ക്കു പററിയ പുല്ക്കൊടികളെ വലിച്ചെടുക്കുംപോലെ, പ്രകൃതിതത്വങ്ങളിൽ കുടുങ്ങിയ ആത്മാവിനെ വലി

ച്ചെട്ടക്കാൻ സാധിക്കു. തപസ്സുകൊണ്ടു് ആത്മവീര്യവും സംസാരനിവൃത്തിയും സത്വസംസ്ഥിതിയും സമ്പാദിക്കാത്തവൎക്കു ബ്രഹ്മസ്ഥിതിയുണ്ടാവാൻ വയ്യെന്നു താൽപര്യം.

ശരീരമേതൗ കുരുതഃ
പിതാ മാതാ ച ഭാരത
ആചാര്യശാസ്താ യാ ജാതിഃ
സാ പുണ്യാ സാജരാമരാ. 8

സാരം:—ഒരേ ജീവിതത്തിൽത്തന്നെ ഒരാൾക്കു രണ്ടു ജന്മമുണ്ടാവുന്നുണ്ടു്. അതുകൊണ്ടാണല്ലോ ദ്വിജത്വം പറയപ്പെടുന്നതു്. അമ്മയച്ഛന്മാരിൽനിന്നും ഉപദേഷ്ടാവായ ആചാര്യനിൽനിന്നും ജന്മം കിട്ടുന്നുണ്ടു്. അമ്മയച്ഛന്മാരിൽനിന്നു കിട്ടിയതാണു് ദൃഷ്ടമായ ഈ ശരീരം. എന്നാൽ ആചാര്യനിൽനിന്നു കിട്ടുന്നതാണു് സംസ്കാരശരീരം. അതു് അമ്മയച്ഛന്മാർ ജനിപ്പിച്ച മാംസളശരീരത്തേക്കാൾ എത്രയോ അധികം ശ്രേഷ്ഠമാണു്. പുണ്യഭൂയിഷ്ഠവും അജരവും അമരവുമാണു് ജ്ഞാനാത്മകമായ സംസ്കാരശരീരം.

യഃ പ്രാവൃണോത്യവിതഥേന വൎണ്ണാൻ
ഋതം കുൎവ്വന്നമൃതം സംപ്രയച്ഛൻ
തം മന്യേത പിതരം മാതരം ച
തസ്മൈ ന ദ്രുഹ്യേൽ കൃതമസ്യ ജാനൻ. 9

സാരം:—വാസ്തവത്തിൽ ഒരു ജീവൻെറ ബന്ധുവും രക്ഷിതാവും അമ്മയച്ഛന്മാരുമെല്ലാം ആചാര്യനാണു്. എന്തുകൊണ്ടെന്നാൽ ആചാര്യൻനിമിത്തമായിട്ടാണു് ദുഃഖനിവൃത്തിയുണ്ടാവുന്നതു്. മറെറല്ലാവരും ദുഃഖത്തെ

വദ്ധിപ്പിക്കൽമാത്രമാണു് ചെയ്യുന്നതു്. സച്ചിദാനന്ദാത്മകമായ ജ്ഞാനംകൊണ്ടു് ആവരണംചെയ്തു് അസത്യവും മൃത്യുസ്വരൂപവുമായ സംസാരത്തിൽനിന്നുദ്ധരിച്ചു ജീവനെ അമൃതസ്വരൂപനാക്കുന്നതു് ആചാര്യനാണു്. അതിനാൽ ഏററവും വലിയ ഇഷ്ടബന്ധു ആചാര്യൻ മാത്രമാണു്. അങ്ങനെയുള്ള ആചാര്യനു ഹിതത്തെ ചെയ്യണം; ദ്രോഹത്തെ ചെയ്യരുതു്.

ഗുരും ശിഷ്യോ നിത്യമഭിവാദയീത
സ്വാധ്യായമിച്ഛേൽ ശുചിരപ്രമത്തഃ
മാനം ന കുര്യാന്നാദധീത രോഷ-
മേഷ പ്രഥമോ ബ്രഹ്മചര്യസ്യ പാദഃ. 10

സാരം:—ഗുരുകുലവാസം ചെയ്യുമ്പോൾ ദിവസേന രണ്ടു നേരവും ശിഷ്യൻ ഗുരുവിനെ അഭിവാദ്യം ചെയ്യണം. തക്കസമയത്തു സ്വാധ്യായം നടത്താൻ ശ്രദ്ധയോടുകൂടിയിരിക്കണം. ശൗചസ്നാനാദികളെക്കൊണ്ടു പുറമേയും മന്ത്രോപാസനാദികളെക്കൊണ്ടു് അകത്തും എപ്പോഴും ശുചിയായിരിക്കണം. ഗുരുശുശ്രൂഷയിൽ ഒരിക്കലും പ്രമാദം പററാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഏററവും നിസ്സാരങ്ങളായ കാര്യങ്ങൾകൂടി ശ്രദ്ധയോടും ഭക്തിയോടുംകൂടി ചെയ്യണം. ഒരിക്കലും ഗുരുസന്നിധിയിൽ അഭിമാനം കാണിക്കരുതു്. എത്രയൊക്കെ ക്ലേശകരങ്ങളായ കാര്യങ്ങൾ ചെയ്യേണ്ടിവന്നാലും ക്രോധമുണ്ടാവാതിരിക്കുകയും വേണം. ഈ നിലയിൽ ചെയ്യപ്പെടുന്ന ഗുരുകുലവാസം ബ്രഹ്മചര്യത്തിന്റെ ഒന്നാമത്തെ പാദമാണു്.

ശിഷ്യവൃത്തിക്രമേണൈവ
വിദ്യാമാപ്നോതി യഃ ശുചിഃ
ബ്രഹ്മചര്യവ്രതസ്യാസ്യ
പ്രഥമഃ പാദ ഉച്യതേ. 11

സാരം:—മുൻപറഞ്ഞ തോതിൽ സ്വാദ്ധ്യായാത്ഥം ഗുരുകുലവാസം ചെയ്യുമ്പോൾ ഗുരുദ്രവ്യത്തെ അനുഭവിച്ചുകൊണ്ടുപജീവിക്കാനിടവരാതിരിക്കുകയും വേണം. ദിവസേന രണ്ടു നേരവും ഭിക്ഷയ്ക്കു പോയി ഭിക്ഷാന്നം കൊണ്ടുവന്നു ഗുരുവിൻെറ അനുവാദത്തോടുകൂടി ഭക്ഷിച്ച് ഉപജീവിക്കണം. അത്രയുംകൂടി ചെയ്തുവരുമ്പോഴാണ് ബ്രഹ്മചര്യത്തിൻെറ പ്രഥമപാദം പൂത്തിയാവുന്നതു്.

ആചാര്യസ്യ പ്രിയം കുര്യാൽ
പ്രാണൈരപി ധനൈരപി
കമ്മണാ മനസാ വാചാ
ദ്വിതീയഃ പാദ ഉച്യതേ. 12

സാരം:—വാക്കും പ്രവൃത്തിയും വിചാരവുമാകുന്ന മൂന്നു വൃത്തികൾകൊണ്ടും ദ്രവ്യംകൊണ്ടും, എന്നുവേണ്ട, തൻെറ സവ്വസ്വംകൊണ്ടും ആചാര്യനു ഹിതത്തെമാത്രം ചെയ്യുകയും അഹിതത്തെ ചെയ്യാതിരിക്കുകയും വേണം. ആചാര്യനുവേണ്ടി എന്തു ത്യാഗം സഹിക്കാനും സന്നദ്ധനാവണം. അങ്ങനെ ചെയ്യുന്നതു ബ്രഹ്മചര്യത്തിൻെറ ദ്വിതീയപാദവുമാണ്.

സമാ ഗുരൌ യഥാ വൃത്തി-
ർഗ്ഗുരുപത്ന്യാം തഥാചരേൽ
തത്പുത്രേ ച തഥാ കുവ്വൻ
ദ്വിതീയഃ പാദ ഉച്യതേ. 13

സാരം:—മുൻ പറയപ്പെട്ട തോതിലുള്ള ത്യാഗങ്ങളും സേവനങ്ങളും ഗുരുവിന്നുവേണ്ടി മാത്രമല്ല, ഗുരുപത്നിക്കും ഗുരുപുത്രന്മാൎക്കുംവേണ്ടി കൂടിയും ചെയ്യാൻ തയ്യാറാവണം. ഗുരുവിലുള്ള ബഹുമാനം ഗുരുപത്നീപുത്രന്മാരിലും തുല്യനിലയിൽത്തന്നെ ഉണ്ടാവണം അങ്ങനെ ചെയ്യുന്നതു ബ്രഹ്മചര്യത്തിന്റെ ദ്വിതീയപാദമാണു്.

ആചാര്യേണാത്മകൃതം വിജാനൻ
ജ്ഞാത്വാ ചാൎത്ഥം ഭാവിതോസ്മീത്യനേന
യന്മന്യതേ തം പ്രതി ഹൃഷ്ടബുദ്ധിഃ
സ വൈ തൃതീയോ ബ്രഹ്മചര്യസ്യ പാദഃ. 14

സാരം:—വിദ്യാഗ്രഹണാനന്തരം അതീവ സന്തുഷ്ടനും ചരിതാൎത്ഥനുമായിത്തീൎന്ന ശിഷ്യൻ തനിക്കു ലഭിച്ച വിദ്യാനുഭൂതിയാണു് തന്നെ അജ്ഞാനനിവൃത്തനും വസ്തുബോധംകൊണ്ടും ആത്മാനുഭൂതികൊണ്ടും നിർവൃതനുമാക്കിത്തീൎത്തതെന്നും, അതിന്നു ഹേതു മഹാത്മാവായ തന്റെ ആചാര്യനാണെന്നും ബോധിച്ചു് ആചാര്യനിൽ അത്യന്തകൃതജ്ഞനും സന്തുഷ്ടനുമാവുന്നുവെങ്കിൽ അതു ബ്രഹ്മചര്യത്തിന്റെ മൂന്നാമത്തെ പാദവുമാണു്.

നാചാര്യസ്യാനപാകൃത്യ പ്രവാസം
പ്രാജ്ഞഃ കുൎവ്വീത നൈതദഹം കരോമി
ഇതീവ മന്യേത ന ഭാഷയേത
സ വൈ ചതുൎത്ഥോ ബ്രഹ്മചര്യസ്യ പാദഃ. 15

സാരം:—ബ്രഹ്മചര്യത്തിന്റെ ചതുൎത്ഥപാദമാകട്ടെ ഗുരുദക്ഷിണയാണു്. ആചാര്യൻ പ്രിയപ്പെടുന്നതെന്തോ അതാണു് വിദ്യാനിഷ്ക്രയമായി ദക്ഷിണചെയ്യേണ്ടതു്.

അങ്ങനെ വിദ്യാഗ്രഹണാനന്തരം ആചാര്യൻെറ പ്രീതിയെ അറിഞ്ഞു ദ്രവ്യാദി അഭീഷ്ടവസ്തുക്കളെ ദക്ഷിണചെയ്തു് അനുഗ്രഹം വാങ്ങിയശേഷമാണു് ഗുരുഗൃഹത്തിൽനിന്നു മടങ്ങി മറെറാരു സ്ഥലത്തു താമസിക്കുകയോ പരിവ്രജനംചെയ്യുകയോ ചെയ്യേണ്ടതു്. ആചാര്യനു കൊടുക്കുന്ന ദ്രവ്യത്തിൽ അഭിമാനിക്കുകയോ പറയുകയോ അരുതുതാനും. അങ്ങനെ ചെയ്യുന്നതു ബ്രഹ്മചര്യത്തിൻെറ നാലാമത്തെ പാദവുമാണു്.

കാലേന പാദം ലഭതേ തഥാത്ഥം
തതശ്ച പാദം ഗുരുയോഗതശ്ച
ഉത്സാഹയോഗേന ച പാദമൃച്ഛേൽ
ശാസ്ത്രേണ പാദം ച തതോഭിയാതി. 16

സാരം:—ചതുഷ്പാത്തായിട്ടാണല്ലോ ബ്രഹ്മചര്യത്തെപ്പറഞ്ഞതു്. നാലു പാദങ്ങളുള്ള ബ്രഹ്മചര്യംകൊണ്ടു സാധിക്കേണ്ടിയിരിക്കുന്ന വിദ്യയ്ക്കും നാലു പാദങ്ങളുണ്ടു്. അവയാകട്ടെ ആചാര്യശിക്ഷണംകൊണ്ടു് ഒരു പാദവും, ഉത്സാഹത്തോടുകൂടിയ പഠനമനനാദികളെക്കൊണ്ടു് ഒരു പാദവും, ശാസ്ത്രാധ്യയനംകൊണ്ടു് ഒരു പാദവും, അങ്ങനെ മൂന്നു പാദങ്ങളും നിറവേറിക്കഴിഞ്ഞാൽ കാലംകൊണ്ടു ജ്ഞാനത്തിന്നു പരിപക്വത വന്നു നാലാമത്തെ പാദവും നിറവേറും. "ആചാര്യാൽ പാദമാദത്തേ പാദം ശിഷ്യഃ സ്വമേധയാ. പാദം സബ്രഹ്മചാരിഭ്യഃ പാദം കാലക്രമേണ തു." എന്നു് ഈ വിഷയത്തിൽ ഒരാപ്തവാക്യമുണ്ടു്.

ധർമ്മാദയോ ദ്വാദശ യസ്യ രൂപ-
മന്യാനി ചാംഗാനി യഥാബലം ച
ആചാര്യയോഗേ ഫലതീതി ചാഹുഃ
ബ്രഹ്മാർത്ഥയോഗേന ച ബ്രഹ്മചര്യം. 17

സാരം:—ധർമ്മം തുടങ്ങിയ പന്ത്രണ്ടനുഷ്ഠാനങ്ങളെ ഇതിനുമുമ്പു കീർത്തിച്ചുവല്ലോ. അവയും അതുപോലെ അവയോടു ബന്ധപ്പെട്ട യമം, നിയമം, ആസനം, പ്രാണജയം, ധ്യാനം തുടങ്ങിയ യോഗസാധനകളും സമാധ്യഭ്യാസംകൊണ്ടു ബലസമ്പാദനവും വേദാർത്ഥചിന്തനവും ആചാര്യോപദേശവും കൂടിച്ചേർന്നതാണ് ബ്രഹ്മചര്യമെങ്കിൽ അതു സഫലമായിത്തീരും. പറയപ്പെട്ട അവയവങ്ങൾ കുറഞ്ഞുപോവുകയോ ദൂഷിക്കുകയോ ചെയ്താൽ ചിലപ്പോൾ സാഹസപ്പെട്ടു നിറവേററിയ ബ്രഹ്മചര്യദീക്ഷ വേണ്ടത്ര ഫലപ്പെട്ടില്ലെന്നും വരാം. അതിനാൽ എല്ലാ അംഗങ്ങളും ഒത്തുചേരാൻ ശ്രമിക്കേണ്ടതുമാണ്.

ഏവം പ്രവൃത്തോ യദുപാലഭേത വൈ
ധനമാചാര്യായ തദനുപ്രയച്ഛേൽ
സതാം വൃത്തിം ബഹുഗുണാമേവമേതി
ഗുരോഃ പുത്രേ ഭവതി ച വൃത്തിരേഷാ. 18

സാരം:—പറയപ്പെട്ട തോതിൽ തെററുകൂടാതെ ബ്രഹ്മചര്യത്തെ ആചരിക്കുമ്പോഴും താൻ ഇന്നിന്നവയെല്ലാം ചെയ്യുന്നുവെന്നഭിമാനിക്കുകയോ മററുള്ളവരോടു പറയുകയോ ചെയ്യരുത്. മാത്രമല്ല, തൻെറ നിഷ്ഠകളെപ്പററി മററുള്ളവർ അറിയാൻ ഇടയാവുന്ന സൂചനപോലും ഉണ്ടാവാനിടവരാതെ സൂക്ഷിക്കുകയും വേണം. ഭിക്ഷാ

38083

വൃത്തികൊണ്ടു കിട്ടുന്ന ദ്രവ്യമോ പദാൎത്ഥങ്ങളോ എന്താ യാലും അവയെല്ലാം ആചാര്യനൎപ്പിക്കപ്പെട്ടുകയും വേണം. വിദ്യാലാഭത്തിന്നുശേഷം ആചാര്യൻെറ അഭീഷ്ടത്തെ അറിഞ്ഞു ഗുരുദക്ഷിണയേയും ചെയ്യണം. ഇങ്ങനെയാ ണ് സജ്ജനങ്ങളുടെ ആചരണസമ്പ്രദായം. അതിനെ അറിഞ്ഞു വേണ്ടപോലെ ആചരിക്കുന്നവൻ ബ്രഹ്മചര്യ ദീക്ഷയുടെ പരമമായ ഫലത്തെ പ്രാപിക്കുകയും ചെയ്യും. ഗുരുപുത്രന്മാരെ ഗുരുവിനെപ്പോലെയും ഗുരുപുത്രിമാരെ ഗുരുപത്നിയെപ്പോലെയും കരുതുകയും വേണം.

ഏവം വസൻ സൎവ്വതോ വൎദ്ധതീഹ
ബഹൂൻ പുത്രാൻ ലഭതേ ച പ്രതിഷ്ഠാം
വൎഷന്തി ചാസ്മൈ പ്രദിശോ ദിശശ്ച
വസത്യസ്മിൻ ബ്രഹ്മചര്യേ ജനാശ്ച. 19

സാരം:—പറയപ്പെട്ടപ്രകാരമുള്ള ബ്രഹ്മചര്യാദീക്ഷാ വ്രതത്തെ അനുഷ്ഠിച്ച ഒരാൾ എല്ലാ പ്രകാരത്തിലും അ ഭിവൃദ്ധിയെ പ്രാപിക്കുന്നു. പിന്നീടു സ്വീകരിക്കുന്ന ഗാ ൎഹസ്ഥ്യം എല്ലാ പ്രകാരത്തിലും സുഖസമാധാനങ്ങൾക്കും ഇഹപരലോകങ്ങളിലെ അനുഭവസന്തുഷ്ടിക്കും കാരണ മായിത്തീരുകയും ചെയ്യും. സൽപുത്രന്മാരും സദൃശസ്സും കുടുംബത്തിൻെറ നിലനിൽപ്പും ഉണ്ടാവുമെന്നുമാത്രമല്ല, ധാരാളം ധനം വൎദ്ധിക്കുകയും എവിടെയും താൻ മാനി ക്കപ്പെട്ടുകയും ചെയ്യും. തടസ്ഥമില്ലാതെ സൽക്കൎമ്മങ്ങ ളെ ചെയ്യാനിടവരുന്നതിനാൽ എപ്പോഴും നശിക്കാത്ത സുകൃതവും വൎദ്ധിക്കും. ഈ കാരണത്താൽ ഇന്നും ജന ങ്ങൾ ബ്രഹ്മചര്യത്തെ ഇഷ്ടപ്പെട്ടുകയും ആചരിക്കുകയും ചെയ്തുവരുന്നു.

ഏതേന ബ്രഹ്മചര്യേണ
ദേവാ ദേവത്വമാപ്നുവൻ
ഋഷയശ്ച മഹാഭാഗാ
ബ്രഹ്മലോകം മനീഷിണഃ. 20

സാരം:—ദേവന്മാർ ദേവത്വത്തെയും മഹാത്മാക്കളും ജ്ഞാനസമ്പന്നന്മാരുമായ ഋഷികൾ ബ്രഹ്മലോകത്തെയും പ്രാപിക്കുന്നതു്, ഹേ രാജാവേ! ഈ ബ്രഹ്മചര്യദീക്ഷയിലൂടെയാണു്.

ഗന്ധർവ്വാണാമനേനൈവ
രൂപമപ്സരസാമഭൂൽ
ഏതേന ബ്രഹ്മചര്യേണ
സൂര്യോപ്യഹനായ ജായതേ. 21

സാരം:—ഗന്ധർവ്വന്മാൎക്കു സ്വരമാധുരിയും അപ്സരസ്സുകൾക്കു രൂപസമ്പത്തിയും ആദിത്യനു പ്രകാശംകൂടിയും ഈ ബ്രഹ്മചര്യദീക്ഷകൊണ്ടാണുണ്ടാവുന്നതു്. അതിനാൽ പറയപ്പെട്ട ബ്രഹ്മചര്യദീക്ഷയെ വേണ്ടപോലെ ആചരിക്കുന്ന ഒരാൾക്കു ഗന്ധർവ്വൻെറ സ്വരമാധുരിയും അപ്സരസ്സിൻെറ രൂപഗുണവും ആദിത്യൻെറ തേജസ്സുമുണ്ടാവുമെന്നുംകൂടി ധരിക്കണം.

ആകാംക്ഷ്യാൎത്ഥസ്യ സംയോഗാൽ
രസഭേദാൎത്ഥിനാമിവ
ഏവം ഹ്യേതേ സമാജ്ഞായ
താദൃക്ഭാവം ഗതാ ഇമേ. 22

സാരം:—രസഗുളിക അല്ലെങ്കിൽ ചിന്താമണിയെന്ന രത്നം ഏതുപ്രകാരമാണോ അഭീഷ്ടങ്ങളായ എല്ലാ ഫ

ലങ്ങളെയും കൊടുക്കുന്നതു്, അതുപോലെയാണു് ബ്രഹ്മചര്യത്തിൻെറയും സ്ഥിതി. അഭീഷ്ടങ്ങളായ എല്ലാ ഫലങ്ങളും അതിൽനിന്നു കിട്ടുന്നു. പറയപ്പെട്ട ദേവാദികഠം അതിനുദാഹരണവുമാണു്. ചിന്താമണിക്കുവേണ്ടി പ്രയത്നിക്കാതെതന്നെ അവക്കു ബ്രഹ്മചര്യദീക്ഷാമാത്രംകൊണ്ടു ചിന്താമണിയും മററും ലഭിച്ചപോലുള്ള ഫലാനുഭൂതി അനുഭവപ്പെട്ടിരിക്കയാണു്. അതിനാൽ പറയപ്പെട്ട ബ്രഹ്മചര്യവ്രതത്തെ വേണ്ടപോലെ അനുഷ്ഠിക്കുന്ന മനുഷ്യക്കും ദേവാദികഠംക്കെന്നപോലെ സവ്വാഭീഷ്ടങ്ങളും നേടാൻകഴിയുമെന്നു താൽപര്യം.

യ ആശ്രയേൽ പാവയേച്ചാപി രാജൻ!
സവ്വം ശരീരം തപസാ തപ്യമാനഃ
ഏതേന വൈ ബാല്യമഭ്യേതി വിദ്വാൻ
മൃത്യും തഥാ ജയത്യന്തകാലേ. 23

സാരം:—അതിനാൽ പറയപ്പെട്ട ചതുഷ്പാത്തായ ബ്രഹ്മചര്യത്തിൻെറ നാലു പാദങ്ങളെയും മുഴുവൻ ആർ തെററുകൂടാതെ അംഗീകരിച്ചാചരിക്കുകയും അതുവഴി ശരീരം തുടങ്ങിയ എല്ലാ കരണങ്ങളെയും പവിത്രമാക്കിത്തീക്കുകയും വേദാന്തവിചാരംകൊണ്ടു തത്വബോധത്തിൽ നിസ്സംശയതയും ദൃഢതയും വരുത്തിത്തീക്കുകയും ചെയ്യുന്നുവോ, അദ്ദേഹത്തിൻെറ ബാല്യകാലം വേണ്ടപോലെ ഉപയോഗപ്പെട്ടു എന്നു പറയാം. മാത്രമല്ല, ബാല്യത്തിൽ സമ്പാദിക്കാൻ കഴിഞ്ഞ ആ സംസ്കാരവും ശുദ്ധിയും പില്ക്കാലത്തദ്ദേഹത്തെ ലക്ഷ്യത്തിലെത്തിക്കുകയും ചെയ്യും. അതിൻെറ ഫലമായി ലോകാനുഭവ

ങ്ങളെ അനുഭവിച്ചശേഷം അന്ത്യത്തിൽ മൃത്യുവെ ജയിച്ചു കൈവല്യത്തെ പ്രാപിക്കുന്നു.

അന്തവതഃ ക്ഷത്രിയ തേ ജയന്തി
ലോകാൻ ജനാഃ കർമ്മണാ നിർമ്മലേന
ബ്രഹ്മൈവ വിദ്വാൻ തേന ചാഭ്യേതി സർവ്വം
നാന്യഃ പന്ഥാഃ അയനായ വിദ്യതേ. 24

സാരം:—ക്ഷത്രിയശ്രേഷ്ഠനായ ഹേ ധൃതരാഷ്ട്ര! പരമാർത്ഥത്തെ അറിയാത്ത മൂഢന്മാരായ ജനങ്ങൾ വേദോക്തങ്ങളും ദോഷരഹിതങ്ങളുമായ കർമ്മങ്ങളെ ആചരിച്ചു ദിവ്യങ്ങളായ പല ലോകങ്ങളെയും സമ്പാദിക്കുന്നു. അതു നല്ലതുതന്നെ. എന്നാൽ ഏതു ലോകമായാലും, അവിടുത്തെ എന്തനുഭൂതിയായാലും അവയ്യൊന്നുംതന്നെ ശാശ്വതമായ സ്ഥിതിയില്ല; അവയെല്ലാം ക്ഷണികങ്ങളാണെന്നു വ്യക്തമാണു്. അതിനാൽ വിവേകികളായ മഹാത്മാക്കൾ അഭേദമായ കേവലജ്ഞാനത്തെ സമ്പാദിച്ചു നാശരഹിതമായ ബ്രഹ്മപദത്തെ പ്രാപിക്കുന്നു. കർമ്മങ്ങൾ എത്രയൊക്കെ ശ്രേഷ്ഠങ്ങളായാലും മുക്തിക്കുതകാത്തവയാണു്. നിരുപാധികവും അദ്വൈതവുമായ കേവലജ്ഞാനമൊഴിച്ചു മററൊന്നുംതന്നെ മുക്തിക്കു കാരണമാവുന്നില്ല. അതിനാൽ ജ്ഞാനംതന്നെ ശ്രേഷ്ഠമായിട്ടിരിക്കുന്നതു്.

ധൃതരാഷ്ട്ര ഉവാച—

ആഭാതി ശുക്ലമിവ ലോഹിതമിവാഥോ
കൃഷ്ണമഥാഞ്ജനം കാദ്രവം വാ
സദ് ബ്രഹ്മണഃ പശ്യതി യോത്ര വിദ്വാൻ
കഥം രൂപം തദമൃതമക്ഷരം. 25

സാരം:—ഇത്രയും കേട്ടപ്പോൾ ധൃതരാഷ്ട്രമഹാരാജാവു ചോദിക്കുകയാണ്. കരണങ്ങളെയെല്ലാമടക്കി ഏകാഗ്രയാക്കിത്തീക്കപ്പെട്ട പ്രജ്ഞകൊണ്ടു ഹൃദയത്തിൽ ബ്രഹ്മോപാസനയെ ചെയ്യുന്ന സാധകൻ വെളുപ്പ്, ചുവപ്പ്, കറുപ്പ്, നീലവണ്ണം, ധൂമവണ്ണം തുടങ്ങിയവയെ ക്കാണുമെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ അമൃതസ്വരൂപമായ ആത്മാവിൻെറ വണ്ണമെന്താണ്? അതു പറഞ്ഞുകേട്ടിട്ടില്ല. അതിനാൽ ആത്മവണ്ണത്തെപ്പറഞ്ഞുതരു.

സനൽസുജാത ഉവാച—

ആഭാതി ശുക്ലമിവ ലോഹിതമിവാഥോ
കൃഷ്ണമായസമക്വണ്ണം
ന പൃഥിവ്യാം തിഷ്ഠതി നാന്തരീക്ഷേ
നൈതൽ സമുദ്രേ സലിലം ബിഭത്തി. 26

സാരം:—സനൽസുജാതമഹഷി ധൃതരാഷ്ട്രമഹാരാജാവിൻെറ ചോദ്യത്തിന്നു മറുപടി പറകയാണ്. ബ്രഹ്മോപാസകനായ സാധകന് ഉപാസനാസമയത്തു വെളുപ്പ്, ചുവപ്പ്, കറുപ്പ്, ധൂമം തുടങ്ങിയ വണ്ണങ്ങൾ കാണാനിടയായേയ്ക്കാം. എന്നാൽ അവയൊന്നും ആത്മാവിൻെറ അല്ലെങ്കിൽ ബ്രഹ്മത്തിൻെറ വണ്ണമല്ല. രൂപമുള്ളവക്കേ വണ്ണമുണ്ടാവാൻ വഴിയുള്ളു. ബ്രഹ്മം അരൂപമായതിനാൽ വണ്ണമുണ്ടാവാൻ വയ്യാ. അതിനാൽ ഭൂമിയിലോ ആകാശത്തോ സമുദ്രജലത്തിലോ എന്തെല്ലാം വണ്ണങ്ങൾ കാണാനിടയായിട്ടുണ്ടോ അവയൊന്നും ബ്രഹ്മവണ്ണമല്ല. എങ്കിലും ജീവനെന്നപോലെ ആത്മാവിനും

ഉപാധിയും ആ ഉപാധിക്കു വർണ്ണവുമില്ലേ? എന്നാണെങ്കിൽ അതും ശരിയല്ല. ജീവനെന്നപോലെ ആത്മാവു സോപാധികനല്ല. നിരുപാധികനും അതേ കാരണത്താൽത്തന്നെ സർവ്വതന്ത്രസ്വതന്ത്രനുമാണു് ആത്മാവു്. ഉപാധിസംബന്ധംകൊണ്ടാണു് ജീവൻ ബദ്ധനും ദുഃഖിയുമായിട്ടിരിക്കുന്നതു്. അതില്ലാത്തതുകൊണ്ടാണു് ആത്മാവു നിത്യമുക്തനും ആനന്ദമയനുമായിട്ടിരിക്കുന്നതും. അതിനാൽ ആത്മാവിൻെറ വർണ്ണം പറയത്തക്കതല്ല.

ന താരകാസു ന ച വിദ്യുദാശ്രിതം
ന ചാഭ്രേഷു ദൃശ്യതേ രൂപമസ്യ
ന ചാപി വായൌ ന ച ദേവതാസു
നൈതച്ചന്ദ്രേ നോത സൂര്യേ. 27

സാരം:—എവിടെയും ആത്മാവിൻെറ രൂപം ആരാലും അറിയപ്പെട്ടിട്ടില്ല. നക്ഷത്രങ്ങളിലോ, ഇടിമിന്നലുകളിലോ, ആകാശത്തോ, വായുവിലോ, ദേവന്മാരിലോ, ചന്ദ്രമണ്ഡലത്തിലോ, ആദിത്യബിംബത്തിലോ ആത്മാവിൻെറ രൂപം ആരാലും അറിയപ്പെട്ടിട്ടില്ല. രൂപമില്ലാത്തതിനാൽ വർണ്ണവുമില്ലെന്നു പറയേണ്ടതില്ലല്ലോ.

നൈവർക്ഷു തന്ന യജുഷ്ഷു നാപ്യഥർവ്വസു
ന ദൃശ്യതേ വൈ വിമലേഷു സാമസു
രഥന്തരേ ബാർഹദ്രഥേ വാപി രാജൻ!
മഹാവ്രതേ നൈവ ദൃശ്യേൽ ധ്രുവം തൽ. 28

സാരം:—നാമരൂപാത്മകമാണു് പ്രപഞ്ചം. പ്രപഞ്ചാതീതമാണു് ആത്മാവെന്ന കാരണത്താൽ പ്രപഞ്ച

സ്വരൂപങ്ങളായ നാമരൂപങ്ങൾ ആത്മാവിനുണ്ടാവാൻ വയ്യാ. രൂപമില്ലെന്നു മുൻശ്ലോകംകൊണ്ടു സമത്ഥിച്ചതു പോലെ നാമമില്ലെന്നു് ഈ ശ്ലോകംകൊണ്ടും സമത്ഥിക്കുന്നു. ഋക്കിലോ യജുസ്സിലോ അഥവ്വത്തിലോ ആത്മാവിന്റെ നാമമില്ല. അതുപോലെ വൈശ്വാനരസാമത്തിലും പൃഷ്ട്യസാമത്തിലും ആത്മനാമമില്ല. യജ്ഞവിശേഷങ്ങളാകുന്ന ക്രിയകളിലും ആത്മനാമമില്ല. എന്തുകൊണ്ടാണു് ആത്മാവിന്നു നാമവും രൂപവുമില്ലാത്തതെന്നാണെങ്കിൽ ആത്മാവു ശാശ്വതമാണു്; എപ്പോഴും ഉള്ളതാണു്; എങ്ങും നിറഞ്ഞതാണു്. അതിനാൽ കാലദേശങ്ങളെക്കൊണ്ടെന്നപോലെ നാമരൂപങ്ങളെക്കൊണ്ടും ആത്മാവിന്നു പരിധിയെക്കല്പിക്കാൻ വയ്യാ. അതിനാൽ നാമമോ രൂപമോ വണ്ണമോ ഇല്ല ആത്മാവിനു്.

അപാരണീയം തമസഃ പരസ്താൽ
തദന്തകോപ്യേതി വിനാശകാലേ
അണീയോ രൂപം ക്ഷുരധാരയാ സമം
മഹച്ച രൂപം തദ്വൈ പവ്വതേഭ്യഃ. 29

സാരം:—നാമരൂപവണ്ണാദികളൊന്നുമില്ലെങ്കിൽ അങ്ങനെയൊരാത്മാവുണ്ടെന്നെന്തിനു വിശ്വസിക്കണമെന്നാണെങ്കിൽ നിഷേധിക്കാൻ ആക്കും സാധ്യമല്ല. ദൃഷ്ടങ്ങളായ എല്ലാററിനും കാരണമാണു് ആത്മാവു്. മാത്രമല്ല, ആത്മാവില്ലെന്നു നിഷേധിക്കാനൊരുങ്ങുന്ന ആൾപോലും ആത്മാവാകുന്ന കാരണംകൊണ്ടുണ്ടായവനാണു്. ആ സ്ഥിതിക്കു് ആത്മാവില്ലെന്നു പറഞ്ഞാൽ പറയുന്നവനായ താനില്ലെന്നുകൂടി അത്ഥമാവും. തന്റെ

നിഷേധം ആക്കും ഇഷ്ടമല്ലാത്തതിനാൽ ആത്മാവിനെ നിഷേധിക്കാൻ വയ്യാ. എന്നാൽ അറിഞ്ഞുകൂടേ എന്നാണെങ്കിൽ അജ്ഞാനോപാധികളെക്കൊണ്ടറിയത്തക്കതല്ല ആത്മസ്വരൂപം. മനോബുദ്ധികളെക്കൊണ്ടാണു് സാധാരണജനങ്ങൾ ആത്മാന്വേഷണം ചെയ്യുന്നതു്. മനസ്സും ബുദ്ധിയും അജ്ഞാനോപാധികളാകയാൽ അവക്കു നിരുപാധികവും വിജ്ഞാനസ്വരൂപവുമായ ആത്മാവിനെ അറിയാൻ സാധിക്കില്ല. നിരുപാധികജ്ഞാനം അല്ലെങ്കിൽ വിദ്യ ഉണ്ടാവാനും വിഷമം. അതിനാൽ സാധാരണജനങ്ങൾക്കു് ആത്മാവിനെ നിഷേധിക്കാനും അറിയാനും രണ്ടും സാധ്യമല്ലെന്നു പറയണം. കാലം പോലും പ്രളയാവസാനം ആത്മാവിൽ ലയിക്കുന്നതിനാൽ എല്ലാററിന്നും ശിഷ്ടവും എല്ലാററിനും മുമ്പുള്ളതും എല്ലാററിനും കാരണവുമാണു് ആത്മാവു്. അണുവിൽ വെച്ചണുവാണു് ആത്മാവെന്നു പറഞ്ഞാൽ തെററില്ല. അത്രമാത്രം സൂക്ഷ്മമാണു്. വ്യക്തങ്ങളായ ഒന്നുകൊണ്ടും അവ്യക്തമായ ആത്മാവിനെ അറിയാൻ വയ്യാ. കടഞ്ഞ വാളിൻെറ വായ്ത്തലപോലെ ഒന്നിനാലും രോധിക്കപ്പെടുവാൻ കഴിയാത്തതും അത്രമാത്രം സൂക്ഷ്മവുമാണു് ആത്മസ്വരൂപമെന്നു പറയാവുണ്ടു്. എന്നാൽ അതേ സമയത്തു വ്യാപ്തികൊണ്ടു പർവ്വതങ്ങളേക്കാൾ വലുതുമാണു്.

സാ പ്രതിഷ്ഠാ തദമൃതം
ലോകാസ്തൽ ബ്രഹ്മ തദ്യശഃ
ഭൂതാനി ജജ്ഞിരേ തസ്മാൽ
പ്രളയം യാന്തി തത്ര ഹി. 30

സാരം:—പറയപ്പെട്ട ബ്രഹ്മമാണ് എല്ലാററിനും അധിഷ്ഠാനമായിട്ടിരിക്കുന്നതു്. സ്വൎണ്ണം കടകകുണ്ഡലാദി ആഭരണങ്ങളായിത്തീരുന്നതുപോലെ ബ്രഹ്മം ലോകങ്ങളായി പരിണമിച്ചിരിക്കയല്ല. സ്വൎണ്ണത്തിന്നെന്നപോലെ ബ്രഹ്മത്തിന്നു വികാരങ്ങളില്ല. എല്ലാററിന്നും അധിഷ്ഠാനമാണ് ബ്രഹ്മമെന്നു പറഞ്ഞതുകൊണ്ടുതന്നെ ദൃശ്യങ്ങളെല്ലാം അധ്യാസങ്ങളാണെന്നു വ്യക്തമാവുന്നുണ്ടു്. അതിനാൽ ദൃശ്യങ്ങളെല്ലാം ബ്രഹ്മമാണെങ്കിലും ബ്രഹ്മത്തിൽ അധ്യാസംമാത്രമാണ്. എങ്കിലും അധ്യസ്തങ്ങളായ ദൃശ്യങ്ങളിലൂടെ ബ്രഹ്മമഹിമയെയാണ് ഓരോരുത്തരും അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതു്. എല്ലാ ദൃശ്യങ്ങളും അധ്യാസരൂപേണ ബ്രഹ്മത്തിലുണ്ടായി ബ്രഹ്മത്തിൽത്തന്നെ ലയിക്കുകയും ചെയ്യുന്നു.

അനാമയം തന്മഹദ്ദ്യുതം യശോ
വാചോ വികാരം കവയോ വദന്തി
യസ്മിൻ ജഗൽ സൎവ്വമിദം പ്രതിഷ്ഠിതം
യേ തദ്വിദുരമൃതാസ്തേ ഭവന്തി. 31

സാരം:—വാസ്തവത്തിൽ ബ്രഹ്മം അദ്വൈതമാണ്. ബ്രഹ്മത്തിൽനിന്നന്യമായി രണ്ടാമതൊന്നുണ്ടായിട്ടില്ലെന്നതാണ് പരമാൎത്ഥം. എന്നാൽ പിന്നെ ദൃഷ്ടമായ ഈ ജഗത്തു് എങ്ങനെ എവിടെനിന്നുണ്ടായി എന്നാണെങ്കിൽ ബ്രഹ്മത്തിൽനിന്നുതന്നെ എന്നു പറയണം. പക്ഷേ കയറിൽ പാമ്പെന്നപോലെ കേവലം അധ്യാസംമാത്രമാണ് ജഗത്തെന്നതിനാൽ ശബ്ദമാത്രമാണ് ജഗത്തു്. അല്ലാതെ ജഗത്തെന്ന ഒരു വസ്തുവുണ്ടായിട്ടില്ല എന്നതാണ് സത്യം. ഈ പരമാൎത്ഥത്തെ അറിയുന്നവർ മൃത്യുഭ്രമത്തിൽനിന്നു രക്ഷപ്പെട്ടു് അമൃതസ്വരൂപന്മാരായിത്തീരുന്നു.

# അദ്ധ്യായം 45

സനൽസുജാത ഉവാച—

ശോകം ക്രോധശ്ച ലോഭശ്ച
കാമോ മാനഃ പരാസുതാ
ഈഷ്യാ മോഹോ വിധിത്സാ ച
കൃപാ/സൂയാ ജുഗുപ്സുതാ. 1
ദ്വാദശൈതേ മഹാദോഷാ
മനുഷ്യപ്രാണനാശനാഃ
ഏകൈകമേതേ രാജേന്ദ്ര!
മനുഷ്യാൻ പര്യുപാസതേ
യൈരാവിഷ്ടോ നരഃ പാപം
മൂഢസംജ്ഞോ വ്യവസ്യതി. 2

സാരം:—വീണ്ടും സനൽസുജാതമഹഷി പറകയാണു്. ഹേ രാജാവേ, ശോകം, ക്രോധം, ലോഭം, കാമം, അഭിമാനം, നിദ്രാപരതന്ത്രം, ഈഷ്യ, അവിവേകം, വിധിത്സ, കാരുണ്യം, അസൂയ, നിന്ദാഭാവം എന്നീ പന്ത്രണ്ടു വൃത്തികളാണു് മനുഷ്യന്റെ ഏററവും വലിയ ശത്രുക്കൾ. അവഹേതുവായിട്ടു പ്രാണഹാനിപോലും സംഭവിക്കുന്നുവെന്നു പറഞ്ഞാൽ തെററില്ല. ഇവയിൽ ഏതെങ്കിലും ഒന്നുമാത്രം ബലമായിട്ടുണ്ടായാൽ മതി; അതുകൊണ്ടുതന്നെ ഒരാളുടെ മോക്ഷമാൎഗ്ഗം തടയപ്പെടും. ആ സ്ഥിതിക്കു് എല്ലാംകൂടി ഒരാളിലുണ്ടായാലത്തെ കഥ പ

റയേണ്ടതില്ലല്ലോ. പ്രസ്തുതവൃത്തികൾ ആരിൽ വളൎന്നു കൊണ്ടിരിക്കുന്നുവോ, അവൻ മൂഢനാണെന്നു പറയേണ്ടതില്ല. അവയെ അകററിയല്ലാതെ ഒരിക്കലും ജ്ഞാനമുണ്ടാവാൻ വയ്യാ. സൽക്കൎമ്മങ്ങളെപ്പോലും അവ ബലമായി തടയും. മാത്രമല്ല, എപ്പോഴും പാപംചെയ്യാനുള്ള വാസനയും പ്രേരണയും വൎദ്ധിക്കുകയും ചെയ്യും. പാപം വളരുംതോറും മൂഢതയും ദൗൎബ്ബല്യവും വളൎന്നു് അവയെ അകററാനുള്ള കഴിവുപോലും നഷ്ടപ്പെട്ടും. അതിനാൽ കേവലം ശത്രുക്കളായ പ്രസ്തുതവൃത്തികളെ അകററുകതന്നെ വേണം.

സ്പൃഹയാലുരുഗ്രഃ പരുഷോ വാ വദാന്യഃ
ക്രോധം ബിഭ്രൽ മനസാ വൈ വികത്ഥീ
നൃശംസധൎമ്മാഃ ഷഡിമേ ജനാ വൈ
പ്രാപ്യാപ്യൎത്ഥം നോത സഭാജയന്തേ. 3

സാരം:—അത്യാഗ്രഹം, നിൎദ്ദയത്വം, ക്രൂരവാക്കു്, ബഹുഭാഷിത്വം, ക്രോധധാരണം, ഉച്ചത്തിൽ ഒന്നും പറയുന്നില്ലെങ്കിലും മനസ്സുകൊണ്ടു മററുള്ളവരെ നിന്ദിച്ചു കൊണ്ടിരിക്കൽ എന്നീ ആറും ദുഷ്ടന്മാരുടെ ധൎമ്മങ്ങളാണു്. അവ വന്നുചേൎന്നാൽ വേഗത്തിൽ ഒരു മനുഷ്യൻ നീചനായിത്തീരും. അവൻ മററുള്ളവരെയോ അവനെ മററുള്ളവരോ ആദരിക്കുക എന്നുള്ളതില്ലാതായിത്തീരും. അതിനാൽ അവയെ ദൂരത്തകററേണ്ടതാണു്.

സംഭോഗസംവിദ്വിഷമോതിമാനീ
ദത്വാ വികത്ഥീ കൃപണോ ദുൎബ്ബലശ്ച
ബഹുപ്രശംസീ വനിതാദ്വിട്സദൈവ
സപ്തൈവോക്താഃ പാപശീലാ നൃശംസാഃ. 4

സാരം:—സ്ത്രീസംഭോഗധമ്മത്തിൽ വിരക്തനെങ്കിലും എപ്പോഴും അതിനെ ഓൎത്തുകൊണ്ടിരിക്കൽ, ആവശ്യത്തിൽക്കവിഞ്ഞ അഭിമാനത്തെ വളൎത്തൽ, ആവശ്യപ്പെട്ട പദാൎത്ഥങ്ങളെ അൎത്ഥികൾക്കു കൊടുക്കുമെങ്കിലും കൊടുത്തുകഴിഞ്ഞാൽ അവരെ ശകാരിക്കൽ, ദുഷ്ടവിചാരങ്ങളെ വളൎത്തൽ, ദൌബ്ബല്യം, ആത്മപ്രശംസയെ ചെയ്യൽ, സ്ത്രീകളെ കാരണംകൂടാതെ ദൂഷിക്കൽ എന്നീ ഏഴു ധമ്മങ്ങളും പാപപങ്കിലങ്ങളാണു്. അവയെ വളൎത്തുന്നവർ ദുഷ്ടന്മാരുമാണു്..

ധമ്മശ്ച സത്യം ച തപോ ദമശ്ച
അമാത്സര്യം ഹ്രീസ്തിതിക്ഷാഽനസൂയാ
ദാനം ശ്രുതം ചൈവ ധൃതിഃ ക്ഷമാ ച
മഹാവ്രതാ ദ്വാദശ ബ്രാഹ്മണസ്യ. 5

സാരം:—ധമ്മനിഷ്ഠ, സത്യപരിപാലനം, തപസ്സ്, ബാഹ്യാഭ്യന്തരകരണങ്ങളെ അടക്കൽ, ആരോടും ഒന്നുകൊണ്ടും എപ്പോഴും മത്സരമില്ലാത്തവനായിരിക്കൽ, അനൎഹങ്ങളായ കാര്യങ്ങളിൽ ലജ്ജയുള്ളവനായിരിക്കൽ, ചിന്തയോടും ആവലാതിയോടുംകൂടാതെ ക്ലേശങ്ങളെ സഹിക്കൽ, അസൂയയില്ലായ്മ, കാലദേശോചിതങ്ങളായ ദാനങ്ങളെ കഴിവനുസരിച്ചാദരിക്കൽ, അൎത്ഥബോധത്തോടുകൂടിയ വേദഗ്രഹണം, ധൈര്യം, ക്ഷമ എന്നീ പന്ത്രണ്ടു ധമ്മങ്ങൾ ഏററവും വലിയ വ്രതങ്ങളാണു്. ഒരു ബ്രാഹ്മണനു് അവയിൽ ഒന്നുപോലും ഒരിക്കലും ഒഴിക്കാൻപാടില്ലാത്തതുമാണു്.

യോ നൈതേഭ്യഃ പ്രാപ്യ ചേൽ ദ്വാദശഭ്യഃ
സൎവ്വാമപീമാം പൃഥിവീം സ ശിഷ്യാൽ
ത്രിഭിർദ്വാഭ്യാമേകതോ വാൎത്ഥിതോ യോ
നാസ്യ സ്വമസ്തീതി ച വേദിതവ്യം. 6

സാരം:— പറയപ്പെട്ട പന്ത്രണ്ടു ധൎമ്മങ്ങൾ പൂൎണ്ണമായി ഒരാളിൽ എപ്പോഴും പ്രകാശിക്കുന്നുവെങ്കിൽ അവന്നു് ഈ ഭൂമിയെ മുഴുവൻ ശാസിക്കാൻ കഴിയുമെന്നു പറയണം. അതുപോലെ പറയപ്പെട്ട പന്ത്രണ്ടിൽ ഏതെങ്കിലും ഒന്നോ രണ്ടോ അഥവാ മൂന്നോ ധൎമ്മങ്ങളിൽ പ്രത്യേകം ശ്രദ്ധയും പ്രവൃത്തിയുമുള്ളവനായിത്തീൎന്നാൽ വൈരാഗ്യംകൊണ്ടു് എല്ലാമുപേക്ഷിച്ചു നിസ്വനായിത്തീരുമെന്നും പറയണം.

ദമസ്ത്യാഗോഽപ്രമാദ
ഇത്യേതേഷ്വമൃതം സ്ഥിതം
ഏതാനി ബ്രഹ്മമുഖ്യാനാം
ബ്രാഹ്മണാനാം മനീഷിണാം. 7

സാരം:— ബാഹ്യാഭ്യന്തരകരണങ്ങളുടെ അടക്കം, ത്യാഗം, വിവേകം എന്നീ മൂന്നു ധൎമ്മങ്ങൾ അതിപ്രധാനങ്ങളാണു്. അവയിലാണു് അമൃതാനുഭൂതി നിക്ഷിപ്തമായിട്ടിരിക്കുന്നതെന്നു പറഞ്ഞാൽപ്പോലും തെററില്ല. മുമുക്ഷുക്കളും ബ്രഹ്മജിജ്ഞാസുക്കളുമായ ബ്രാഹ്മണൎക്കു് ഒരിക്കലും ഒഴിക്കാൻപാടില്ലാത്തവയാണു് അവ മൂന്നും.

സദ്വാഽസദ്വാ പരീവാദോ
ബ്രാഹ്മണസ്യ ന ശസ്യതേ
നരകപ്രതിഷ്ഠാസ്തേ വൈ
സ്യുൎയ്യ ഏവം കുൎവ്വതേ ജനാഃ. 8

സാരം:—ഉള്ളതാവട്ടെ; ഇല്ലാത്തതാവട്ടെ, മററുള്ളവരുടെ കുററങ്ങളെയും കുറവുകളെയും പറയുകയെന്നതു ബ്രാഹ്മണന്നു് ഒരിക്കലും നല്ലതല്ല. അങ്ങനെ ചെയ്യുന്നവർ നരകത്തിൽ ഒരു സ്ഥിരപ്രതിഷ്ഠയെ ഉണ്ടാക്കിത്തീൎക്കുകയാണു് ചെയ്യുന്നതു്.

മദോഷ്ടാദശദോഷഃ സ
സ്യാൽ പുരാ യോഽപ്രകീൎത്തിതഃ
ലോകദ്വേഷ്യം പ്രാതികൂല്യ-
മഭ്യസൂയാ മൃഷാവചഃ 9

കാമക്രോധൗ പാരതന്ത്ര്യം
പരിവാദോഽഥ പൈശുനം
അൎത്ഥഹാനിൎവ്വിവാദശ്ച
മാത്സര്യം പ്രാണിപീഡനം. 10

ഈൎഷ്യാ മോദോഽതിവാദശ്ച
സംജ്ഞാനാശോഭ്യസൂയിതാ
തസ്മാൽ പ്രജ്ഞോ ന മാദ്യേത
സദാ ഹ്യേതദ്വിഗൎഹിതം. 11

സാരം:—ഏററവും നിന്ദ്യങ്ങളായ പതിനെട്ടു ദോഷങ്ങളോടുകൂടിയതാണു് മദമെന്ന ഒരു വൃത്തി. ഇതിന്നു മുമ്പു് അവയെ വിസ്തരിച്ചു പറഞ്ഞിട്ടില്ലാത്തതിനാൽ ഇവിടെ പറയാം. പരദാരഗമനം തുടങ്ങിയ നീചവൃത്തികളെക്കൊണ്ടു ലോകത്തിന്നു പൊതുവേ ഉപദ്രവകാരിയായിത്തീരൽ, ധൎമ്മാചരണങ്ങൾക്കും സൽക്കൎമ്മങ്ങൾക്കും തടസ്ഥത്തെ ഉണ്ടാക്കൽ, ഗുണവാന്മാരായ നല്ലവരിൽ എപ്പോഴും ദോഷാരോപത്തെ ചെയ്യൽ, കളവു പറയൽ,

കാമം ക്രോധം മദ്യപാനം മുതലായതുകൊണ്ടുണ്ടാവുന്ന പരതന്ത്രത, മററുള്ളവരുടെ കുററം പറയൽ, ഏഷണി മദ്യപാനം ചൂതുകളി മുതലായവകൊണ്ടുള്ള ധനനാശം, വാദപ്രതിവാദം നടത്തൽ, മററുള്ളവരോടു മത്സരിക്കൽ, നായാട്ടു തുടങ്ങിയ വിനോദങ്ങൾകൊണ്ടു പ്രാണികളെ ഉപദ്രവിക്കൽ, പ്രതികാരബുദ്ധിയെ വളൎത്തൽ, അതിയായി സന്തോഷിക്കൽ, മര്യാദയില്ലാത്ത സംഭാഷണം, കാര്യാകാര്യവിവേചനമില്ലാതെ സംസാരിക്കൽ, മററുള്ളവരുടെ നന്മയിൽ അസഹ്യത എന്നീ പതിനെട്ടു ദോഷങ്ങൾ മദംകൊണ്ടുണ്ടായിത്തീരുന്നവയാണു്. മദമുള്ളൊരാൾക്കു് ഇവയെല്ലാം ഉണ്ടാവും. ഉണ്ടായില്ലെങ്കിലേ ആശ്ചര്യപ്പെടേണ്ടതുള്ളൂ. അതിനാൽ അല്പമെങ്കിലും വിവേകമുള്ളൊരാൾ മദത്തെ അകററുകതന്നെ വേണം.

സൗഹൃദേ വൈ ഷൾഗുണാഃ വേദിതവ്യാഃ
പ്രിയേ ഹൃഷ്യന്ത്യപ്രിയേ ച വ്യഥന്തേ
സ്യാദാത്മനഃ സുചിരം യാചതേ യോ
ദദാത്യയാച്യമപി ദേയം ഖലു സ്യാൽ. 12

ഇഷ്ടാൻ പുത്രാൻ വിഭവാൻ സ്വാംശ്ചദാരാൻ
അഭ്യൎത്ഥിതശ്ചാൎഹതി ശുദ്ധഭാവഃ
ത്യക്തദ്രവ്യഃ സംവസേന്നേഹ കാമാൻ
ഭുംക്തേ കൎമ്മസ്വാശിഷം ബാധതേ ച. 13

സാരം:—സൗഹൃദത്തിന്നു് അല്ലെങ്കിൽ മൈത്രിക്കു് ആറു ഗുണങ്ങളുണ്ടു്. പ്രിയാനുഭൂതിയിൽ സന്തോഷിക്കലും അപ്രിയാനുഭൂതിയിൽ അസ്വാസ്ഥ്യമനുഭവിക്കലും സൗഹൃദത്തിന്റെ രണ്ടു ഗുണങ്ങളാണു്. സന്ദൎഭംവരു

KOTTAYAM PUBLIC LIBRARY KOTTAYAM

മ്പോൾ ഇഷ്ടജനങ്ങളോട്ട് അദേയങ്ങളായ വസ്തുക്കളെപ്പോലും യാചിക്കലും ശുദ്ധഭാവത്തോടുകൂടി അതിനെക്കൊടുക്കലും മൂന്നാമത്തെ ഗുണമാണു്. ആർക്കു തന്നെക്കൊണ്ടു കൂടുതൽ ഉപകരിച്ചിട്ടുണ്ടോ, അവരുടെ ഗൃഹത്തിൽ താമസിക്കാതിരിക്കുകയെന്നതു നാലാമത്തെ ഗുണമാണു്. സുഹൃത്തുക്കളുടെ സ്നേഹഭംഗത്തെ ഭയന്നു് അവരിൽനിന്നു യാതൊന്നും വാങ്ങാതിരിക്കുകയെന്നതു് അഞ്ചാമത്തെയും സുഹൃത്തുക്കളുടെ നന്മയ്ക്കുവേണ്ടി തന്റെ ശ്രേയസ്സിനെപ്പോലും ഉപേക്ഷിക്കുന്നതു് ആറാമത്തെയും ഗുണമാണു്. ഇവയാറും സുഹൃത്തുക്കളിൽമാത്രം കാണപ്പെടുന്ന ഗുണങ്ങളുമാണു്.

ദ്രവ്യവാൻ ഗുണവാനേവം
ത്യാഗീ ഭവതി സാത്വികഃ
പഞ്ചഭൂതാനി പഞ്ചഭ്യോ
നിവർത്തയതി താദൃശഃ. 14

സാരം:—ഇപ്രകാരം സൽഗുണവാനും സാത്വികനുമായ ഗൃഹസ്ഥൻ യഥാർത്ഥത്യാഗികൂടിയായിത്തീരുമ്പോൾ കാലംകൊണ്ടു് ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്നു വലിച്ചെടുത്തു് ആത്മാഭിമുഖങ്ങളാക്കിത്തീർക്കാനും ആത്മീയനായിത്തീരാനും ഇടവരികയും ചെയ്യും.

ഏതൽ സമൃദ്ധമപ്യൂർദ്ധ്വം
തപോ ഭവതി കേവലം
സത്വാൽ പ്രച്യവമാനാനാം
സങ്കല്പേന സമാഹിതം. 15

സാരം:—അങ്ങനെ ഇന്ദ്രിയനിവൎത്തനവും ആത്മാഭിമുഖത്വവുംതന്നെ അയാളെ ഉത്തരോത്തരം ശ്രേയസ്സിലേയ്ക്കു നയിക്കും. എന്തുകൊണ്ടെന്നാൽ അതുതന്നെ മഹത്തായൊരു തപസ്സാണു്. എന്നാൽ തീവ്രവൈരാഗ്യമില്ലാത്തതുകൊണ്ടു് അദ്വൈതജ്ഞാനവും സദ്യോമുക്തിയും സംഭവിച്ചില്ലെങ്കിൽക്കൂടി സങ്കല്പങ്ങൾക്കനുസരിച്ചു് ഊൎദ്ധ്വലോകങ്ങളിലൂടെ വഴിക്കുവഴിയായി പോവാനും അന്ത്യത്തിൽ കൈവല്യത്തെ പ്രാപിക്കാനും ഇടയായിത്തീരും.

യതോ യജ്ഞാഃ പ്രവൎദ്ധന്തേ
സത്യസ്യൈവാവരോധനാൽ
മനസാഽന്യസ്യ ഭവതി
വാചാഽന്യസ്യാഥ കൎമ്മണാ. 16

സാരം:—സത്യസങ്കല്പത്വം വന്നുചേരുമ്പോൾ സങ്കല്പരൂപേണ ചെയ്യപ്പെടുന്ന യജ്ഞങ്ങളെല്ലാം സത്യഫലസ്വരൂപങ്ങളായിത്തീരും. യോഗികൾ സത്യസങ്കല്പന്മാരാണെന്നു പ്രസിദ്ധമാണല്ലോ. ആജ്യപുരോഡാശാദികൾ കൂടാതെ വെറും സങ്കല്പമാത്രംകൊണ്ടു ചെയ്യപ്പെടുന്ന യജ്ഞങ്ങളും ബ്രഹ്മജപം, വേദോച്ചാരണം, മന്ത്രപുരശ്ചരണം തുടങ്ങിയ വാചികയജ്ഞങ്ങളും പ്രസ്തുതഗൃഹസ്ഥനെ ഉത്തരോത്തരം ഉയൎത്തുമെന്നതു നിസ്സംശയമാണു്.

സങ്കല്പസിദ്ധം പുരുഷ-
മസങ്കല്പോഽധിതിഷ്ഠതി
ബ്രാഹ്മണസ്യ വിശേഷേണ
കിഞ്ചാന്യദപി മേ ശൃണു. 17

സാരം:—ബ്രഹ്മജിജ്ഞാസുവായ പുരുഷൻ സത്യസങ്കല്പംകൊണ്ടു്—ഭാവനാത്മകമായ സഗുണോപാസനംകൊണ്ടു് സഗുണബ്രഹ്മത്തെയും, അസങ്കല്പംകൊണ്ടു്—എല്ലാ കരണങ്ങളും വൃത്തികളുമടങ്ങിയ കേവലജ്ഞാനംകൊണ്ടു്—നിൎഗ്ഗുണബ്രഹ്മത്തെയും പ്രാപിക്കുന്നു. വേദജ്ഞനായ ഒരാൾ വിശേഷിച്ചും നിസ്സംകല്പനും നിരുപാധികജ്ഞാനസമ്പന്നനുമായിരിക്കും. അങ്ങനെയുള്ളാൾക്കു വേഗത്തിൽ നിൎഗ്ഗുണാനുഭൂതിയുണ്ടാവാം. അല്ലാത്തവൎക്കും സഗുണോപാസനംകൊണ്ടു കാലത്താൽ നിൎഗ്ഗുണാനുഭൂതി കൈവരികയും ·ചെയ്യും. ഹേ രാജാവേ, ഒരു സംഗതികൂടി ഞാൻ വ്യക്തമായി പറയാം.

അധ്യാപയേൽ മഹദേതൽ യശസ്യം
വാചോ വികാരാഃ കവയോ വദന്തി
അസ്മിൻ യോഗേ സൎവ്വമിദം പ്രതിഷ്ഠിതം
യേ തദ്വിദുരമൃതാസ്തേ ഭവന്തി. 18

സാരം:—എന്തെന്നാൽ യോഗശാസ്ത്രത്തിൽ, അഥവാ അദ്ധ്യാത്മമാൎഗ്ഗത്തിൽ, ഒരാൾക്കറിയേണ്ട സംഗതികളെയെല്ലാം ഇവിടെ പറഞ്ഞു. കഴിയുമെങ്കിൽ ജിജ്ഞാസുക്കൾക്കു് ഇതിനെ പഠിപ്പിക്കുന്നതു നല്ലതാണു്. എന്നാൽ ഇതിനേക്കാൾ ശ്രേഷ്ഠമായ വേറെ ശാസ്ത്രമുണ്ടു് എന്നു കരുതി പിന്നെ ചിലതിനെ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ അതു കേവലം വ്യാമോഹംതന്നെയാണു്. എന്തുകൊണ്ടെന്നാൽ അറിയേണ്ട കാര്യം ഇത്രമാത്രമാണു്. ഇതിൽക്കവിഞ്ഞുള്ളതെല്ലാം വാക്കുകളുടെ പ്രകടമെന്നല്ലാതെ മറ്റൊന്നും പറയാ

നില്ല. അതിനാൽ പറഞ്ഞേടത്തോളം സംഗതികളെ ആർ വേണ്ടപോലെ അറിഞ്ഞു പ്രവൃത്തിയിൽ കൊണ്ടുവരുന്നു, അവർ അമൃതസ്വരൂപന്മാരായിത്തീരും.

ന കർമ്മണാ സുകൃതേനൈവ രാജൻ!
സത്യം ജയേൽ ജുഹുയാദ്വാ യജേദ്വാ
നൈതേന ബാലോഽമൃത്യുമഭ്യേതി രാജൻ!
രതിം ചാസൗ ന ലഭത്യന്തകാലേ. 19

സാരം:—ഹേ രാജാവേ, സുകൃതകർമ്മങ്ങളെക്കൊണ്ടോ ഹോമങ്ങളെക്കൊണ്ടോ യജ്ഞങ്ങളെക്കൊണ്ടോ മൂഢനായ ഒരാൾക്കു ബ്രഹ്മപ്രാപ്തിയുണ്ടാവാൻ പോവുന്നില്ല. ജ്ഞാനമൊന്നുകൊണ്ടുമാത്രമേ അജ്ഞാനനാശവും കൈവല്യപ്രാപ്തിയുമുണ്ടാവാൻ പോവുന്നുള്ളു. മൃത്യുഭയം എല്ലാവരെയും അലട്ടിക്കൊണ്ടിരിക്കുന്ന ഒരാപത്താണു്. അതിൽനിന്നു രക്ഷപ്പെടാൻ ജ്ഞാനംകൊണ്ടുമാത്രമേ സാധിക്കൂ. അന്ത്യത്തിൽ സമാധാനവും ജ്ഞാനംകൊണ്ടേ ഉണ്ടാവൂ.

തൂഷ്ണീമേക ഉപാസീത
ചേഷ്ടേത മനസാപി ന
തഥാ സംസ്തുതിനിന്ദാഭ്യാം
പ്രീതിരോഷൗ വിവർജ്ജയേൽ. 20

സാരം:—എന്നാൽ എങ്ങനെയാണു് നിരുപാധികവും അമൃതാത്മകവുമായ ജ്ഞാനത്തെ സമ്പാദിക്കേണ്ടതെന്നാണെങ്കിൽ പറയാം. വിജനസ്ഥലത്തു് ഏകാകിയായിരുന്നു് ഉപാസിക്കുകയേ വേണ്ടൂ. മനസ്സുപോലും ചലിക്കാനിടവരാതെ ശുദ്ധമായ ഉപാസനത്തിൽത്ത

ന്നെ മുഴുകിക്കഴിയുമ്പോൾ കാലംകൊണ്ടു ജ്ഞാനം പ്രകാശിക്കും. ചിലർ സ്തുതിക്കുകയും മററു ചിലർ നിന്ദിക്കുകയുമൊക്കെ ചെയ്തേയ്ക്കാം. അതിലൊന്നും സന്തോഷമോ സന്താപമോ തോന്നാതെ കേവലം നിൎവ്വികാരനായി ഉപാസനം ചെയ്യണം. അതുതന്നെ ജ്ഞാനസമ്പാദനമാൎഗ്ഗം.

അത്രൈവ തിഷ്ഠൻ ക്ഷത്രിയ!
ബ്രഹ്മാവിശതി പശ്യതി
വേദേഷു ചാനുപൂൎവ്വ്യേണ
ഏതദ്വിദ്വൻ ബ്രവീമി തേ. 21

സാരം:— പൂൎവ്വോക്തവേദധൎമ്മങ്ങളിൽ ശരിയായ അറിവും നിഷ്ഠയും സമ്പാദിച്ച ഒരാൾ ഇതേ ജന്മത്തിൽ ഇവിടെവെച്ചുതന്നെ ബ്രഹ്മത്തെ അറിയുകയും പ്രാപിക്കുകയും ചെയ്യുന്നു. അദൃഷ്ടഫലമായ കൎമ്മംപോലെയല്ല ദൃഷ്ടഫലമായ ജ്ഞാനം. ജ്ഞാനത്തിൻെറ ഫലാനുഭൂതിക്കു മറെറാരു ലോകത്തേയ്ക്കോ മറ്റൊരു ജന്മത്തേയ്ക്കോ പോവേണ്ടതില്ല. ഇപ്പോൾത്തന്നെ ഇവിടെവെച്ചുതന്നെ അനുഭവപ്പെടുന്നതാണു് ബ്രഹ്മജ്ഞാനം. അതിനാൽ ക്ഷത്രിയശ്രേഷ്ഠനായ ഹേ ധൃതരാഷ്ട്ര! ജ്ഞാനസമ്പാദനം തന്നെ ശ്രേഷ്ഠം.

# അദ്ധ്യായം 46

സനൽസുജാത ഉവാച—

യത്തച്ഛുക്രം മഹൽജ്യോതി-
ർദ്ദീപ്യമാനം മഹദ്യശഃ
തദ്വൈ ദേവാ ഉപാസതേ
തസ്മാൽ സൂര്യോ വിരാജതേ
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 1

സാരം:—സനൽസുജാതമഹർഷി വീണ്ടും പറകയാണു്: പൂർവ്വാധ്യായത്തിൽ മനസ്സുപോലും ചലിക്കാനിടവരാതെ ഉപാസിക്കണമെന്നു പറഞ്ഞു. എന്നാൽ ലക്ഷ്യസ്വരൂപം എന്തെന്നു പറഞ്ഞതുമില്ല. നാമരൂപങ്ങളും വൃത്തികളും കരണങ്ങളുമെല്ലാമടങ്ങുമ്പോഠം ശൂന്യമല്ലാതെ മററെന്താണു് ശേഷിക്കുന്നതു്, സർവ്വലയസ്വരൂപമായ ശൂന്യത്തെയാണോ ബ്രഹ്മമെന്നു പറഞ്ഞതു് എന്ന സംശയത്തിന്നു മറുപടി പറകയാണു് അദ്ധ്യായാരംഭത്തിൽ. ശൂന്യമല്ല ബ്രഹ്മം. എന്നാൽ രൂപമില്ലാത്തതിനാൽ ഇന്നപ്രകാരത്തിലുള്ളതെന്നു പറയാൻ വയ്യെന്നേയുള്ളൂ. യോഗികഠം വൃത്തിനിരോധത്തിലൂടെ ബ്രഹ്മത്തെ സാക്ഷാൽക്കരിക്കുന്നു അതുകൊണ്ടും മററനേകം ലക്ഷണങ്ങളെക്കൊണ്ടും ശൂന്യമല്ല ബ്രഹ്മമെന്നു സ്പഷ്ടമാണു്. ശുക്ലം എപ്രകാരം പ്രജയുടെ ഉൽപ്പത്തിക്കു

കാരണമാവുന്നുവോ, അതുപോലെ ഈ ബ്രഹ്മാണ്ഡമാകുന്ന ശിശുവിൻെറ ഉൽപ്പത്തിക്ക കാരണമായ ബീജമാണു് ബ്രഹ്മം. കൂടാതെ എങ്ങും നിറഞ്ഞതും ജ്യോതീരൂപവുമാണു്. എല്ലാം പ്രകാശിക്കുന്നതു ബ്രഹ്മജ്യോതിസ്സിൽ വിളങ്ങുന്നതുകൊണ്ടാണു്. എല്ലാററിൻെറയും പ്രകാശവും ഐശ്വര്യവുമെല്ലാം ബ്രഹ്മപ്രകാശവും ബ്രഹ്മൈശ്വര്യവുമാണു്. ഇന്ദ്രിയങ്ങളെ ചലിപ്പിക്കുന്നതും അവയ്ക്കു വീര്യം കൊടുക്കുന്നതും ബ്രഹ്മമാണു്. മായോപാധിസ്വരൂപനായ ഈശ്വരൻ ആനന്ദമയമായ ബ്രഹ്മത്തിൽനിന്നാണുണ്ടായതു്. ശാശ്വതവും സർവ്വൈശ്വര്യസമ്പൂർണ്ണവുമായ ബ്രഹ്മത്തെ യോഗികൾ വൃത്തിരോധസ്വരൂപമായ ജ്ഞാനംകൊണ്ടു സാക്ഷാൽക്കരിക്കുന്നു. മുൻപറഞ്ഞ തോതിൽ ഉപാസകനു വൃത്തിരോധം സംഭവിക്കുമ്പോൾ ബ്രഹ്മത്തെ സാക്ഷാൽക്കരിക്കാൻ കഴിയുകയും ചെയ്യും.

ശുക്രാൽ ബ്രഹ്മ പ്രഭവതി.
ബ്രഹ്മ ശുക്രേണ വർദ്ധതേ
തച്ഛുക്രം ജ്യോതിഷാം മദ്ധ്യേ
തപ്തം തപതി താപനം
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 2

സാരം:—ജ്യോതീരൂപവും ആനന്ദാത്മകവുമായ നിർഗ്ഗുണബ്രഹ്മത്തിൽനിന്നു് അനന്തവും അവ്യക്തവുമായ ആകാശവും അതുവഴി ജഗത്തുമുണ്ടായി. ബ്രഹ്മസാന്നിധ്യംകൊണ്ടു ജഗത്തു നിലനില്ക്കുന്നു. ജഗത്തിനെ പ്രകാ

ശിപ്പിക്കുന്ന തേജോരൂപിയായ ആദിത്യമണ്ഡലത്തിൽ പ്രകാശസ്വരൂപേണ വിളങ്ങുന്നതും ബ്രഹ്മമാണു്. ആദിത്യൻെറ തേജസ്സും ബ്രഹ്മപ്രകാശമാണു്. മറെറാന്നിനാലും പ്രകാശിപ്പിക്കപ്പെടാതെസ്വയം പ്രകാശസ്വരൂപമായ ബ്രഹ്മത്തിൻെറ സാന്നിധ്യംകൊണ്ടു് ആദിത്യൻ പ്രകാശിക്കുന്നു. ബ്രഹ്മപ്രചോദനംകൊണ്ടു വായ്വാദിഭൂതങ്ങൾ അവരുടെ ധമ്മങ്ങളിൽ തെറവുകൂടാതെ വ്യാപരിക്കുകയും ചെയ്യുന്നു. അപ്രകാരമുള്ള ശാശ്വതവും സവ്വൈശ്വര്യപരിപൂണ്ണവുമായ ബ്രഹ്മത്തെ യോഗികൾ വൃത്തിനിരോധത്തിലൂടെ സാക്ഷാൽക്കരിക്കുന്നു.

അപോഥ അദ്ഭ്യഃ സലിലസ്യ മദ്ധ്യേ
ഉഭൌ ദേവൌ ശിശ്രിയാതേ/ന്തരിക്ഷേ
അതിന്ദ്രിയഃ സവിതുർവ്വിവസ്വാ-
നഭൌ ബിഭത്തി പൃഥിവീം ദിവം ച
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 3

സാരം:—ഏകരസാത്മകമാകയാൽ സലിലമെന്നു് ഉല്ലേഖംചെയ്യാവുന്ന നിലയിലുള്ള നിർഗ്ഗുണബ്രഹ്മത്തിൽനിന്നു് ആകാശാദിപഞ്ചഭൂതങ്ങളുണ്ടായി. അവയിൽനിന്നു നാനാവിധശരീരങ്ങളുമുണ്ടായി. ശരീരങ്ങളുടെ ഹൃദയാകാശത്തിൽ ജീവനും ഈശ്വരനുമാകുന്ന രണ്ടു ദേവന്മാർ പ്രകാശിക്കാനും ഇടയായി. ശരീരത്തെയും ചിദാകാശത്തെയും അഭിമാനിക്കുന്ന ജീവേശ്വരന്മാക്കു സാക്ഷിരൂപനായി യാതൊരു ബ്രഹ്മചൈതന്യം വിളങ്ങുന്നുവോ, പഞ്ചഭൂതങ്ങളുടെയും ശരീരങ്ങളുടെയും ജീവേശ്വര

ന്മാരുടെയും ഉൽപ്പത്തിക്കും നിലനില്പിന്നും കാരണവും സാക്ഷിയുമായ പ്രസ്തുതസൎവ്വൈശ്വൎയ്യസമ്പൂൎണ്ണമായ ശാശ്വതബ്രഹ്മത്തെ യോഗികൾ വൃത്തിനിരോധംകൊണ്ടു സാക്ഷാൽക്കരിക്കുന്നു.

ഉഭൗ ച ദേവൗ പൃഥിവീം ദിവം ച
ദിശഃ ശുക്രോ ഭുവനം ബിഭൎത്തി
തസ്മാദ്ദിശഃ സരിതശ്ച സ്രവന്തി
തസ്മാൽ സമുദ്രാഃ വിഹിതാ മഹാന്തഃ
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 4

സാരം:—ബ്രഹ്മോൽപത്തികൊണ്ടും ബ്രഹ്മസാന്നിധ്യംകൊണ്ടും വീൎയ്യശാലികളും തേജോമയന്മാരുമായ ജീവനും ഈശ്വരനുമാകുന്ന രണ്ടു ദേവന്മാർ ഭൂമിയെയും സ്വൎഗ്ഗത്തെയും ദിക്കുകളെയുമെന്നുവേണ്ടാ, പ്രപഞ്ചത്തെ ഒട്ടാകെത്തന്നെയും ഭരിക്കുന്നു. ജനനമരണങ്ങളും കൎമ്മഫലാനുഭൂതികളുമെല്ലാം ജീവേശ്വരന്മാരുടെ നിയന്ത്രണത്തിലൂടെ നടക്കുന്നു. ദിക്കുകളും നദികളും അനന്തങ്ങളായ സമുദ്രങ്ങളുമെല്ലാം ബ്രഹ്മത്തിൽനിന്നുണ്ടായി. ബ്രഹ്മത്തിൽത്തന്നെ അവയെല്ലാം നില്ക്കുകയും ചെയ്യുന്നു. അപ്രകാരമുള്ള ശാശ്വതവും സൎവ്വൈശ്വൎയ്യപരിപൂൎണ്ണവുമായ ബ്രഹ്മത്തെ യോഗികൾ വൃത്തിനിരോധമാകുന്ന സാധനയുടെ വിജയത്തിലൂടെ സാക്ഷാൽക്കരിക്കുന്നു അതുപോലെ വൃത്തിനിരോധംകൊണ്ടു മററുള്ളവൎക്കും സാക്ഷാൽക്കരിക്കുകയും ചെയ്യാം.

ചക്രേ രഥസ്യ തിഷ്ഠന്തോഽ
ധ്രുവസ്യാവ്യയകമ്മണഃ
കേതുമന്തം വഹന്ത്യശ്വാ-
സ്തം ദിവ്യമജരം ദിവി
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 5

സാരം:—ശരീരമാകുന്ന രഥത്തിൻെറ ചക്രങ്ങൾ പോലെയാണു് കമ്മം. ശരീരരഥത്തിലിരിക്കുന്ന ജീവനെ വിഷയഫലങ്ങളോടടുപ്പിക്കുന്നതു കമ്മചക്രങ്ങളാണു്. ശരീരം നശിച്ചാലും കമ്മം നശിക്കുന്നില്ല. മറെറാരു ശരീരത്തിൽ ജീവനെ കൂട്ടുക്കുന്നു. ഇന്ദ്രിയങ്ങൾ കുതിരകളെപ്പോലെയാണു്. അവയാണു് ശരീരരഥത്തെ വലിക്കുന്നതെന്നു പറയണം. കമ്മത്തിൻെറ വിജയധ്വജത്തോടുകൂടി ശരീരമാകുന്ന രഥത്തിലിരുന്നു ജൈത്രയാത്രചെയ്യുന്ന ജീവനെ ഇന്ദ്രിയങ്ങളാകുന്ന കുതിരകൾ ലക്ഷ്യമാകുന്ന ബ്രഹ്മത്തോടോ അഥവാ മറെറാരു ശരീരത്തോടോ അടുപ്പിക്കുന്നു. ഇതെല്ലാം ഏതൊരു ബ്രഹ്മത്തിൻെറ മഹിമകൊണ്ടാണോ, ശാശ്വതവും സവ്വൈശ്വര്യസമ്പൂണ്ണവുമായ ആ ബ്രഹ്മത്തെ യോഗികൾ വൃത്തിനിരോധത്തിലൂടെ സാക്ഷാൽക്കരിക്കുന്നു.

ന സാദൃശ്യേ തിഷ്ഠതി രൂപമസ്യ
ന ചക്ഷുഷാ പശ്യതി കശ്ചിദേനം
മനീഷയാഽഥോ മനസാ ഹൃദാ ച
യ ഏനം വിദുരമൃതാസ്തേ ഭവന്തി.
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 6

സാരം:—ബ്രഹ്മത്തിന്നു തുല്യമായി ഒരു വസ്തുവുമില്ലാത്തതിനാൽ ഒരു വസ്തുവിനെക്കൊണ്ടും ബ്രഹ്മത്തോടു സാദൃശ്യപ്പെടുത്തി ഉദാഹരിക്കാൻ വയ്യാ. ബ്രഹ്മം ബ്രഹ്മംപോലെയെന്നല്ലാതെ മറെറാന്നും പറയാൻ വയ്യാത്തതിനാൽ ഉദാഹരണരഹിതമാണു് ബ്രഹ്മം. അങ്ങനെ തന്നെ ആക്കും ബ്രഹ്മത്തെ കണ്ണുകൊണ്ടു കാണാവുന്നതുമല്ല. സൂക്ഷ്മവേദികൾക്കല്ലാതെ ബ്രഹ്മം ഗോചരമായി ഭവിക്കുന്നില്ല. മനസ്സിനെ അടക്കിയിട്ടോ, അഥവാ സൂക്ഷ്മമാക്കിയിട്ടോ, അതുമല്ലെങ്കിൽ ഹൃദയാകാശത്തിലൂടെയോ സാക്ഷാൽക്കരിക്കാമെന്നല്ലാതെ മറെറാരു പ്രകാരത്തിൽ ആക്കും ബ്രഹ്മത്തെ അറിയാവുന്നതല്ല. എന്നാൽ ആക്കു ബ്രഹ്മത്തെ ശരിക്കറിയാൻ കഴിഞ്ഞുവോ, അവർ മുക്തന്മാരും ചരിതാത്ഥന്മാരുമായി. അപ്രകാരമുള്ള ശാശ്വതവും സർവൈശ്വര്യപരിപൂർണ്ണവുമായ ബ്രഹ്മത്തെ വൃത്തിനിരോധത്തിലൂടെ യോഗികൾ സാക്ഷാൽക്കരിക്കുന്നു.

ദ്വാദശപൂഗാം സരിതം
പിബന്തോ ദേവരക്ഷിതാം
മധ്വീക്ഷന്തശ്ച തേ തസ്യാഃ
സഞ്ചരന്തീഹ ഘോരാം
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 7

സാരം:—ചിത്താദിപൂഗം, സ്മരണാദിപൂഗം, ശ്രോത്രാദിപൂഗം, ശ്രവണാദിപൂഗം, വാഗാദിപൂഗം, വചനാദിപൂഗം, ശബ്ദാദിപൂഗം, വിയദാദിപൂഗം, പ്രാണാദിപൂഗം, ശ്വസനാദിപൂഗം, സംസ്കാരപൂഗം, സുകൃതാദിപൂ

ഗം എന്നീ പന്ത്രണ്ടു വർഗ്ഗങ്ങളാകുന്ന ജലത്താൽ നിറയപ്പെട്ട അവിദ്യാനദിയിലെ മഹാപ്രവാഹത്തിൽപ്പെട്ടു കർമ്മമാകുന്ന ഒഴുക്കിൻെറ ശക്തിയാൽ കരപററാൻ കഴിയാതെ ഒഴുകിക്കൊണ്ടിരിക്കുന്നവരും സുതദുഹിതൃധനപശ്വാദി അനുഭവിക്കുന്നവരും ദൃഗാദീന്ദ്രിയങ്ങളുടെ അധിദേവതമാരായ ആദിത്യാദി ദേവന്മാരാൽ—ഇന്ദ്രിയാനുഭവങ്ങളാൽ—നിലനിർത്തപ്പെട്ടുകൊണ്ടിരിക്കുന്ന പ്രസ്തുതനദിയിലെ ഗൃഹകുടുംബാദ്യനുഭവങ്ങളാകുന്ന മധുവിനെക്കണ്ടു കൊതിക്കുന്നവരുമായ ജീവന്മാർ ആരുടെ പ്രചോദനം ഹേതുവായിട്ടു് ഇപ്രകാരം ഭയങ്കരമായ അവിദ്യാപ്രവാഹത്തിൽതന്നെ ഊർദ്ധ്വാധോഭാഗങ്ങളിലായി സഞ്ചരിക്കുന്നുവോ, ആ ശാശ്വതമൂർത്തിയും സർവ്വൈശ്വര്യപരിപൂർണ്ണവുമായ ബ്രഹ്മത്തെ യോഗികൾ വൃത്തിനിരോധത്തിലൂടെ സാക്ഷാൽക്കരിക്കുന്നു.

തദർദ്ധമാസം പിബതി
സഞ്ചിന്ത്യ ഭ്രമരോ മധു
ഈശാനഃ സർവ്വഭൂതേഷു
ഹവിർഭൂതമകല്പയൽ
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 8

സാരം:—ജീവിതത്തിൽ ഓരോ ജീവിയും ഇവിടെ വെച്ചു ചെയ്യുന്ന കർമ്മങ്ങളുടെ ഫലങ്ങൾ ഇവിടെവെച്ചു തന്നെ അനുഭവിച്ചുതീരുന്നതിനാൽ പുനർജ്ജന്മത്തിൻെറ ആവശ്യമെന്തു്? മരണത്തോടുകൂടി ഓരോ ജീവനും മുക്തനാവാതിരിക്കാനെന്തു കാരണമെന്ന സംശയത്തിനു മറു

പടി പറകയാണു്. എല്ലായിടത്തും സഞ്ചരിക്കുന്ന സ്വഭാവമുള്ള ജീവൻ ഭ്രമരമാണെന്നു പറഞ്ഞാൽ തെററില്ല. പുഷ്പത്തിലെ മുഴുവൻ തേനും കുടിക്കുകയെന്ന സ്വഭാവം വണ്ടിനില്ലല്ലോ. അതുപോലെ കൎമ്മഫലങ്ങളെ മുഴുവൻ ഒരേ ജീവിതത്തിൽ ഇവിടെവെച്ചനുഭവിക്കുകയെന്ന സ്വഭാവം ജീവനുമില്ല. കൂടാതെ ചില കൎമ്മഫലങ്ങൾ ഈ ശരീരത്തിലിരുന്നോ, ഈ ലോകത്തിൽവെച്ചോ അനുഭവിക്കാൻ പററാത്തതാവും. അങ്ങനെയുള്ളവയെ അനുഭവിക്കാൻ അതിനു പററുന്ന സ്ഥലത്തേയ്ക്കും ശരീരത്തിലേയ്ക്കും പോവേണ്ടിയും വരും. ഇവിടെവെച്ചനുഭവിക്കാവുന്നവതന്നെ മുഴുവൻ അനുഭവിക്കപ്പെടുന്നില്ല. അതിനുള്ള അവസരവും ഇല്ല. എന്തുകൊണ്ടെന്നാൽ ജന്മാന്തരകൎമ്മങ്ങളാകുന്ന പ്രാരബ്ധങ്ങളെ അനുഭവിക്കാനാണു് ശരീരമുണ്ടായതു്. അവ അനുഭവിക്കപ്പെടുന്നതോടൊപ്പം അനേകം പുതിയ പുതിയ കൎമ്മങ്ങളെ ചെയ്യുന്നുമുണ്ടു്. പുതുതായി ചെയ്യപ്പെടുന്ന. കൎമ്മങ്ങളുടെ ഫലഭുക്തിക്കു് ഈ ശരീരം കാത്തുനില്ക്കില്ല. പ്രാരബ്ധാവസാനത്തോടെ ഇതു നശിക്കും. അപ്പോൾ പുതിയ കൎമ്മങ്ങളുടെ ഫലഭുക്തിക്കു മറെറാരു ശരീരം വേണമെന്നു വരും. അതുകൊണ്ടാണു് ജന്മങ്ങൾ വീണ്ടും വീണ്ടും ആവൎത്തിക്കപ്പെട്ടുകൊണ്ടേ ഇരിക്കുന്നതു്. കൎമ്മം അവസാനിക്കാത്തതിനാൽ ഒരു ജന്മത്തിലും മുക്തിക്കു സന്ദൎഭമാവുന്നുമില്ല. എന്നാൽ ഓരോ ജന്മത്തിലും അന്തൎയ്യാമിയായ ഈശ്വരൻ ജീവനെ സന്മാൎഗ്ഗത്തിലേയ്ക്കു പ്രേരിപ്പിക്കുന്നു. ദുൎവ്വാസനകളുടെ ശക്തിയായ പ്രചോദനത്താൽ ഈശ്വരപ്രേ

രണയെ മാനിക്കാതെ ദുർമ്മാർഗ്ഗത്തിൽത്തന്നെ ചരിക്കുന്ന തുകൊണ്ടു ജന്മപരമ്പരകൾ വർദ്ധിക്കലെല്ലാതെ ക്ഷയിക്ക ലില്ല. ദുർവ്വാസനകൾ ചുരുങ്ങുമ്പോൾ നല്ല പ്രവൃത്തിക ളെ ചെയ്തു ജ്ഞാനസമ്പാദനത്തിന്നും അതുവഴിക്കു കൈ വല്യപ്രാപ്തിക്കും ഇടയായിത്തീരുകയും ചെയ്യും. ആരുടെ സാന്നിധ്യവിശേഷംകൊണ്ടു് ഇങ്ങനെയെല്ലാം നടക്കുന്നു വോ, ശാശ്വതസ്വരൂപിയും സർവ്വസമ്പൽപരിപൂർണ്ണനു മായ ആ പരമേശ്വരനെ യോഗികൾ വൃത്തിനിരാസത്തി ലൂടെ സാക്ഷാൽക്കരിക്കുന്നു.

ഹിരണ്യപർണ്ണമശ്വത്ഥ-
മഭിപദ്യ ഹ്യപക്ഷകാഃ
തേ തത്ര പക്ഷിണോ ഭൂത്വാ
പ്രപതന്തി യഥാദിശം
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 9

സാരം:—എന്നാൽ സർവ്വൈശ്വര്യപതിയും സർവ്വ ജ്ഞനുമായ ഈശ്വരനു് എന്താണിങ്ങനെ അജ്ഞാനബ ന്ധക്ലേശങ്ങളോടുകൂടിയ ജീവത്വം കിട്ടാൻ കാരണമെന്ന സംശയത്തിന്നു മറുപടി പറയുന്നു. ഹരണസ്വഭാവങ്ങ ളായ ഭാര്യാപുത്രാദികളാകുന്ന ഇലകളുള്ളതും ക്ഷണികവു മായ അവിദ്യാവൃക്ഷത്തിൽ പക്ഷികളെപ്പോലെ വന്നു പെട്ടവരാണു് ജീവന്മാർ. വാസനാവിശേഷത്താൽ ശ രീരാദ്യുപാധികളിൽ കുടുങ്ങി സംസാരത്തിൽ വന്നുപെ ട്ടവരാണു് ജീവന്മാരെന്നു താൽപര്യം. അവക്കു് ഈ സംസാരവൃക്ഷത്തിൽത്തന്നെ അങ്ങിങ്ങു പറന്നു കളിക്കാ

നല്ലാതെ വൃക്ഷത്തിൽനിന്നു മേലോട്ടു പറക്കാൻ ചിറകിനു ശേഷിയില്ല. വാസനാപ്രാബല്യത്താൽ സംസാരത്തിൽത്തന്നെ അങ്ങിങ്ങു ചുററിത്തിരിയാനല്ലാതെ ലക്ഷ്യമാകുന്ന ബ്രഹ്മപദത്തിലേയ്ക്കു് ഉൽക്രമണം ചെയ്യാൻ പററുന്ന പ്രാണഗതിയോ വാസനാബലമോ ഇല്ലെന്നു താൽപര്യം. അതുണ്ടാവുമ്പോഠം ഉൽക്രമണംചെയ്തു ബ്രഹ്മപദത്തിലെത്തുകയും ചെയ്യും. ആരുടെ മഹിമകൊണ്ടു് ഇങ്ങനെയെല്ലാം നടക്കുന്നുവോ, ശാശ്വതസ്വരൂപിയും സർവ്വൈശ്വര്യപരിപൂർണ്ണനുമായ ആ ചിൽപുരുഷനെ യോഗികഠം വൃത്തിനിരാസമാകുന്ന മാർഗ്ഗത്തിലൂടെ സാക്ഷാൽക്കരിക്കുന്നു.

പൂർണ്ണാൽ പൂർണ്ണാന്യുദ്ധരന്തി
പൂർണ്ണാൽ പൂർണ്ണാനി ചക്രിരേ
ഹരന്തി പൂർണ്ണാൽ പൂർണ്ണാനി
പൂർണ്ണമേവാവശിഷ്യതേ
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 10

സാരം:—ഉപാധിസംബന്ധംകൊണ്ടാണു് ജീവത്വം നില്ക്കുന്നതെന്നാണു് പൂർവ്വശ്ലോകംകൊണ്ടു വന്നുകൂടിയതു്. എന്നാൽ ഉപാധിത്വവും ജീവത്വവുമൊക്കെ ബ്രഹ്മത്തിൽനിന്നന്യമല്ലെന്നിരിക്കെ അവ ബ്രഹ്മപ്രാപ്തിക്കും ബ്രഹ്മാനുഭൂതിക്കും ഇത്രമാത്രം തടസ്ഥമാവുന്നതെങ്ങനെ എന്ന ശങ്കയ്ക്കു മറുപടി പറകയാണു്. സർവ്വത്ര പരിപൂർണ്ണമായ ബ്രഹ്മത്തിൽനിന്നാണു് അവിദ്യാവശഗത്വംകൊണ്ടു ജീവന്മാരെന്ന പരിച്ഛിന്നതത്വങ്ങളുണ്ടായതു്.

പ്രാണാദികരണങ്ങളും പൂണ്ണബ്രഹ്മത്തിൽനിന്നുതന്നെയാണുണ്ടായതു്. അവയൊക്കെ പരിച്ഛിന്നങ്ങളാണെങ്കിലും ബ്രഹ്മാനുഭൂതിയില്ലാതിരിക്കുംകാലത്തോളം പൂണ്ണങ്ങളാണു്. കയറിൽ കയറിൻെറ പ്രതീതിയില്ലാതിരിക്കുംകാലത്തോളം തോന്നപ്പെടുന്ന സപ്പപ്രതീതി പൂണ്ണമാണു്. അതു നീങ്ങിയാൽ തോന്നപ്പെടുന്ന കയറിൻെറ പ്രതീതിയും പൂണ്ണമാണു്. ഒന്നു് അസത്യമാണെന്നുവെച്ചു് അതിനു പൂണ്ണതയില്ലാതിരിക്കുന്നില്ല. എല്ലാ പ്രതീതികളും ബ്രഹ്മത്തിലാണു്. ബ്രഹ്മം പൂണ്ണവുമാണു്. അതിനാൽ എപ്പോഴം ഏതിൻെറ പ്രതീതിയുണ്ടോ, അപ്പോഴം അതു പൂണ്ണമാണു്. അതിനാൽ ബ്രഹ്മഭാവം സ്മരിക്കാതിരിക്കുംകാലത്തോളം ജീവനും ഉപാധികളും കരണങ്ങളുമെല്ലാം പൂണ്ണങ്ങളാണു്. അതാണു് മുക്തിക്കു തടസ്ഥം. ഇപ്രകാരം സവ്വത്ര പൂണ്ണവും ശാശ്വതവുമായ ബ്രഹ്മത്തെ യോഗികഠം വൃത്തിനിരാസത്തിലൂടെ സാക്ഷാൽക്കരിച്ചു ചരിതാത്ഥന്മാരാവുന്നു.

തസ്മാദ്വൈ വായുരായാതഃ
തസ്മിംശ്ച പ്രയതഃ സദാ
തസ്മാദഗ്നിശ്ച സോമശ്ച
തസ്മിംശ്ച പ്രാണ ആതതഃ. 11

സാരം:—ആ പൂണ്ണബ്രഹ്മത്തിൽനിന്നുതന്നെയാണു് വായു തുടങ്ങിയ പഞ്ചഭൂതങ്ങളെല്ലാമുണ്ടായതു്. ബ്രഹ്മത്തിൽത്തന്നെ അവ സ്ഥിതിചെയ്യുകയും പ്രവത്തിക്കുകയും ചെയ്യുന്നു. ഭോക്താവായ അഗ്നിയും ഭോജ്യമായ സോമനും ഹോതാവായ ജീവനുംകൂടി ആ ബ്രഹ്മത്തിൽ

നിന്നുണ്ടായി, ആ ബ്രഹ്മത്തിൽത്തന്നെ വത്തിക്കുന്നു. എങ്കിലും ആരുംതന്നെ ബ്രഹ്മത്തെ അറിയുന്നുമില്ല.

സവ്വമേവ തതോ വിദ്യാൽ
തത്തദ്വക്തും ന ശക്നുമഃ
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 12

സാരം:—ഓരോന്നായി പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമില്ല. എല്ലാം ആ ബ്രഹ്മത്തിൽനിന്നാണുണ്ടായതു്. എല്ലാം നിലനില്ക്കുന്നതും ബ്രഹ്മത്തിൽ ത്തന്നെ. അപ്രകാരമുള്ള ശാശ്വതബ്രഹ്മത്തെ യോഗികഠം വൃത്തിനിരാസത്തിലൂടെ സാക്ഷാൽക്കരിച്ചു കൃതകൃത്യരാവുന്നു.

അപാനം ഗിരതി പ്രാണഃ
പ്രാണം ഗിരതി ചന്ദ്രമാഃ
ആദിത്യോ ഗിരതേ ചന്ദ്ര-
മാദിത്യം ഗിരതേ പരഃ
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 13

സാരം:—ബ്രഹ്മസാക്ഷാൽക്കാരത്തിനുതകുന്ന യോഗസാധനയുടെ ഒരു സാമാന്യരൂപമാണു് ഇവിടെ പറയുന്നതു്. ആദ്യംതന്നെ അപാനവായുവിനെ പ്രാണനിൽ ലയിപ്പിക്കണം കാലിൻെറ പെരുവിരൽകൊണ്ടു ഗുദദ്വാരമടച്ചു പല്ലുകഠം തമ്മിൽ തൊടാതെ അപാനനെ വലിച്ചു പ്രാണനോടു യോജിപ്പിച്ചു ഹൃദയത്തിൽ നിത്തണം. അനന്തരം പ്രാണനെ മനസ്സിലും, മനസ്സിനെ

ബുദ്ധിയിലും, ബുദ്ധിയെ ആത്മാവിലും ലയിപ്പിക്കണം. അപ്പോൾ അവിദ്യ കേവലം അടങ്ങുന്നതിനാൽ ആത്മ സാക്ഷാൽക്കാരം തടസ്ഥമില്ലാത്തതായിത്തീരും. അപ്പോൾ അറിയപ്പെടുന്ന ശാശ്വതബ്രഹ്മത്തെ യോഗികൾ വൃത്തി നിരോധത്തിലൂടെ സാക്ഷാൽക്കരിക്കുന്നു.

ഏകം പാദം നോൽക്ഷിപതി
സലിലാൽ ഹംസ ഉച്ചരൻ
തം ചേൽ സന്തതമൃത്ധ്വായ
ന മൃത്യുന്നാമൃതം ഭവേൽ.
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 14

സാരം:—പരമാത്മാവു് അല്ലെങ്കിൽ പൂർണ്ണബ്രഹ്മം അത്യന്താഗോചരവും നിത്യപരോക്ഷവുമാണെന്നിരിക്കെ യോഗാദ്യനുഷ്ഠാനംകൊണ്ടു് എന്താണു് പ്രയോജനം? നിത്യപരോക്ഷമായ വസ്തു ഏതെങ്കിലും അഭ്യാസംകൊണ്ടു് അപരോക്ഷമായിത്തീരുകയെന്നതു് അസംഭാവ്യമാകയാൽ ഉപദിഷ്ടമായ യോഗാനുഷ്ഠാനം ക്ലേശകരമായിത്തീരുന്നതല്ലാതെ പ്രയോജനകരമാവാൻ വയ്യാ എന്ന ശങ്കയ്ക്കു മറുപടി പറകയാണു്. വെള്ളത്തിൽ ആണ്ടുകിടക്കുന്ന ഹംസത്തെപ്പോലെയാണു് പരമാത്മാവു്. ശരീരോപാധിയിൽ മുഴുകി സംസാരജലത്തിൽ മുങ്ങിക്കിടക്കുകയാണു്. എന്നാൽ ആ നിലയിലും ചതുഷ്പാത്താണു്. അതിൽ മൂന്നു പാദങ്ങൾമാത്രമേ പുറമേയ്ക്കു പ്രകാശിക്കുന്നുള്ളു. ജാഗ്രൽസ്വപ്നസുഷുപ്തിതുരീയങ്ങളാകുന്ന നാലു പാദങ്ങളിൽ തുരീയമാകുന്ന ചതുർത്ഥപാദം അപ്രകാശിത

KOTTAYAM PUBLIC LIBRARY

മാണു്. ജാഗ്രദാദി മൂന്നു പാദങ്ങൾക്കും വിശ്വാദിജീവസ്വരൂപങ്ങൾക്കും വീര്യവും പ്രചോദനവും കൊടുക്കുന്നതു് ആ തുരീയപാദമാണു്. യോഗാദ്യഭ്യാസംകൊണ്ടു പ്രകാശിതങ്ങളായ മൂന്നു പാദങ്ങളെ അടക്കുമ്പോൾ ആ ചതുൎത്ഥപാദം അപരോക്ഷസ്വരൂപേണ ദൎശിക്കാറാവും. അപ്പോൾ അജ്ഞാനകൃതങ്ങളായ ബന്ധമോക്ഷങ്ങൾ എന്നന്നേയ്ക്കുമായി ഇല്ലാതായിത്തീരുകയും ചെയ്യും. യോഗികൾ വൃത്തിനിരോധമാകുന്ന മാൎഗ്ഗത്തിലൂടെ പ്രസ്തുത തുരീയപാദത്തെ സാക്ഷാൽക്കരിച്ചു ചരിതാൎത്ഥന്മാരാവുന്നു. അതിനാൽ യോഗാനുഷ്ഠാനം പ്രയോജനശൂന്യമല്ല. ജന്മസാഫല്യമാകുന്ന കൈവല്യത്തിനുപോലും കാരണമാണു് യോഗാനുഷ്ഠാനം.

അംഗുഷ്ഠമാത്രഃ പുരുഷോന്തരാത്മാ
ലിംഗസ്യ യോഗേന സ യാതി നിത്യം
തമീശമീഡ്യമനുകല്പമാദ്യം
പശ്യന്തി മൂഢാ ന വിരാജമാനം
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 15

സാരം:—അംഗുഷ്ഠമാത്രപരിമാണമുള്ള ഹൃദയപുണ്ഡരീകത്തിൽ നിറഞ്ഞിരിക്കുന്നതിനാൽ അംഗുഷ്ഠതുല്യനും ഉപാധിസംബന്ധംഹേതുവായിട്ടു കൂടസ്ഥനും സൂക്ഷ്മശരീരത്തിൻെറ സംയോഗംകൊണ്ടു ജാഗ്രദാദി അവസ്ഥകളിലേയ്ക്കും ലോകാന്തരങ്ങളിലേയ്ക്കും ദേഹാന്തരങ്ങളിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുന്നവനും അന്തര്യാമിയുമായ പ്രത്യഗാത്മാവു് ഈ ശരീരത്തിൽ എല്ലാ സമയത്തും വി

ളങ്ങിക്കൊണ്ടിരിക്കുന്നു. എല്ലാററിൻെറയും നിയന്താവും എല്ലാവക്കും ആരാധ്യനും എല്ലാററിനും സമത്ഥനും തേജോരാശിയുമായ ആ പരമേശ്വരനെ മൂഢന്മാർ അറിയുകയോ കാണുകയോ ചെയ്യുന്നില്ല. എന്നാൽ യോഗികഠം വൃത്തിനിരോധത്തിലൂടെ ആ ശാശ്വതാത്മാവിനെ സാക്ഷാൽക്കരിക്കുന്നു.

അസാധനാ വാപി സസാധനാ വാ
സമാനമേതൽ ദൃശ്യതേ മാനുഷേഷു
സമാനമേതദമൃതസ്യേതരസ്യ
മുക്താസ്തത്ര മധ്വ ഉത്സം സമാപുഃ
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 16

സാരം:—ശമദമാദിസാധനാസമ്പന്നന്മാരിലും അവയൊന്നുമില്ലാത്ത പ്രാകൃതന്മാരിലും ആത്മാവിൻെറ നിവ്വികാരതയ്ക്കോ സ്ഫുരണത്തിനോ യാതൊരു വ്യത്യാസവുമില്ല. മുക്തനിലും ബദ്ധനിലുംകൂടി വ്യത്യാസമില്ലാത്ത നിലയിലാണു് ആത്മാവിൻെറ പ്രതിഫലനം. എന്നാൽപ്പിന്നെ സാധാരണജനങ്ങളെ അപേക്ഷിച്ചു മുക്തനെന്താണു് വിശേഷമെന്നാണെങ്കിൽ പറയാം. ഉപാധിസംബന്ധവും ഉപാധികളിൽ താദാത്മ്യഭാവവും ഹേതുവായിട്ടു് ഉപാധിധമ്മങ്ങളായ സുഖദുഃഖങ്ങളും ജനനമരണങ്ങളും പുണ്യപാപങ്ങളുമെല്ലാം അനുഭവിക്കുകയും കമ്മപ്രവാഹത്തിൽ ഒഴുകുകയും ചെയ്യുന്നു സാധാരണജനങ്ങഠം. മുക്തൻെറ ഉപാധികഠം നശിച്ചിരിക്കയാൽ അവയുടെ ധമ്മങ്ങളെ അനുഭവിക്കുന്നില്ലെന്നുമാത്രമല്ല, ആ

ത്മധൎമ്മമായ പരമാനന്ദത്തിൽ എപ്പോഴും മുഴുകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതാണു് വ്യത്യാസം. അപ്രകാരമുള്ള ശാശ്വതാത്മാവിനെ യോഗികൾ വൃത്തിനിരോധമാകുന്ന അഭ്യാസത്തിലൂടെ സാക്ഷാൽക്കരിക്കുന്നു.

ഉഭൌ ലോകൌ വിദ്യയാ വ്യാപ്യ യാതി
തദാ ഹുതം ചാഹുതമഗ്നിഹോത്രം
മാ തേ ബ്രാഹ്മീ ലഘുതാമാദധീത
പ്രജ്ഞാനം സ്യാൽ നാമ ധീരാ ലഭന്തേ.
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 17

സാരം:—ബ്രഹ്മജ്ഞാനംകൊണ്ടു പൂൎണ്ണനും ചരിതാൎത്ഥനുമാവുന്നു. ആത്മലോകത്തെയും അനാത്മലോകത്തെയും മുഴുവൻ വ്യാപിച്ച അഖണ്ഡമായ അദ്വൈതജ്ഞാനംകൊണ്ടു ഞാൻ ബ്രഹ്മമാണെന്നറിയുന്ന ജ്ഞാനി തന്നിൽനിന്നു വേറെയായി ഒന്നിനെയും കാണുന്നില്ല. അങ്ങനെയുള്ള ജ്ഞാനിക്കു കൎമ്മം ചെയ്താലും ഇല്ലെങ്കിലും ഒരുപോലെയാണു്. ഒന്നും ചെയ്തില്ലെങ്കിലും ആവശ്യമുള്ള ഫലങ്ങൾ വന്നുചേരും. പലതും ചെയ്താലും ആവശ്യമില്ലാത്തവ വന്നുചേരുകയുമില്ല. അങ്ങനെയുള്ള ജ്ഞാനി ഞാൻ ബ്രഹ്മമാണെന്നു പറയുമ്പോൾ ആ വാക്കു് അതിവാദമാണെന്നു കരുതി അനാദരിക്കരുതു്. എന്തുകൊണ്ടെന്നാൽ ബ്രഹ്മജ്ഞൻ ബ്രഹ്മംതന്നെയെന്നു ശ്രുതിയുണ്ടു്. പ്രജ്ഞാനമാണു് ബ്രഹ്മസ്വരൂപമെന്നും ശ്രുതിയുണ്ടു്. അതിനാൽ ജ്ഞാനംകൊണ്ടു സൎവ്വത്ര നിറഞ്ഞവൻ ബ്രഹ്മംതന്നെ. അപ്രകാരമുള്ള വിജ്ഞാനസ്വരൂപ

മായ ബ്രഹ്മാനുഭൂതിയെ സാധകന്മാർ ധ്യാനംകൊണ്ടു സമ്പാദിക്കുന്നു. യോഗികൾ വൃത്തിനിരോധത്തിലൂടെ ശാശ്വതമായ ആ പരമൈശ്വര്യത്തെ സാക്ഷാൽക്കരിക്കുകയും ചെയ്യുന്നു.

ഏവംരൂപോ മഹാത്മാ സ
പാവകം പുരുഷോ ഗിരൻ
യോ വൈ തം പുരുഷം വേദ
തസ്യേഹാത്ഥോ ന രിഷ്യതേ
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 18

സാരം:—മുൻപറഞ്ഞ തോതിൽ വിജ്ഞാനംകൊണ്ടു് അഖണ്ഡപരിപൂർണ്ണബ്രഹ്മമായിത്തീൎന്ന മഹാത്മാവായ പുരുഷൻ ജീവനെ ആത്മാവിൽ ലയിപ്പിച്ചു കേവലസ്വരൂപനായിത്തീരുന്നു. അദ്ദേഹത്തിൻെറ ജ്ഞാനഫലമായ മോക്ഷം ഒരിക്കലും കർമ്മഫലമെന്നപോലെ നാശമുള്ളതായിത്തീരുന്നുമില്ല. പിന്നീടൊരിക്കലും ആ ജീവൻ സംസാരത്തെ അറിയാനോ അനുഭവിക്കാനോ ഇടയാവുന്നില്ല. അപ്രകാരമുള്ള കൈവല്യഫലസ്വരൂപമായ പരമാത്മാവിനെ യോഗികൾ വൃത്തിനിരോധമാകുന്ന സാധനയുടെ വിജയത്തിലൂടെ സാക്ഷാൽക്കരിക്കുന്നു.

യഃ സഹസ്രം സഹസ്രാണാം
പക്ഷാൻ സന്തത്യ സമ്പതേൽ
മധ്യമേ മധ്യ ആഗച്ഛേ-
ദപി ചേൽ സ്യാൽ മനോജവഃ

യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 19

സാരം:—ആയിരക്കണക്കിലും ലക്ഷക്കണക്കിലും ചിറകുകളോടുകൂടി മനോവേഗത്തിൽ ദൂരദൂരം പറന്നുപോയ്ക്കൊണ്ടിരിക്കുന്ന വസ്തുവും അവസാനം ഹൃദയാന്തർവർത്തിയായിരിക്കുന്ന ആത്മാവിൽ എത്തിച്ചേരുന്നു. ആത്മാവു് എല്ലാററിനെയും ആകർഷിക്കുന്നുവെന്നും എവിടെപ്പോയാലും ആത്മാവിലാണെത്തിച്ചേരുന്നതെന്നും താൽപര്യം. അപ്രകാരമുള്ള ശാശ്വതസ്വരൂപിയായ ആത്മതത്വത്തെ യോഗികൾ വൃത്തിനിരോധസ്വരൂപമായ യോഗംകൊണ്ടു സാക്ഷാൽക്കരിക്കുന്നു.

ന ദർശനേ തിഷ്ഠതി രൂപമസ്യ
പശ്യന്തി ചൈനം സുവിശുദ്ധസത്വാഃ
ഹിതോ മനീഷീ മനസാ ന തപ്യതേ
യേ പ്രവ്രജേയുരമൃതാസ്തേ ഭവന്തി.
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 20

സാരം:—ചക്ഷുരാദി ഇന്ദ്രിയങ്ങളെക്കൊണ്ടു ഗ്രഹിക്കത്തക്ക രൂപാദിവിഷയാത്മകമല്ല ആത്മതത്വം. കല്മഷങ്ങൾ നീങ്ങി ശുദ്ധസത്വാകാരമായ ചിത്തംകൊണ്ടാണു് യോഗികൾ ആത്മാവിനെ സാക്ഷാൽക്കരിക്കുന്നതു്. ഭേദബുദ്ധി നശിച്ചു് അദ്വൈതഭാവത്തിൽ ജഗത്തിന്നു ഹിതകാരിയും മനോനിഗ്രഹാദി സാധനകളിൽ സഫലപ്രയത്നനും ഗൃഹകുടുംബാദി ചിത്തവിക്ഷേപോപാധികൾ

ഹേതുവായിട്ടു താപമില്ലാത്തവനുമായിത്തീൎന്ന സാധകൻ സൎവ്വസംഗപരിത്യാഗംചെയ്തു സന്യസിക്കുമ്പോൾ ആത്മ സാക്ഷാൽക്കാരംകൊണ്ടു ചരിതാൎത്ഥനും അമൃതസ്വരൂപി യുമായിത്തീരുന്നു. അമൃതാത്മകമായ പ്രസ്തുത ആത്മസ്വ രൂപത്തെ യോഗികൾ സാക്ഷാൽക്കരിക്കുന്നു.

ഗൂഹന്തി സൎപ്പാ ഇവ ഗഹ്വരാണി
സ്വശിക്ഷയാ സ്വേന വൃത്തേന മൎത്ത്യാഃ
തേഷു പ്രമുഹ്യന്തി ജനാ വിമൂഢാഃ
യഥാƒധ്വാനം മോഹയന്തേ ഭയായ.
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 21

സാരം:— ജന്മവാസനകളെക്കൊണ്ടും പിന്നീടുള്ള ജീവിതസാഹചര്യങ്ങളെക്കൊണ്ടും സംസാരികളായ സാ ധാരണമനുഷ്യർ മിക്കവാറും ദുർവൃത്തരാണു്. മദ്യപാ നം, മാംസഭക്ഷണം, പരസ്ത്രീഗമനം തുടങ്ങിയ നീച വൃത്തികളുള്ളവർ സന്യസിച്ചുവെന്നുവന്നാലും വിശേഷ മൊന്നുമില്ല. ദുൎവ്വാസനകൾ അവരെ അലട്ടിക്കൊണ്ടി രിക്കും. അപ്പോൾ പുറമെ പ്രകാശിപ്പിക്കുന്ന ശിഷ്ട വൃത്തികളെക്കൊണ്ടു സൎപ്പം മാളത്തിലെന്നപോലെ അ വരുടെ ദുർവൃത്തികളെ മറയ്ക്കും. അങ്ങനെയുള്ളവരുടെ ബാഹ്യപ്രകടനങ്ങളാകുന്ന ശിഷ്ടാചാരങ്ങളെക്കണ്ടു മൂഢ ന്മാർ ഭ്രമിക്കുകയും അവർ ജ്ഞാനികളെന്നു തെററിദ്ധരി ക്കുകയും ചെയ്യും. പക്ഷേ അവരെ ആശ്രയിക്കുന്ന ശി ഷ്യന്മാൎക്കു നരകഭയത്തിൽനിന്നു നിവൃത്തി കിട്ടാൻപോ

വുന്നില്ല. വൃത്തിനിരോധസ്വരൂപമായ യോഗത്തിലൂടെയാണു് ശാശ്വതമായ ആത്മതത്ത്വത്തെ സാക്ഷാൽക്കരിക്കുന്നതു്.

നാഹം സദാഽസൽകൃതഃ സ്യാം ന മൃത്യു-
ന്ന ചാമൃത്യുരമൃതം മേ കുതഃ സ്യാൽ
സത്യാനൃതേ സത്യസമാനബന്ധേ
സതശ്ച യോനിരസതശ്ചൈക ഏവ
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 22

സാരം:—കാലത്രയത്തിലും ശരീരാദ്യുപാധികളാൽ ഞാൻ ബദ്ധനല്ല. ഇനി അങ്ങനെ ആവാനും പോവുന്നില്ല. ശരീരാദ്യുപാധിവിലയമാകുന്ന മൃത്യുവോ, ജന്മജരാകാരമായ ജീവിതമോ രണ്ടും എനിക്കില്ല. ഒരിക്കലും ബദ്ധനായിട്ടില്ലെന്നതിനാൽ എനിക്കെന്തു മോക്ഷമാണു്! സത്യാസത്യങ്ങൾകൂടിയും എന്നെ അപേക്ഷിച്ചേടത്തോളം തുല്യങ്ങളാണു്. എന്തുകൊണ്ടെന്നാൽ ആത്മാവാകുന്ന ഒരേ വസ്തുവിലാണു് അവ രണ്ടും തോന്നപ്പെടുന്നതു്. രണ്ടും തോന്നലാണുതാനും. അതിനാൽ അഖണ്ഡബ്രഹ്മമാകുന്ന ഞാനൊഴിച്ചു മറെറന്താണുള്ളതു്! എന്നിങ്ങനെയാണു് ജ്ഞാനികളുടെ നിശ്ചയത്തിൻെറ രൂപം. ഏതൊരാത്മാവിനെ അറിയുമ്പോൾ ഈ നിശ്ചയമുണ്ടായിത്തീരുമോ, ആ ശാശ്വതാത്മാവിനെ യോഗികൾ സാക്ഷാൽക്കരിക്കുന്നു.

ന സാധുനാ നോത അസാധുനാ വാഽ
സമാനമേതൽ ഹൃദയേ മാനുഷേഷു

സമാനമേതദമൃതസ്യ വിദ്യാ-
ദേവം യുക്തോ മധു തദ്വൈ പരീപ്സേൽ
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 23

സാരം:—സാധാരണജനങ്ങൾക്കു നന്മതിന്മകളെക്കൊണ്ടു സന്തോഷസന്താപങ്ങളുണ്ടാവും. എന്നാൽ ജീവന്മുക്തനായ ജ്ഞാനിക്കു് അങ്ങനെയൊന്നുമില്ല. എല്ലാം തുല്യമാണു്. എന്തു ചെയ്താലും ചെയ്യാതിരുന്നാലും ഒരു പോലെയാണു്. സ്വയം ബ്രഹ്മമായിത്തീൎന്നുകഴിഞ്ഞിരിക്കുന്ന ജ്ഞാനിക്കു കൎമ്മത്തിൻെറയോ പാപത്തിൻെറയോ സ്പൎശമില്ല. എന്തൊക്കെയായാലും ജ്ഞാനിക്കു ഭേദബുദ്ധിയുണ്ടാവില്ല. തൻെറ ബ്രഹ്മാനുഭൂതിക്കു തടസ്ഥമുണ്ടാവരുതെന്നേ അദ്ദേഹത്തിനു ചിന്തയുള്ളു. അപ്രകാരമുള്ള ശാശ്വതബ്രഹ്മതത്വത്തെ യോഗികൾ സാക്ഷാൽക്കരിക്കുന്നു.

നാസ്യാതിവാദാ ഹൃദയം താപയന്തി
നാനധീതം നാഹുതമഗ്നിഹോത്രം
മനോ ബ്രാഹ്മീ ലഘുതാമാദധീത
പ്രജ്ഞാം ചാസ്മൈ നാമ ധീരാ ലഭന്തേ.
യോഗിനസ്തം പ്രപശ്യന്തി
ഭഗവന്തം സനാതനം. 24

സാരം:—അനിഷ്ടങ്ങളായ നിന്ദാവചനങ്ങൾ ജ്ഞാനിയുടെ ഹൃദയത്തെ പീഡിപ്പിക്കുന്നില്ല. ഞാനിന്നു് അധ്യയനം ചെയ്തില്ലല്ലോ, അല്ലെങ്കിൽ ഹോമം ചെയ്തില്ലല്ലോ എന്ന ചിന്തയും അദ്ദേഹത്തെ തപിപ്പിക്കുന്നില്ല.

കർത്തവ്യാകർത്തവ്യങ്ങളിൽനിന്നും നന്മതിന്മകളിൽനിന്നും അതീതനാണു് ജ്ഞാനി. എന്തെങ്കിലും ചിന്ത ഉദിച്ചാൽത്തന്നെ വളരെ വേഗത്തിൽ അതു ലയിച്ചു മനസ്സു ബ്രഹ്മമായിത്തീരും. വാസ്തവത്തിൽ ജ്ഞാനികൾക്കു സങ്കല്പവികല്പമായ മനസ്സുണ്ടെന്നുതന്നെ പറയാൻ വയ്യ. ബ്രഹ്മവിദ്യാസ്വരൂപിണിയായ പ്രജ്ഞമാത്രമാണുള്ളതു്. അതു വിദ്യാഫലമാണുതാനും. ധീരന്മാരായ യോഗികൾ ഇപ്രകാരം ബ്രഹ്മവിദ്യാഫലമായ പരമജ്ഞാനത്തെ പ്രാപിക്കുന്നു. അങ്ങിനെയുള്ള ജ്ഞാനികളിൽനിന്നു വേറെയല്ലാത്ത ശാശ്വതതത്വത്തെ യോഗികൾ സാക്ഷാൽക്കരിക്കുന്നു.

ഏവം യഃ സർവ്വഭൂതേഷു
ആത്മാനമനുപശ്യതി
അന്യത്രാന്യത്ര യുക്തേഷു
കിം സ ശോചേൽ തതഃ പരം. 25

സാരം: . ഇപ്രകാരം എല്ലാ ഭൂതങ്ങളിലും ഒരുപോലെ അനുസ്യൂതമായി പ്രകാശിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മതത്വത്തെ ഗുരൂപദേശംവഴിക്കു ഗ്രഹിച്ചു ധ്യാനംകൊണ്ടു സാക്ഷാൽക്കരിച്ച ജ്ഞാനിക്കു പിന്നെയെന്തു ദുഃഖമാണു്!

യഥോദപാനേ മഹതി
സർവ്വതഃ സംപ്ലുതോദകേ
ഏവം സർവ്വേഷു ഭൂതേഷു
ആത്മാനമനുജാനതഃ. 26

സാരം:—തൃഷാർത്തനായ ഒരാൾക്കു് എപ്രകാരം ജലാശയങ്ങളിൽ ഭേദമുണ്ടാവുന്നില്ലയോ, അതുപോലെ

ആത്മജ്ഞാനസംതൃപ്തനായ ജ്ഞാനിക്കും ഗ്രന്ഥാന്തരങ്ങളിലോ സാധനാന്തരങ്ങളിലോ ഭേദബുദ്ധിയുണ്ടാവില്ല. അദ്ദേഹം ആത്മജ്ഞാനംകൊണ്ടു ചരിതാൎത്ഥനാണു്.

അംഗുഷ്ഠമാത്രഃ പുരുഷോ മഹാത്മാ
ന ദൃശ്യതേസൗ ഹൃദി സന്നിവിഷ്ടഃ
അജശ്ചരോ ദിവാരാത്രമതന്ദ്രിതശ്ച
സ തം മത്വാ കവിരാസ്തേ പ്രസന്നഃ. 27

സാരം:—ഉപാധിഗതത്വംഹേതുവായിട്ടു് അംഗുഷ്ഠമാത്രപരിമാണത്തോടുകൂടിയതും എന്നാൽ വ്യാപ്തികൊണ്ടു് എല്ലാററിലുംവെച്ച മഹത്തും ഹൃദയാന്തൎവ്വൎത്തിയുമായ ആത്മതത്വം ദൃഗാദി ഇന്ദ്രിയങ്ങളാൽ കാണപ്പെടുന്നില്ലെങ്കിലും ജന്മാദിരഹിതവും ജഗത്തിൻെറ അനിഷേധ്യനിയന്താവുമാണു്. പ്രസ്തുത ആത്മതത്വത്തെ അറിഞ്ഞ ജ്ഞാനി സന്തുഷ്ടനും ചരിതാൎത്ഥനുമാണു്.

അഹമേവ സ്മൃതോ മാതാ
പിതാ പുത്രോഽസ്മ്യഹം പുനഃ
ആത്മാഹമപി സൎവ്വസ്യ
യച്ച നാസ്തി യദസ്തി ച. 28

സാരം:—അമ്മയും അച്ഛനും പുത്രനുമായി സ്മരിക്കപ്പെട്ടതെല്ലാം ഞാൻതന്നെയാണു്. എല്ലാററിൻെറ ആത്മാവും എന്നുവേണ്ട, ഉള്ളതും ഇല്ലാത്തതും എല്ലാം ഞാൻതന്നെ എന്നാണു് ജ്ഞാനിയുടെ അനുഭവം.

പിതാമഹോസ്മി സ്ഥവിരഃ
പിതാ പുത്രശ്ച ഭാരത
മമൈവ യൂയമാത്മസ്ഥാ
ന മേ യൂയം ന വോ വയം. 29

സാരം:—വൃദ്ധനായ പിതാമഹനും പിതാവും പുത്ര ം എന്നുവേണ്ട ഞാനും നിങ്ങളുമെല്ലാം ഒന്നുതന്നെ. രധ്യാരോപങ്ങൾ അസത്യങ്ങളാകയാൽ അധിഷ്ഠാനമാ ബ്രഹ്മംമാത്രം. അതു് ഏകവും അദ്വൈതവുമാണു ാനും.

ആത്മൈവ സ്ഥാനം മമ ജന്മ ചാത്മാ
ഓതപ്രോതോഹമജരപ്രതിഷ്ഠഃ
അജശ്ചരോ ദിവാരാത്രമതന്ദ്രിതോഹം
മാം വിജ്ഞായ കവിരാസ്തേ പ്രസന്നഃ. 30

സാരം:—എന്റെ സ്ഥാനവും ജന്മവുമെല്ലാം ആ മാവുതന്നെ. വസ്ത്രത്തിൽ നൂലെന്നപോലെ ആത്മാവു ന്നെ എന്നിൽ സർവ്വമായിരിക്കുന്നു. ഞാൻ അജനും ഗത്തിന്റെ നിയന്താവുമാണു്. എന്നെ അറിഞ്ഞാൽ വിയും സന്തുഷ്ടനുമാവും.

അണോരണീയാൻ സുമനാഃ
സർവ്വഭൂതേഷു ജാഗ്രതി
പിതരം സർവ്വഭൂതേഷു
പുഷ്കരേ നിഹിതം വിദുഃ. 31

സാരം:—ഞാൻ സഗുണനും നിർഗ്ഗുണനും സർവ്വചരാ രങ്ങളുടെയും അന്തര്യാമിയും എല്ലാററിന്റെയും ഉൽ ത്തിക്കു ഹേതുവുമാണു്. അപ്രകാരമുള്ള ഞാനാകുന്ന ത്മതത്വത്തെ വിചാരംകൊണ്ടറിഞ്ഞു ധ്യാനംകൊണ്ടു ാക്ഷാൽക്കരിക്കുമ്പോൾ കൃതകൃത്യനാവും.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M 294 Acc. No. 38083

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 50 Ps. per day will be charged

M 294.
NJA-S

38083

ശുദ്ധാനന്ദ സരസ്വതി

~~[illegible]~~

സനൽ സുജാതീയം

KOTTAYAM PUBLIC LIBRARY

Call No M 294 Acc. No 38083

Author [illegible]

Title [illegible]

Indic Digital Archive Foundation

gpura.org